
# സത്യദൂതൻ

2016 ആഗസ്റ്റ് | ലക്കം 8

വില ₹ 30




## മനുഷ്യഭാഷ:
## ഒരു നിഗൂഢ യാഥാർത്ഥ്യം

## ദമ്മാജ് സലഫിസം:
## മുജാഹിദ് പ്രസ്ഥാനത്തിന്റെ വിചിത്ര പരിണാമങ്ങൾ!

# പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.
























The Sathyadoothan Monthly

لا إله إلا الله محمد رسول الله


# സത്യദൂതൻ

2016 ആഗസ്റ്റ്
ഹി.ശ.1396 – സുഹൂർ
1437 ശവ്വാൽ – ദുൽക്കഅദ്
പുസ്തകം 88 ലക്കം 8
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**അലസത വെടിയൂ, പരിശ്രമം ശീലമാക്കൂ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) ടബെത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**11**
**കൺഫ്യൂഷനിസം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ചൈനീസ് സംസ്കാരത്തെ അഗാധമായി സ്വാധീനിച്ച അല്ലാഹുവിന്റെ പ്രവാചകനാണ് കൺഫ്യൂഷസ് (ക്രി.മു 550 –478). ദൈവത്തിൽ നിന്നുള്ള വെളിപാടുകൾകൊണ്ട് അനുഗൃഹീതനായ കൺഫ്യൂഷസിന്റെ അധ്യാപനങ്ങളുടെ സാരം വിവരിക്കുന്നു.




**18**
**മനുഷ്യഭാഷ: ഒരു നിഗൂഢ യാഥാർഥ്യം**
എ. എം. മുഹമ്മദ് സലീം
മനുഷ്യഭാഷ ശാസ്ത്രത്തിന് മുന്നിൽ കുരുക്കഴിക്കാൻ കഴിയാത്ത ഒരു നിഗൂഢ പ്രതിഭാസമായി നിൽക്കുന്നു. ദൈവമാണ് മനുഷ്യന് ഭാഷണ സിദ്ധിയും ഭാഷയും നൽകിയത്. മനുഷ്യന് ദൈവപ്രോക്തമായ ഒരു മൂലഭാഷ ആവശ്യമാണെന്ന് യുക്തിയും അനുഭവങ്ങളും ആവശ്യപ്പെടുന്നു. .

**23**
**ഹദ്റത്ത് അബൂബക്കർ (റ) വിശുദ്ധ ഖുർആനിൽ**
ഡോ. എസ്. ഷഹാബ് അഹ്മദ്

**29**
**അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക്**
അലൻ പിം സ്മിത്ത്

**34**
**നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത്**
മുഹമ്മദ് ഉമർ എച്ച്. എ

**39**
കുറിപ്പുകൾ
**ദമ്മാജ് സലഫിസം: മുജാഹിദ് പ്രസ്ഥാനത്തിന്റെ വിചിത്ര പരിണാമങ്ങൾ!**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ:** 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed

## വിശുദ്ധ ഖുർആനിൽ നിന്ന്



പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. ആ പരമകാരുണികൻ അവൻ ഖുർആൻ പഠിപ്പിച്ചു. അവൻ മനുഷ്യനെ സൃഷ്ടിച്ചു. അവനെ ഭാഷണം പഠിപ്പിക്കുകയും ചെയ്തു. (55: 1 5)



## നബിവചനം

മനുഷ്യരിൽ വിശ്വാസം ജനിപ്പിക്കുവാൻ പര്യാപ്തമായ ഒരമാനുഷിക ദൃഷ്ടാന്തം പ്രകടിപ്പിച്ചു കഴിഞ്ഞിട്ടില്ലാത്ത ഒരൊറ്റ പ്രവാചകനും ഉണ്ടായിട്ടില്ല. അക്കൂട്ടത്തിൽ എനിക്ക് ലഭിച്ചത് അല്ലാഹുവിങ്കൽ നിന്നുള്ള ബോധന (ഖുർആൻ) മത്രെ. അതുകൊണ്ട് പുനരുത്ഥാന ദിവസം അവരുടെ കൂട്ടത്തിൽ ഏറ്റവുമധികം അനുയായികളുള്ളയാൾ ഞാനായിരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



എന്നെ ആരാധിക്കാൻ വേണ്ടിയാണ് ഞാൻ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് (വി. ഖുർആൻ 51:57) എന്ന വചനം മനുഷ്യ സൃഷ്ടിയുടെ യഥാർഥ ലക്ഷ്യവും അവന്റെ കഴിവുകളെ സംബന്ധിച്ചും പ്രഖ്യാപനം ചെയ്യുന്നു. ഇതേ രീതിയിലും തരത്തിലും മനുഷ്യന്റെ യഥാർഥ ഭാഷയും ദൈവസൃഷ്ടിയുടെ ഭാഗവുമായ അറബി ഭാഷയും അതിന്റെ യഥാർഥ ഉദ്ദേശ്യത്തെപ്പറ്റി സ്വയം പ്രഖ്യാപിക്കുന്നു. ഭാഷാസൃഷ്ടിയുടെ അനുസന്ധാനത്തോടുകൂടിയാണ് മനുഷ്യ സൃഷ്ടി പൂർണ്ണതയിലും പാരമ്യതയിലും എത്തുന്നതെന്നത് തർക്കമറ്റതാണ്. ആയതിനാൽ മാനുഷതയുടെ യഥാർഥ സൗന്ദര്യം മനുഷ്യന്റെ ഭാഷണ വിശേഷമാകുന്നു. ഭാഷണകല അതിന്റെ എല്ലാ അനിവാര്യതയോടും കൂടി മനുഷ്യനെ അനുധാവനം ചെയ്യുമ്പോൾ മാത്രമേ മാനുഷതക്ക് ദാർഢ്യം കൈവരൂ എന്ന പ്രസ്താവത്തിൽ യാതൊരു അതിശയോക്തിയുമില്ല.

മനുഷ്യൻ എന്താണ് എന്നതിനെ കുറിച്ച് നാം ഗാഢമായി ചിന്തിക്കുമ്പോൾ അവൻ ഇതരജീവികളിൽ നിന്ന് വ്യത്യസ്തമായ മറ്റൊരു ജീവിയാകുന്നത് അവന്റെ ഭാഷണ സിദ്ധി കൊണ്ട് മാത്രമാണ് എന്ന് മനസ്സിലാവുന്നു. ഭാഷണശേഷിയാണ് മനുഷ്യന്റെ അടിസ്ഥന യാഥാർഥ്യം എന്നതാണ് ഇത് കാണിക്കുന്നത് മറ്റ് കഴിവുകൾ ഈ അടിസ്ഥന യാഥാർഥ്യത്തിന് സഹായകരവും അതിനെ സേവിക്കുന്നതുമാണ് (മിനനുർറഹ്മാൻ)

എഡിറ്റോറിയൽ

# ഭാഷണം: ദൈവത്തിന്റെ വരദാനം

മനുഷ്യന്റെ സമസ്ത പുരോഗതിക്കും നിദാനം അവന്റെ ആശയ വിനിമയോപാധിയായ ഭാഷയാണ്. ഭാഷണം നിർവഹിക്കാനുള്ള അവയവങ്ങളും മനുഷ്യമനസ്സിലും അവന്റെ ജനിതക ഘടനയിലും സാമൂഹിക ബോധത്തിലും ഉള്ളടങ്ങിനിൽക്കുന്ന ഭാഷണസിദ്ധിയും സർവോപരി എല്ലാ ലോക ഭാഷകളുടേയും മാതൃസ്ഥാനത്ത് പ്രതിഷ്ഠിക്കാൻ യോഗ്യമായ അർഥ സമ്പുഷ്ടമായ ഒരു മൂല ഭാഷയും മനുഷ്യന് നൽകിയത് ദൈവമാണ്. ശ്വാസോച്ഛ്വാസം ചെയ്യുന്നത് പോലെ മനുഷ്യൻ നിരന്തരം നിർവഹിക്കുന്ന ഒരു വ്യവഹാരം എന്ന നിലക്ക് പലരും ഭാഷണ സിദ്ധിയുടെയും ഭാഷണ കലയുടേയും അനുഗ്രഹവും പ്രാധാന്യവും മനസ്സിലാക്കുന്നില്ല. ആധുനിക ഭാഷാശാസ്ത്രം പോലും ഭാഷയുടേയും ഭാഷണ സിദ്ധിയുടേയും അതീവ സങ്കീർണതയും ദുരൂഹതയും കണ്ട് അമ്പരന്ന് നിൽക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

***നിരുപാധികം കരുണ ചെയ്യുന്ന ദൈവം (അർറഹ്മാൻ), അവൻ ഖുർആൻ പഠിപ്പിച്ചു. മനുഷ്യനെ (സാമൂഹ്യജീവിയായ മനുഷ്യനെ ഇൻസാൻ) സൃഷ്ടിക്കുകയും അവന് ഭാഷണ സിദ്ധിയോടു കൂടിയ ആശയ പ്രകടന രീതി (ബയാൻ) പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. (വി. ഖുർആൻ സൂറ: റഹ്മാൻ 55: 24)***

മനുഷ്യശിശു ഭാഷണ കല അഭ്യസിക്കുന്നത് നോക്കി മനുഷ്യ സമുഹത്തിന്റെ ഭാഷോൽപത്തിയെക്കുറിച്ച് പഠിക്കാനാകുമെന്ന് ഭാഷാശാസ്ത്രം പറയുന്നു. ഭാഷാ സംബന്ധിച്ചു പഠിക്കൽ ഒരു അഭ്യസ്ത വൃത്തിയാണ് (Learned Behaviour). മാതാപിതാക്കന്മാരും സമൂഹവും ഇല്ലാതെ മനുഷ്യ ശിശു ഭാഷ പഠിക്കുന്നില്ല. പുരാതന മനുഷ്യന്റെ ഭാഷ പോലും അതീവ ഗഹനവും വിസ്മയാവഹവുമാണ്. നല്ല പണിയായുധങ്ങൾ പോലും ഉണ്ടാക്കാനുള്ള സാങ്കേതിക ബുദ്ധി ആർജിക്കാത്ത പുരാതന മനുഷ്യൻ അതി സങ്കീർണവും ധൈഷണികമായി ഉന്നത രൂപത്തിൽ സംഘടിക്കപ്പെട്ട സ്വനസമൂഹങ്ങളുള്ളതുമായ ഭാഷ സ്വയം കണ്ടു പിടിച്ചു പ്രയോഗിച്ചു എന്ന് പറയുന്നത് യുക്തിസഹമല്ല. എങ്കിൽ പിന്നെ ആരാണ് മനുഷ്യന് പ്രാഥമിക ഭാഷ പഠിപ്പിച്ചത്? ഈ പ്രസക്തമായ ചോദ്യം ആധുനിക ഭാഷാ ശാസ്ത്രജ്ഞന്മാരെ പോലും കുഴക്കുന്നു. ഇതിന്മുമ്പ് അവർ ആവിഷ്ക്കരിച്ച ശുഷ്ക്കവും യുക്തിരഹിതവും അസംബന്ധ ഭൗതിക വാദങ്ങൾ നിറഞ്ഞതുമായ ഭാഷാ സിദ്ധാന്തങ്ങൾ എല്ലാം ഇന്ന് ഭാഷാശാസ്ത്രം തള്ളിക്കളഞ്ഞിരിക്കുന്നു. എൻസൈക്ലോ പീഡിയ ബ്രിട്ടാനിക്കയിൽ Languge എന്ന ശീർഷകത്തിൽ പറഞ്ഞത് ശ്രദ്ധേയമാണ്. ഭാഷയുടെ ഉദ്ഭവത്തെ സംബന്ധിച്ചുള്ള ആത്യന്തികമായ വസ്തുതയെക്കുറിച്ച് പലവിധ അഭ്യൂഹങ്ങളും പ്രചാരത്തിലുണ്ട്. ഭാഷാശാസ്ത്രജ്ഞന്മാരിലുള്ളതിനേക്കാൾ കൂടുതൽ ദാർശനികന്മാർക്കിടയിലാണ് ഇത് കണ്ട് വരുന്നത്. പല പണ്ഡിതന്മാരും പൊതുവേ പ്രചാരത്തിലിരിക്കുന്ന സിദ്ധാന്തങ്ങളുടെ അപര്യാപ്തതയെക്കുറിച്ച് ബോധവാന്മാരാണ്. അത്തരം വിശദീകരണങ്ങളെല്ലാം ഉപേക്ഷിച്ച് ഇക്കാര്യത്തിൽ മതപരമായ വിശ്വാസത്തിലേക്ക് സ്വാഭാവികമായി നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആ വിശ്വാസം എന്താണെന്നോ? ആദ്യ ഭാഷ ദൈവം നേരിട്ട് മനുഷ്യന് നൽകുകയാണുണ്ടായത് എന്നതാകുന്നു. (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക. പേ, 702) ***അവൻ ആദമിന് എല്ലാ നാമങ്ങളും പഠിപ്പിച്ചു (2:232)*** എന്ന ഖുർആൻ വചനവും ഭാഷയുടെ ദൈവോൽപത്തിയിലേക്കാണ് വെളിച്ചം വീശുന്നത്.

ആധുനിക ഭാഷാ ശാസ്ത്രം പിറവി കൊള്ളുന്നതിന് ഒരു നൂറ്റാണ്ടു മുമ്പ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഭാഷയുടെ നിഗൂഢ യാഥാർഥ്യങ്ങൾ അനാവരണം ചെയ്തു കൊണ്ട് അറബി ഭാഷയെ ഉപജീവിച്ചു എഴുതിയ ഉജ്ജ്വല കൃതിയാണ് ***മിനനുർറഹ്മാൻ.*** ഭാഷയെ സംബന്ധിച്ച എല്ലാ സമസ്യകൾക്കും ഈ ഗ്രന്ഥം യുക്തമായ മറുപടിയാണ് നൽകുന്നത്.



ഹദ്റത്ത് അഹ്മദ് (അ)

# ഭാഷ മനുഷ്യന്റെ കണ്ടുപിടുത്തമല്ല

ഭാഷ മനുഷ്യന്റെ കണ്ടുപിടുത്തമാണെന്ന് പറയുന്നത് ശരിയല്ല. സമ്പൂർണമായ തന്റെ ശക്തികളാൽ മനുഷ്യനെ സൃഷ്ടിക്കുകയും അവന് സംസാരിക്കാൻ കഴിയുമാറ് ഒരു നാവ് നൽകുകയും ചെയ്ത സർവശക്തനായ ദൈവമാണ് ഭാഷകളുടെ സ്രഷ്ടാവും ഉപജ്ഞാതാവും. ഭാഷ മനുഷ്യന്റെ കണ്ടുപിടുത്തമായിരുന്നുവെങ്കിൽ ഒരു കുഞ്ഞിനെ സംസാരിക്കാൻ പഠിപ്പിക്കേണ്ടിവരുമായിരുന്നില്ല. ശിശു പക്വതയിലേക്ക് വളർന്നെത്തുന്നതോടൊപ്പം അതിന്റെ സ്വന്തമായ സംസാര രീതിയും അത് കണ്ടെത്തിയിരിക്കും. എന്നാൽ കുഞ്ഞിനെ സംസാര രീതി പഠിപ്പിക്കാത്ത പക്ഷം അതിന് സംസാരിക്കാൻ കഴിയില്ലെന്ന കാര്യം സ്പഷ്ടമാണ്. ഗ്രീക്ക് വനാന്തരങ്ങളിലോ ബ്രിട്ടീഷ് ദ്വീപുകളിലോ ഭൂമദ്ധ്യരേഖാ പ്രദേശങ്ങളിലോ എന്ന്വേണ്ട ഭൂമുഖത്ത് എവിടെ വളർത്തപ്പെട്ടാലും ശരി സംസാര കല അതിനെ അഭ്യസിപ്പിച്ചിരിക്കണം. അല്ലാത്ത പക്ഷം ശിശുവിന് സംസാരിക്കാൻ കഴിവുണ്ടായിരിക്കയില്ല.

മനുഷ്യന്റെ സ്വാധീനത്താൽ ഭാഷകൾ മാറ്റങ്ങൾക്ക് വിധേയമാകുന്നുവെന്ന ധാരണ മിഥ്യയാണ്. ബോധപൂർവമായ മാനുഷിക യത്നത്തിന്റെ ഫലമല്ല ഭാഷയിൽ ഉളവാകുന്ന മാറ്റങ്ങൾ. ചില പ്രത്യേക ഘട്ടങ്ങളിൽ ഭാഷയിൽ ഉളവാകുന്നതിന്ന് മനുഷ്യ മനസ്സിനെ സജ്ജമാക്കാമെന്ന് കരുതാവുന്ന നിയമങ്ങളോ തത്ത്വങ്ങളോ ഇല്ലതാനും. ഭൗമികമോ അഭൗമികമോ ആയ എല്ലാ മാറ്റങ്ങളിലുമെന്നപോലെ ഭാഷകളിലുണ്ടാകുന്ന മാറ്റങ്ങളിലും ദൈവേച്ഛയുടെ പ്രതിഫലനം ആഴത്തിൽ ദൃശ്യമാണ്.

ലോകത്തിൽ സംസാരിക്കപ്പെട്ടു വരുന്ന വിവിധ ഭാഷകൾ ഒരു പ്രത്യേക ഘട്ടത്തിൽ മനുഷ്യരാശി ഒന്നിച്ചോ വിവിധ വിഭാഗക്കാർ വേറെവേറെയോ കണ്ടുപിടിച്ചതാണെന്ന് തെളിയിക്കാനോ സ്ഥാപിക്കാനോ സാദ്ധ്യമല്ല. ഭാഷകളിൽ നിരന്തരം മാറ്റങ്ങൾ ഉണ്ടാക്കുന്ന ദൈവത്തിന് ഒരു വെളിപാടിന്റെ ആവശ്യം ഇല്ലാതെ തന്നെ ഭാഷയുടെ തുടക്കം കുറിച്ചുവെന്നു കരുതപ്പെടാതിരിക്കാനുള്ള കാരണമെന്താണ്? ആരംഭത്തിൽ തന്റെ ശക്തിയിൽ എല്ലാം ലളിതമായി സൃഷ്ടിക്കുകയായിരുന്നു എന്നതാണ് ഇതിനുള്ള ഉത്തരം. ആകാശം, ഭൂമി, ചന്ദ്രൻ, മാനുഷിക പ്രകൃതം എന്നിവയുടെയും മറ്റെല്ലാത്തിന്റേയും ആരംഭം സ്രഷ്ടാവും തുടക്കവും ഭൗതികമായ സ്വാധീനങ്ങളൊന്നുമില്ലാതെ തികച്ചും പരിശുദ്ധമായ ദൈവിക ശക്തിയിലൂടെയാണുണ്ടായതെന്ന് വ്യക്തമാക്കുന്ന ദൈവം എന്തെല്ലാം സൃഷ്ടിച്ചുവോ അതെല്ലാം മനുഷ്യ സങ്കൽപ്പങ്ങൾക്കതീതമായ ഒരു ആത്യന്തിക ശക്തിയുടെ പ്രകടന രൂപങ്ങളാണ്.

ഇന്നത്തെ ഉപാധികൾ സൃഷ്ടിയുടെ ആരംഭത്തിലോ ഉത്ഭവത്തിനോ കാരണമായിതീരാൻ ന്യായമില്ല. ഉദാഹരണമായി ഇന്ന് മാതാപിതാക്കന്മാരില്ലാതെ ഒരു ശിശുവിന്ന് ജന്മം കൊള്ളാൻ സാദ്ധ്യമല്ല. എന്നാൽ സൃഷ്ടിയുടെ തുടക്കത്തിൽ മാതാപിതാക്കൾ അനിവാര്യമാണ് എന്ന സ്ഥിതിവിശേഷം നിലനിന്നിരുന്നുവെങ്കിൽ മനുഷ്യ വംശത്തിന്റെ ആരംഭം തന്നെ അസാധ്യമായേനെ. ഭാഷകളിൽ യഥാകാലങ്ങളിൽ സ്വാഭാവികമായുണ്ടാകുന്ന മാറ്റങ്ങളും ആദിയിൽ ജനനം കൊണ്ട ഭാഷക്കും തമ്മിൽ ഇരുലോകങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളുണ്ട്. ഇവ രണ്ടും തികച്ചും വിഭിന്നങ്ങളാണ്. (ബറാഹീനെ അഹ്മദിയ്യ. പേ. 336)



അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# അലസത വെടിയൂ, പരിശ്രമം ശീലമാക്കൂ

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പ്രയത്നത്തിന്റേയും പരിശ്രമത്തിന്റേയും ശീലവും ആരോഗ്യം നിലനിറുത്തുന്നതിനും ശരീരത്തെ ഉന്മേഷത്തോടെ വെക്കുന്നതിനുള്ള മുറകൾ എന്തായിരുന്നു? ഇത് വിശദികരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:"അദ്ദേഹം ഒരിക്കലും മടിയുള്ള ആളായിരുന്നില്ല. പ്രത്യുത കഠിനാധ്വാനിയായിരുന്നു. ഏകാന്തതയെ സ്നേഹിക്കുന്ന ആളായിരുന്നിട്ടും പരിശ്രമത്തെകുറിച്ച് ഒരിക്കലും അസ്വസ്തനായിരുന്നില്ല. അദ്ദേഹത്തിന് എപ്പോഴെങ്കിലും യാത്രപോകേണ്ടിവന്നാൽ യാത്രാവാഹനമായ കുതിരയെ ജോലിക്കാരന്റെ ഏൽപ്പിച്ച് മുമ്പേ പറഞ്ഞു വിടും. എന്നിട്ട് 20,25 മൈൽ നടന്ന് ഉദ്ദിഷ്ട സ്ഥാനത്തെത്തുമായിരുന്നു. എന്നല്ല മിക്കപ്പോഴും അവിടന്ന് നടക്കുകതന്നെയായിരിന്നു പതിവ്. യാത്രാവാഹനത്തിൽ വിരളമായേ കയറാറുള്ളു. അവസാന കാലം വരെ ഈ ശീലം നിലനിന്നിരുന്നു. 70 വർഷമായി തുടർച്ചയായിട്ട് ചിലപ്പോൾ കഠിനമായ രോഗം ഉള്ളപ്പോഴും നിത്യവും കാറ്റുകൊള്ളാൻ പോകുമായിരുന്നു. നാലഞ്ച് മൈൽ ചുറ്റിക്കറങ്ങി വരുമായിരുന്നു. ചിലപ്പോൾ ഏഴുമൈൽവരെ നടക്കുമായിരുന്നു. വാർധക്യത്തിനു മുമ്പേയുള്ള അവസ്ഥ അവിടന്ന് വിവരിക്കാറുണ്ടായിരുന്നു. ചിലപ്പോൾ സുബ്ഹി നമസ്കാരത്തിനു മുമ്പേ എഴുന്നേറ്റ് നടക്കാൻ പോകുമായിരുന്നു. ഖാദിയാനിൽനിന്ന് ഏകദേശം ഏഴരകിലോമീറ്റർ ദുരത്തുള്ള ഡാല ഗ്രാമം വരെ എത്തുമ്പോഴായിരിക്കും സുബ്ഹിയുടെ നേരമാകുക.''

അതിനാൽ ഈ മാതൃകയാണ് നമുക്കുള്ളത്; പ്രത്യേകിച്ചും അല്ലാഹുവിനുവേണ്ടി ജീവിതാർപ്പണം ചെയ്തിട്ടുള്ള വാഖ്ഫീനെ സിന്ദഗിയായിട്ടുള്ളവർക്ക്. അവരാണല്ലോ ജമാഅത്തിന്റെ മുഖ്യ സേവകർ. അവരിൽ പ്രഥമ സ്ഥാനീയർ മുറബ്ബിമാരാണ്. അവർ ആരോഗ്യം നിലനിറുത്തുന്നതിനും സഹനശീലമുണ്ടാക്കുന്നതിനും വ്യായാമത്തിന്റെയും അല്ലെങ്കിൽ നടക്കാൻപോകുന്നതിന്റെ കൃത്യമായ ശീലമുണ്ടാക്കേണ്ടതാണ്. സമയക്കുറവുകൊണ്ടോ മറ്റെന്തെങ്കിലും കാരണത്താലോ നടക്കാൻപോകാൻ കഴിയുന്നില്ലെങ്കിൽ കുറച്ചുസമയം വ്യായാമത്തിനായി നീക്കിവെക്കേണ്ടതാണ്.

നമ്മുടെ മുറബ്ബിമാർ അല്ലെങ്കിൽ വാഖ്ഫീനെ സിന്ദഗിമാർ ഏതെങ്കിലും തരത്തിലുള്ള വ്യായാമം നിർബന്ധമായും ചെയ്യേണ്ടതാണ്. രണ്ടാമത്തേത് ഈ പാശ്ചാത്യ രാജ്യങ്ങളിൽ അനാരോഗ്യപരമായ ഭക്ഷണവും സുലഭമാണ്. അത് കഴിക്കാതിരിക്കേണ്ടതാണ്. അല്പമൊക്കെ ഭക്ഷണം പാകം ചെയ്യാനും മുറബ്ബിക്ക് അറിവുണ്ടാകേണ്ടതാണ്. ഇത് ഞാൻ വെറുതെ നിങ്ങളെ ഉപദേശിക്കുകയല്ല ചെയ്യുന്നത്. അല്ലാഹുവിന്റെ കൃപയാൽ ഞാൻതന്നെയും കൃത്യമായും വ്യായാമം ചെയ്യാറുണ്ട്. എന്തായാലും നമുക്ക് ആരോഗ്യമുള്ള വാഖ്ഫീനെ സിന്ദഗിയേയും മുറബ്ബിമാരേയുമാണ് ആവശ്യമുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ അവർ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. അവർ തങ്ങളുടെ ജോലി നല്ലനിലയിൽ നിർവഹിക്കുന്നതിന് അശ്ര

ദ്ധരും അലസരുമാകാൻ പാടില്ല.

തങ്ങളുടെ നന്മയുടെ അവസ്ഥ ഒരുപോലെയാകുന്നില്ലെന്ന് പറഞ്ഞ് ചിലപ്പോൾ ചിലയാളുകൾ വലിയ ആശങ്ക പ്രകടിപ്പിക്കാറുണ്ട്; ഇതിന്റെ അടിസ്ഥാനത്തിൽ നന്മ എന്തുകൊണ്ട് കുറഞ്ഞു എന്നതിനെ സംബന്ധിച്ച് ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ആ അവസ്ഥ കൂടുതൽ നിലനില്ക്കരുതെന്ന ചിന്തയുണ്ടാകണം. അതിന്റെ ചികിത്സയെ കുറിച്ച് ചിന്തിക്കണം. എന്തായാലും ഇത് വളരെ നല്ല കാര്യമാണ്. പക്ഷേ, ചിലപ്പോൾ ഇത് തിന്മയൊന്നും ആകാതെയുമിരിക്കാം. എന്നല്ല കൂടുതൽ നന്മയുടേയും കുറഞ്ഞ നന്മയുടേയും അവസ്ഥ വന്നുംപോയുമിരിക്കും. നബി(സ)തിരുമേനിയുടെ അടുക്കൽ ഒരു സ്വഹാബി വന്നു. താൻ മുനാഫിഖാണെന്ന് അയാൾ പറഞ്ഞു. ഞാൻ താങ്കളുടെ അടുത്ത് മജ്ലിസിൽ ഇരിക്കുമ്പോൾ എന്റെ അവസ്ഥ വേറൊന്നായിരിക്കും. താങ്കളുടെ മജ്ലിസിൽ നിന്നെഴുന്നേറ്റു പോകുമ്പോൾ എന്റെ അവസ്ഥ മറ്റൊന്നായിരിക്കും. അതായത് അങ്ങയുടെ സവിധത്തിൽ ഇരിക്കുമ്പോഴുള്ള നന്മയുടേയും മനഃപരിശുദ്ധിയുടേയും അവസ്ഥ വേറെ സ്ഥലത്താകുമ്പോൾ ഉണ്ടാകുന്നില്ല. നബി(സ)തിരുമേനി പറഞ്ഞു, 'ഇതാണ് മുഅ്മിന്റെ അടയാളം, താങ്കൾ മുനാഫിഖല്ല.'

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഈ ചിന്താഗതിയായിരുന്നു സ്വഹാബാക്കളുടേത്. ഈ ബോധമുണ്ടാകുമ്പോൾ മനുഷ്യൻ ദുആയും ഇസ്തിഗ്ഫാറുംകൊണ്ട് തന്റെ അവസ്ഥ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണ്.

നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ഭാഗ്യവാന്മാരായിരുന്നു. തങ്ങളുടെ അവസ്ഥയിൽ ചിന്തിച്ച് ആശങ്കാകുലരാകുമ്പോൾ അവിടത്തെ തിരുസന്നിധയിൽ ഹാജരാകുമായിരുന്നു. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധ ശക്തിപ്രഭാവംകൊണ്ട് തങ്ങളെ ശുശ്രൂഷിപ്പിക്കുമായിരുന്നു. പക്ഷേ, നമ്മൾ ഈ ചിന്തയിലിരുന്നുകൊണ്ട് നമ്മുടെ ആരാധനകളുടേയും ദുആകളുടേയും ഇസ്തിഗ്ഫാറിന്റേയും മാർഗത്തെ എപ്പോഴും സ്വീകരിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇതുമുഖേന നമ്മുടെ ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. നമുക്ക് സംശയമുണ്ടെങ്കിലും ആ സംശയവും അശ്രദ്ധയെക്കാൾ ഉത്തമമാണ്. കാരണം ചില സന്ദർഭങ്ങളിൽ അശ്രദ്ധ അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടു പോകാറുണ്ട്. പിന്നീട് മെല്ലെ മെല്ലെ ദീനിൽനിന്നും നമ്മൾ അകന്നുപോകുന്നു. പിന്നീട് അത് ചികിത്സയില്ലാത്ത ആത്മീയ രോഗമായി മാറുന്നു. ഇങ്ങനെ നോക്കുമ്പോൾ വളരെയധികം ശ്രദ്ധ ആവശ്യമാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരിക്കൽ ഒരു വിഷയം വിവരിക്കുകയായിരുന്നു; അതായത് സന്തോഷത്തിന്റേയും സന്താപത്തിന്റേയും ബന്ധം ബോധങ്ങളുമായിട്ടാണെന്ന്. ഉദാഹരണത്തിന് ആരുടെയെങ്കിലും വീട്ടിൽ വിവാഹമാണെങ്കിൽ അവൻ തന്റെ വിവാഹത്തിന്റെ സന്തോഷത്തിനായി കടമെടുക്കേണ്ടിവന്നാൽ കടമെടുത്തുകൊണ്ട് സന്തോഷമുണ്ടാക്കാൻ ശ്രമിക്കാറുണ്ട്. അവന്റെ അടുത്ത ബന്ധുക്കളും അതിൽ പങ്കുചേരുന്നു. പക്ഷേ, അതുമായി ഒരു ബന്ധവും ഇല്ലാത്തവർക്ക് അയാളുടെ സന്തോഷവും അല്ലെങ്കിൽ അയാളുടെ കുടുംബക്കാരുടെ സന്തോഷവും അല്ലെങ്കിൽ അയാളുടെ ബന്ധുമിത്രാദികളുടെ സന്തോഷവും അയാൾ വിഷമിക്കുന്നതും കടംവാങ്ങുന്നതും ഒരു വിഷയമല്ല. ഇപ്രകാരം തന്റെ കുടുംബത്തിന്റെ അത്താണിയായിരിക്കുന്ന ഒരാൾ മരിക്കുകയാണെങ്കിൽ വീട്ടിൽ കരച്ചിലും നിലവിളിയും ഉണ്ടാകുന്നു. പക്ഷേ, അയാളുമായി ഒരു ബന്ധവുമില്ലാത്ത ആൾക്ക് അയാളുടെ മരണം അത്ര ബാധിക്കാറില്ല. ആയിരക്കണക്കിനാളുകൾ നിത്യവും മരിക്കുന്നു. പക്ഷേ, നമുക്കു പരിചയമില്ലാത്തയാളാണെങ്കിൽ അയാളെ സംബന്ധിച്ച് പരിചയപ്പെടുത്തിയാൽതന്നെ ഒരു ദുഃഖവും ഉണ്ടാകുകയില്ല. എന്നാൽ, നമ്മുടെ അടുത്ത ആരെങ്കിലും മരിക്കുകയാണെങ്കിൽ വളരെ കഠിനമായി ദുഃഖം അനുഭവപ്പെടുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, "ബോധങ്ങളുടെ അത്ഭുതകരങ്ങളായ ശൃംഖലയാണിത്. ഒരു കാര്യം ഒരാൾക്ക് സന്തോഷത്തിന്റേയും സൗഖ്യത്തിന്റേയും നിമിഷമാകുമ്പോൾ മറ്റുള്ളവർക്കത് ദുഃഖത്തിന്റേതും വിഷമത്തിന്റേതുമായിരിക്കും.

''ഈ വിഷയം എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു വാക്യത്തിൽ പഠിപ്പിച്ചു തന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)മുടങ്ങാതെ പത്രങ്ങൾ വായിക്കുമായിരുന്നു." ദീനിന്റെ ജോലി ഏല്പിക്കപ്പെട്ടിരിക്കുന്ന നമ്മുടെയാളുകൾക്ക് ഇതിൽ പാഠമുണ്ട്. അവർ മുടങ്ങാതെ പത്രം വായിക്കേണ്ടതാണ്. ചെറിയ ചെറിയ വാർത്തകളും നോക്കേണ്ടതാണ്. പറയുന്നു: "അവിടന്ന് മുടങ്ങാതെ പത്രങ്ങൾ വായിക്കുമായിരുന്നു. 1907-ൽ നടന്ന സംഭവമാണ്. ഒരു ദിവസം പത്രം വായിച്ചുകൊണ്ടിരിക്കുമ്പോൾ എന്നെ

ജമാഅത്തംഗങ്ങൾ പൊതുവായ നിലയിലും തങ്ങളുടെ സന്തോഷവും ദുഃഖവും പ്രകടിപ്പിക്കേണ്ടതാണ്. കാരണം ജമാഅത്തും ഒരൊറ്റ അസ്തിത്വമാണ്. ഓരോ ജമാഅത്തംഗങ്ങളുടേയും സന്താപത്തേയും സന്തോഷത്തേയും അനുഭവിക്കുമ്പോഴാണ് നമുക്ക് ആ ബോധമുണ്ടാകുന്നത്. ഇക്കാര്യമാണ് ജമാഅത്തിൽ ഐക്യം അഥവാ ഒത്തൊരുമ ഉണ്ടാകുന്നതിന് മാർഗമാകുന്നതും.

വിളിച്ചു; മഹ്മൂദേ!'' പറയുന്നു:"ഞാൻ വന്നപ്പോൾ അവിടന്ന് എന്നെ ഒരു വാർത്ത കേൾപ്പിച്ചു. ഒരാൾ, എനിക്കയാളുടെ പേര് ഓർമയില്ല മരിച്ചിരിക്കുന്നു.'' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:"അതുകേട്ട് ഞാൻ ചിരിച്ചുപോയി. ഞാൻ പറഞ്ഞു: 'അതിന് എനിക്കെന്താണ്?' ഹദ്റത്ത് സാഹിബ് പറഞ്ഞു:'അയാളുടെ വീട്ടിൽ നിലവിളിയും ദുഃഖവുമായിരിക്കും. നിനക്കെന്താണെന്ന് നീ ചോദിക്കുന്നു! ഇതിന് കാരണമെന്താണ്? അതിനുകാരണം, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ''ആരുമായിട്ടാണോ ബന്ധമില്ലാത്തത് അയാളുടെ ദുഃഖം മനസ്സിലാക്കാൻ പറ്റില്ല. ഇപ്രകാരംതന്നെ ആരുടെയെങ്കിലും സന്തോഷത്തിന്റെ കാര്യമാണെങ്കിൽ അതും സ്വാധീനം ചെലുത്തുകയില്ല."

അതുകൊണ്ട് ഇക്കാര്യം ഓർമ വെക്കേണ്ടതാണ്. സ്വന്തം ഉപകാരികൾക്കും അവരുടെ മക്കൾക്കുംവേണ്ടി പ്രത്യേകമായ നിലയിൽ ദുആ ചെയ്യേണ്ടതാണ്. സന്തോഷത്തിന്റേയും സന്താപത്തിന്റേയും വേളകളിൽ അതനുഭവിച്ചറിയേണ്ടതാണ്. ജമാഅത്തംഗങ്ങൾ പൊതുവായ നിലയിലും തങ്ങളുടെ സന്തോഷവും ദുഃഖവും പ്രകടിപ്പിക്കേണ്ടതാണ്. കാരണം ജമാഅത്തും ഒരൊറ്റ അസ്തിത്വമാണ്. ഓരോ ജമാഅത്തംഗങ്ങളുടേയും സന്താപത്തേയും സന്തോഷത്തേയും അനുഭവിക്കുമ്പോഴാണ് നമുക്ക് ആ ബോധമുണ്ടാകുന്നത്. ഇക്കാര്യമാണ് ജമാഅത്തിൽ ഐക്യം അഥവാ ഒത്തൊരുമ ഉണ്ടാകുന്നതിന് മാർഗമാകുന്നതും.

ജമാഅത്തുപരമായ നിലയിൽ, ഉദാഹരണത്തിന് ആർക്കെങ്കിലും ശിക്ഷ കിട്ടുകയോ ആർക്കെങ്കിലും എതിരിൽ നടപടി ഉണ്ടാകുകയോ ചെയ്താൽ തനിക്കെതിരെ ഇന്ന നടപടി ഉണ്ടായി, അത് തെറ്റാണ് ഇന്നയാൾക്കെതിരെ ഒരു നടപടിയും ഉണ്ടായില്ല, അവനെ സഹായിക്കുകയാണ് ചെയ്തത് എന്ന് പറഞ്ഞ് ചിലർ ആക്ഷേപിക്കാറുണ്ട്. ഇത്തരം ആക്ഷേപങ്ങൾ പുതിയ കാര്യമൊന്നുമല്ല. എല്ലാ കാലത്തും ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടതായി കാണാം. ഇന്നും ഇക്കൂട്ടർ ചെയ്യുന്നു. മുമ്പേയും ചെയ്തുകൊണ്ടിരുന്നു. അത്തരക്കാരെ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:"വ്യവസ്ഥിതിയെ ശരിയായ നിലയിൽ നടപ്പിൽവരുത്തുന്നതിന് ഐക്യചിന്താഗതികളുടെ ഒരു വൃത്തമുണ്ട്. ഒരു ആക്ഷേപം വലുതായിട്ടു തോന്നാം. എന്നാൽ, അത് ഫിത്നക്ക് കാരണമാവുകയില്ലെന്ന് കണ്ടാൽ ആ അഭിപ്രായവ്യത്യാസം വെച്ചു പുലർത്തുന്ന ആളുകൾക്ക് ജമാഅത്തിൽ ചേരാൻ അനുവാദം നല്കേണ്ടതാണ്. എന്നാൽ, മറ്റൊരു വ്യക്തി ചെറിയ ആക്ഷേപമാണ് ഉന്നയിക്കുന്നതെങ്കിലും പക്ഷേ, അതേതെങ്കിലും കുഴപ്പത്തിന് കാരണമാകുമെങ്കിൽ അയാളെ ജമാഅത്തിൽനിന്ന് പുറത്താക്കേണ്ടതാണ്." പറയുന്നു:"ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഒരിക്കൽ ഒരു സ്നേഹിതൻ ചോദിച്ചു, 'ഞാൻ ഇപ്പോൾ ശിയാകക്ഷിയിൽനിന്ന് പുറത്തുകടന്നു വന്നതാണ്. ഹദ്റത്ത് അബൂബക്കറിനെക്കാളും, ഹദ്റത്ത് ഉമറിനെക്കാളും ശ്രേഷ്ഠൻ ഹദ്റത്ത് അലിയാണെന്ന് വിശ്വസിക്കുന്നു. കാരണം എന്നിൽ ശിയപക്ഷക്കാരുടെ സ്വാധീനം അധികമാണ്. ഈ വിശ്വാസം വെച്ചുപുലർത്തിക്കൊണ്ട് അങ്ങയ്ക്ക് ബയ്അത്ത് ചെയ്യാൻ എനിക്ക് കഴിയുമോ? ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിനെഴുതി: ''താങ്കൾക്ക് ബയ്അത്ത് ചെയ്യാവുന്നതാണ്.'' എന്നാൽ, ഇതിന്നെതിരിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശിക്ഷ എന്ന നിലയിൽ ഒരിക്കൽ കുറച്ചാളുകളോടു ഖാദിയാനിൽനിന്ന് പുറത്തുപോകാൻ കല്പിച്ചു. അവരെക്കുറിച്ച് വിജ്ഞാപനവും പുറപ്പെടുവിച്ചു. അഞ്ചുനേര നമസ്കാരത്തിൽ പങ്കെടുത്തിരുന്നില്ല എന്നതായിരുന്നു കാരണം. ചിലരുടെ മജ്‌ലിസുകളിൽ ഹുക്കവലിയും അനാവശ്യസംസാരവും നടന്നിരുന്നു. മദ്യം ഹറാമായതുകൊണ്ട് അതുപയോഗിച്ചതിന് അവിടന്ന് ജമാഅത്തിൽനിന്ന് ഒരാളെ പുറത്താക്കി. എന്നാൽ, ഹദ്റത്ത് അബൂബക്കറിനെക്കാളും, ഹദ്റത്ത് ഉമറിനെക്കാളും ശ്രേഷ്ഠൻ ഹദ്റത്ത് അലിയാണെന്ന് വിശ്വസിച്ചിരുന്ന ഒരാൾക്ക് ഹദ്റത്ത് അബൂബക്കറാണ്, ഹദ്റത്ത് ഉമറിനെക്കാളും ഹദ്റത്ത് അലിയെക്കാളും ശ്രേഷ്ഠനെന്ന വിശ്വാസക്കാരനായിരുന്നിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാൾക്ക് ബയ്അത്ത് ചെയ്യാൻ അനുവാദം നല്കി." അവിടന്ന് പറയുന്നു: "യഥാർഥത്തിൽ ചില കാര്യങ്ങൾ താൽക്കാലികമായ ഫിത്നയുടെ അടിസ്ഥാനത്തിൽ വലുതായിരിക്കും. വാസ്തവത്തിൽ അത് ചെറുതാകുന്നു. ചില കാര്യങ്ങൾ താൽക്കാലികമായ ഫിത്നയുടെ അടിസ്ഥാനത്തിൽ ചെറുതായിരിക്കും. വാസ്തവത്തിൽ അത് വലുതാകുന്നു.'

അതിനാൽ താല്ക്കാലികമായ ഫിത്നയുടെ അടിസ്ഥാനത്തിൽ ചിലപ്പോൾ വലിയ കാര്യത്തെ അവഗണിക്കുകയും ചെറിയ കാര്യത്തിനുമേൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ, ആക്ഷേപിക്കുന്നവർ ഒരിക്കലും ബുദ്ധിപൂർവം പ്രവർത്തിച്ചിട്ടില്ല. അവരുടെ ഉദ്ദേശ്യം വെറും ആക്ഷേപം ഉന്നയിക്കുക എന്നതാണ്. ശിക്ഷ ലഭിക്കുന്നവർക്ക് ചില അനുകൂലികൾ ഉണ്ടാകുന്നു. അവർക്ക് യഥാർഥ കാര്യമെന്താണെന്ന് അറിവുണ്ടാകുകയില്ല; എന്തുകാരണത്താലാണ് ശിക്ഷ ലഭിച്ചതെന്ന്. ഇങ്ങനെ അനാവശ്യമായി കൈകടത്തലുകൾ നടത്താതിരിക്കേണ്ടതാണ്. അല്ലെങ്കിൽ ആർക്കും വേണ്ടി ശിപാർശ ചെയ്യാതിരിക്കേണ്ടതാണ്. ജമാഅത്ത് വ്യവസ്ഥിതി മനസ്സിലാക്കുകയും പരിശോധിക്കുകയും ചെയ്യുമ്പോൾ മാപ്പും ലഭിക്കാറുണ്ട്. ഞാൻ പറഞ്ഞതുപോലുള്ള ആക്ഷേപകർ ഇക്കാലത്തുമുണ്ട്. തെറ്റായ പ്രവൃത്തികൾ ചെയ്യുന്നു.

ശിക്ഷ കിട്ടുമ്പോൾ സ്വയം നന്നാക്കി ത്തീർക്കുന്നതിനുപകരം ജമാഅത്ത് വ്യവസ്ഥിതിക്കെതിരെ സംസാരി ക്കുന്നു. ഞങ്ങൾ ഇങ്ങനെയൊക്കെ ത്തന്നെയേ ഇനിയും മുന്നോട്ടു പോകുകയുള്ളുവെന്ന് പറയുകയും ചെയ്യുന്നു. എങ്കിലും ജമാഅത്ത് ഞങ്ങളെ അതിന്റെ ഭാഗമാക്കിവെ ക്കുക. ഞങ്ങളിൽമാറ്റമൊന്നും ഞ ങ്ങൾ ഉണ്ടാക്കുകയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊ ദ്(റ)കുട്ടികളുടെ തർബിയ്യത്തിനു വേണ്ടി ഒരിക്കൽ ഒരു ലേഖനമെഴു തി. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞ ഒരു കഥ പരാ മർശിച്ചു. അവിടന്ന് പറ യുന്നു:'ഹദ്റത്ത് മസീഹ് മൗഊദ് (അ)1898 സെപ്റ്റംബർ 5 ന് അസ്ർ നമസ്കാരത്തിനുശേഷം എന്റെ അപേക്ഷ അനുസരിച്ച് താഴെ പറ യുന്ന കഥ കേൾപ്പിക്കുകയുണ്ടായി. അല്ലാഹുവിലുള്ള തവക്കുലും വിശ്വാസവും സത്യസന്ധമായ ഭക്തിയും മനുഷ്യനെ എത്രകണ്ട് അർഹനാക്കിത്തീർക്കുന്നുവെ ന്നാൽ അല്ലാഹുതന്നെ അവന്റെ ജാമ്യക്കാരനായി മാറുന്നു. ആരും അറിയാത്തനിലയിൽ അവന്റെ ആവ ശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പ റഞ്ഞു:'ഒരു മഹാത്മാവ് എവി ടെയോ യാത്രപോകുകയായിരുന്നു. ഒരു വനത്തിലൂടെ അദ്ദേഹം കടന്നു പോകുകയാണ്. അവിടെ ഒരു കള്ളൻ താമസിച്ചിരുന്നു. വരുകയും പോകുകയും ചെയ്യുന്ന എല്ലാവ രേയും അയാൾ കൊള്ളയടിക്കുമാ യിരുന്നു. തന്റെ ശീലമനുസരിച്ച് ഈ മഹാത്മാവിനേയും കൊള്ളയ ടിക്കാൻ മുതിർന്നു. മഹാത്മാവ് അയാളോടു പറഞ്ഞു, **വഫിസ്സമാഇ രിസ്ഖുക്കും വമാ തൂഅദൂൻ** ആകാശത്തിൽ നിങ്ങളുടെ ഉപജീ വന മാർഗമുണ്ട്. നിങ്ങളോടു വാഗ്ദാനം ചെയ്യപ്പെടുന്നതുമു ണ്ട്.(51:23)നന്മയിൽ നിലകൊള്ളണ മെന്നു മാത്രം. പറഞ്ഞു, 'നിങ്ങളുടെ രിസ്ഖ് ആകാശത്തിലുണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. ഭക്തി കൈക്കൊള്ളുക. മോഷണം ഉപേ ക്ഷിക്കുക. അല്ലാഹു സ്വയം നിന്റെ ആവശ്യങ്ങൾ പൂർത്തിയാക്കിത്തരു ന്നതാണ്.' കള്ളന്റെ മനസ്സിനെ അത് സ്വാധീനിച്ചു. അവൻ ആ മഹാത്മാ വിനെ വിട്ടു. അദ്ദേഹം പറഞ്ഞതനു സരിച്ച് പ്രവർത്തിക്കാൻ തുടങ്ങി. എത്രത്തോളമെന്നാൽ സ്വർണം കൊണ്ടും വെള്ളികൊണ്ടുമുള്ള പാത്രങ്ങളിൽ നല്ല ഭക്ഷണങ്ങൾ കിട്ടാൻ തുടങ്ങി. (മോഷണം ഉപേ ക്ഷിച്ച് അവൻ അല്ലാഹുവിൽ തവ ക്കുൽ ചെയ്യാൻ തുടങ്ങിയപ്പോൾ സ്വർണംകൊണ്ടും വെള്ളികൊണ്ടു മുള്ള പാത്രങ്ങളിൽ നല്ല ഭക്ഷണ ങ്ങൾ കിട്ടാൻ തുടങ്ങി.) അവൻ ഭക്ഷണം കഴിച്ച് പാത്രങ്ങൾ തന്റെ കുടിലിനു വെളിയിൽ വലിച്ചെറി ഞ്ഞു. യാദൃച്ഛികമായി അതേ മഹാ ത്മാവ് ഒരിക്കൽ അതുവഴി വന്നു. ആ കള്ളൻ ഇപ്പോൾ സാത്വികനും മുത്തഖിയും ആയിക്കഴിഞ്ഞിരുന്നു. ആ മഹാത്മാവിനോടു എല്ലാ അവ സ്ഥകളും അയാൾ പറഞ്ഞു. തനിക്ക് മറ്റൊരു ആയത്തു പറഞ്ഞു തരാൻ അയാൾ പറഞ്ഞു. അപ്പോൾ ആ മഹാത്മാവ് പറഞ്ഞു, '**ഫവ റബ്ബിസ്സമാഇ വൽഅർളി ഇന്നഹൂ ലഹഖ്ഖുൻ** അതിനാൽ ആകാശ ത്തിന്റേയും ഭൂമിയുടേയും നാഥനെ ക്കൊണ്ടു സത്യം! ഇതും സത്യമാ ണ്.'(51:24)ഈ പരിശുദ്ധ വാക്കു കൾ അദ്ദേഹത്തെ എത്രകണ്ട് സ്വാധീനിച്ചെന്നാൽ അല്ലാഹുവിന്റെ മഹത്ത്വവും പ്രതാപവും ചിന്തിച്ച് വിറയ്ക്കാൻ തുടങ്ങി. ആ വിറയി ലിൽത്തന്നെ മരിക്കുകയും ചെയ്തു.' 8, 10 വയസ്സുള്ള ഒരുകു ട്ടിക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ)ഈ കഥ കേൾപ്പിച്ചു. പിന്നീട് അദ്ദേഹം തഖ്‌വ കൈക്കൊള്ളുന്ന തുകൊണ്ട് എന്തെന്തെല്ലാം സമ്പ ത്താണ് ലഭിക്കുന്നതെന്നും ആകാ ശത്തും ഭൂമിയിലും വസിക്കുന്ന വരെ എങ്ങനെയാണ് പരിപാലിക്കു ന്നതെന്നുമുള്ള വിഷയം മറ്റുകുട്ടി കൾക്കു വിവരിച്ചുകൊടുക്കുന്നു. അവനുണ്ടെന്നുള്ളതിന് എന്തെ ങ്കിലും സംശയമുണ്ടോ? എല്ലാവ രേയും പരിപാലിക്കുകയും പോറ്റു കയും ചെയ്യുന്ന അല്ലാഹു പരിശു ദ്ധനും സത്യവാനുമാണ്. അതു കൊണ്ട് ആ ദൈവത്തെ ഭയപ്പെടു ക. അവനെ വിശ്വസിക്കുക. സൽസ്വഭാവം സ്വീകരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലെ കുട്ടികളുടെ അവസ്ഥ ഇതായിരുന്നു. ഇക്കാ ലത്തെ വലിയ ആളുകൾക്ക് മനസ്സി ലാക്കാൻ പ്രയാസമുള്ള പാഠങ്ങളാ യിരുന്നു അന്ന് പഠിപ്പിച്ചിരുന്നത്. അതുകൊണ്ട് തഖ്‌വയിലൂടെ നട ക്കാൻ ശ്രമിക്കണമെന്ന് നമ്മളിലുള്ള എല്ലാവരും എപ്പോഴും ഓർമവെക്കേ ണ്ടതാണ്. അല്ലാഹുവിന്റെ സത്ത യിൽ എത്രമാത്രം ദൃഢവിശ്വാസമു ണ്ടാകണമെന്നാൽ, അവനിൽ നില കൊള്ളണം. അവനാണ് നമ്മളെ പരിപാലിക്കുന്നവനും പരിപോഷണം നൽകുന്നവനും. അതിൽ ഒരു സംശയവുമില്ല. അവൻതന്നെയാണ് പരിശുദ്ധനും സത്യവാനുമായ അല്ലാഹു. അവ നെ നമ്മൾ ഭയക്കേണ്ടതാണ്. അവ നോട് എപ്പോഴും നാം ചോദിക്കേണ്ട താണ്. അവന്റെ മുമ്പിൽ നമ്മൾ പ്രണമിക്കേണ്ടതാണ്. അവനിൽ നമ്മൾ വിശ്വാസമർപ്പിക്കേണ്ടതാണ്. ഇതുതന്നെയാണ് നന്മ. ഇതായിരിക്കണം ഒരു മുസൽമാന്റെ ശീലം. അല്ലഹുവിന്റെ ഈ ഗുണങ്ങളിൽ വിശ്വസിക്കേണ്ടത് നിർബന്ധമാണ്. ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതും നിർബന്ധമാ ണ്.

അതിനാൽ മുതിർന്നവർക്ക് കുട്ടികളെക്കാൾ അധികം ഈ പാഠ ത്തിന് പ്രാധാന്യമുണ്ട്. ഇക്കാലഘ ട്ടത്തിൽ നമ്മൾ ഈ കാര്യങ്ങൾ മറ ന്നുപോകുന്നു. തഖ്‌വയിൽനിന്ന് ചിലപ്പോൾ ചിലയാളുകൾ അകന്നു പോകുമ്പോൾ അല്ലാഹുവിൽ വിശ്വാ സമർപ്പിക്കുന്നതിനുപകരം ജനങ്ങളി ലുള്ള വിശ്വാസാർപ്പണം അധികമാ കുമ്പോൾ യഥാർഥ വിശ്വാ സാർപ്പണം അല്ലാഹുവിലാണ് ഉണ്ടാ കേണ്ടതെന്ന് അവർ ഓർക്കേണ്ട താണ്. നമ്മളിലെല്ലാവരിലും ഈ തഖ്‌വ ഉണ്ടാകാൻ അല്ലാഹു അനു ഗ്രഹിക്കുമാറാകട്ടെ. (വിവ: മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ) ●

# കൺഫ്യൂഷനിസം

ചൈനീസ് സംസ്കാരത്തെ അഗാധമായി സ്വാധീനിച്ച അല്ലാഹുവിന്റെ പ്രവാചകനാണ് കൺഫ്യൂഷസ് (ക്രി.മു 550 –478). ദൈവത്തിൽ നിന്നുള്ള വെളിപാടുകൾകൊണ്ട് അനുഗൃഹീതനായ കൺഫ്യൂഷസിന്റെ അദ്ധ്യാപനങ്ങളുടെ സാരം വിവരിക്കുന്നു.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

കൺഫ്യൂഷൻ മതം അഗാധജ്ഞാനത്തിന്റെ നിധികുംഭമാണ്. ഈ മതത്തെ പറ്റിയുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നത് ഈ മതത്തിൽ സമചയുക്തിയും വെളിപാടുകളും ജ്ഞാനവും കൈകോർത്തുകൊണ്ട് മനുഷ്യനെ സത്യത്തിലേക്ക് നയിക്കുന്നു എന്നാണ്. ധാരാളം ചൈനക്കാർ മറ്റു ദൈവിക വെളിപാട് മതങ്ങളെപോലെയുള്ള ഒരു മതമാണ് കൺഫ്യൂഷൻ മതമെന്ന് കരുതുന്നു. അവരിൽപെട്ട ചിലർ കൺഫ്യൂഷൻ മതം വെറും ഒരു ദർശനമാണെന്ന് കരുതുന്നവരാണ്. ജപ്പാനിൽ കൺഫ്യൂഷനിസത്തിന് സ്വന്തമായി ഒരു ഭൂമിശാസ്ത്രമില്ല. താവോമതം, ഷിന്റോമതം, ബുദ്ധമതം എന്നീ മതങ്ങളിലെ അനുയായികൾ ഒരുപോലെ വിശ്വസിക്കുന്നത് കൺഫ്യൂഷനിസം തങ്ങളുടെ മതങ്ങളുമായി ഒത്തുപോകുന്ന ഒരു തത്ത്വദർശനം മാത്രമാണെന്നാണ്. കാരണം മറ്റുമതങ്ങളെ സംബന്ധിച്ചിടത്തോളം കേട്ടു കേൾവിയില്ലാത്ത രൂപത്തിൽ അവർ എല്ലാ മതങ്ങളുമായി ഇഴുകി ചേർന്ന് സഹവർത്തിച്ചു കഴിയുന്നവരാണ്.



നാം കൺഫ്യൂഷൻ മതത്തെക്കുറിച്ച് പറയുമ്പോൾ അത് വെറും ഒരു തത്ത്വദർശനം എന്ന നിലക്കാണ് പ്രതിപാദിക്കുന്നത്. ദൈവാസ്തിത്വത്തെക്കുറിച്ച് അതിന്റെ നിലപാടുകളാണ് നാം പ്രത്യേകമായി പരിഗണിക്കുന്ന വിഷയം. കൺഫ്യൂഷസിന്റെ(ക്രി.മു 550 -478) അനുയായികൾ ഇന്ന് വളരെ കുറവാണ്. അവർ ദൈവത്തിന്റെ ഏതെങ്കിലും അസ്തിത്വത്തിൽ വ്യക്തമായും വിശ്വസിക്കുന്നു. അവർ ആത്മാവിലും ആത്മചൈതന്യത്തിലും വിശ്വസിക്കുന്നു. അവർ പൗരാണികമായ ആരാധനാ സമ്പ്രദായം പോലും ആചരിക്കുന്നവരാണ്. എന്തായിരുന്നാലും കൺഫ്യൂഷനിസത്തെ സംബന്ധിച്ചുള്ള വ്യാപകമായ ആധുനിക ധാരണകൾ ഒരു പുനഃപരിശോധനക്ക് വിധേയമാക്കുന്നത് നന്നായിരിക്കുമെന്ന് നാം വിചാരിക്കുന്നു.

കൺഫ്യൂഷൻ മതം കെട്ടിപ്പടുത്ത അടിസ്ഥാന ഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ ഈ മതം കെട്ടിപ്പടുത്തത് ദൈവാസ്തിത്വത്തിലുള്ള വിശ്വാസത്തിലാണെന്ന് നമുക്ക് തീർത്ത് പറയാൻ സാധിക്കും. അതിലെ ദർശനങ്ങൾ ജ്ഞാനികളുടെ ചിന്തകളെക്കാൾ കൂടുതലായി വെളിപാടുകളോട് വളരെയേറെ കടപ്പെട്ടിരിക്കുന്നു.

ഈ മതം അതിന്റെ സ്വച്ഛമായ പ്രാഥമിക സ്രോതസ്സിൽ നിന്ന് വളരെയേറെ ഗതിമാറിയിട്ടുണ്ട്. കൺഫ്യൂഷൻ മതാനുയായികളിൽ ഇന്ന് വ്യാപകമായി കാണപ്പെടുന്ന ചൈതന്യ പൂജയിൽ നിന്ന് ഇത് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കൺഫ്യൂഷസിന്റെ ആധികാരിക സ്രോതസ്സിൽ അത്തരത്തിലുള്ള അന്ധവിശ്വാസങ്ങളുടെയോ അനാചാരങ്ങളുടെയോ ഒരു നേരിയ സൂചനപോലുമില്ല. മറ്റു മതങ്ങളിൽ സംഭവിച്ചത് പോലെ ക്രമേണ കൺഫ്യൂഷനിസവും അതിന്റെ മൂലപാഠങ്ങളിൽ നിന്ന് വ്യതിചലിക്കുകയുണ്ടായി. പരമോന്നതനായ ഏകദൈവത്തിന്റെ പേരിൽ ധാരാളം അന്ധവിശ്വാസങ്ങളും തെറ്റായ ആചാരങ്ങളും അതിൽ നുഴഞ്ഞു കയറുകയും ചെയ്തു. തീർച്ചയായും അതൊരു ദുരന്തം തന്നെയാണ്. ഇടക്കിടെ ആവർത്തിക്കുന്ന ദുരന്തം.

കൺഫ്യൂഷൻ മതക്കാർ തങ്ങളുടെ പൂർവികർക്ക് വേണ്ടിയുള്ള ആരാധനയിൽ അവരെ ദൈവങ്ങളായോ പുണ്യവാളൻമാരായോ കണക്കാക്കുന്നില്ല. എങ്കിലും പലരും അവരിൽ നിന്നുള്ള പ്രീതി



കൺഫ്യൂഷസിന്റെ കല്ലറ

ക്കായി പ്രാർഥിക്കാറുണ്ട്. പക്ഷേ ജപ്പാനിൽ ഈ ആരാധന മറ്റിടങ്ങളിൽ മനസ്സിലാക്കപ്പെടുന്നത് പോലുള്ള അർഥത്തിലുള്ളതല്ല. അത് മരിച്ചവരോടുള്ള ബഹുമാനവും കൂറും പ്രകടിപ്പിക്കുക എന്ന അർഥത്തിൽ മാത്രമാണ്. എല്ലാവരും മരിച്ചവരുടെ ആത്മാക്കളോട് കാര്യങ്ങൾ ലഭിക്കാൻ വേണ്ടി യാചിക്കാറില്ല. അവരെ സ്വതന്ത്രരായ ദൈവങ്ങളാക്കി കണക്കാക്കാറുമില്ല. പ്രകൃതി നിയമങ്ങളുടെ തികവാർന്ന സമമിതിയും (Symetry) ഏകോപനവും തെളിയിക്കുന്നത് ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതാണെന്നാണ്. അങ്ങനെയാണെങ്കിൽ അത് ഒരു ഏകനായ പരമാധികാരി തന്നെയായിരിക്കും സൃഷ്ടിച്ചിരിക്കുക എന്നത് സംശയമില്ലാത്ത കാര്യമാണ്. രണ്ടോ മൂന്നോ കരങ്ങൾ സൃഷ്ടിക്കു പിന്നിൽ പ്രവർത്തിച്ചതായുള്ളതിന്റെ നേരിയ ലാഞ്ചന പോലും കാണുവാൻ സാധ്യമല്ല. ഇതിൽ നിന്ന് നമുക്ക് ലഭിക്കുന്ന യുക്തിപരമായ നിഗമനം സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ ബന്ധിപ്പിക്കാനുള്ള ഉദ്ദേശ്യത്തിനു വേണ്ടി എന്തെങ്കിലും വിശ്വസിക്കാനുള്ള ആന്തരിക പ്രേരണ മനുഷ്യനിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടായിരിക്കും. ഈ അടിസ്ഥാന ആവശ്യത്തിനായി സ്രഷ്ടാവും സൃഷ്ടിയുമായുള്ള ബന്ധം സ്ഥാപിക്കപ്പെട്ടിട്ടില്ലെങ്കിൽ ദിവ്യവെളിപാടുകളുടെ അഭാവം ഒരു ശൂന്യത സൃഷ്ടിക്കുന്നു. ഈയൊരു ആവശ്യത്തിന് വേണ്ടിയാണ് സ്വയമായി തന്നെ ദൈവങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. അത് ആത്മാക്കളോ, ചൈതന്യമോ പ്രേതാത്മാവോ, മറ്റു അരൂപികളോ ആവാം. അതിനാൽ അന്ധവിശ്വാസങ്ങൾ സൃഷ്ടിക്കപ്പെടുന്നത് വെറും യാദൃച്ഛികമല്ല. ദിവ്യ പ്രകാശത്തിന്റെ അഭാവമുള്ള കാലഘട്ടങ്ങളിൽ അന്ധവിശ്വാസികളായ ജനങ്ങളിൽ ദുർദേവതകളുടെ പ്രതിഛായ പോലെയുള്ള ഭൂതാത്മാക്കളുടെ രൂപങ്ങൾ കാണാവുന്നതാണ്.

ഈ ജീർണതയുടെ പ്രവണത ക്രമേണ ദൈവ ചൈതന്യത്തെ മതരംഗത്ത് നിന്ന് തള്ളിമാറ്റുന്നു. ദൈവത്തിലുള്ള വിശ്വാസം മനുഷ്യന്റെ സ്വഭാവ സംസ്കരണവും അതിനോടനുബന്ധിച്ചുള്ള കണക്കെടുപ്പും ആവശ്യപ്പെടുന്നു. എന്നാൽ, അരൂപികളിലുള്ള വിശ്വാസവും മനുഷ്യന്റെ സ്വഭാവ സംസ്കരണവും അതിനോടനുബന്ധിച്ചുള്ള കണക്കെടുപ്പും ആവശ്യപ്പെടുന്നില്ല. അത് ഏതെങ്കിലും ഒരു മതധർമ്മ സംഹിതയോടുള്ള സ്വയം സമർപ്പണവും ആവശ്യപ്പെടുന്നില്ല.

കൺഫ്യൂഷൻ ക്ലാസിക്ക് സാഹിത്യത്തിന്റെ അഗാധപഠനങ്ങൾ, അതിന്റെ മൂലരൂപങ്ങൾ മനുഷ്യനിർമിത തത്ത്വശാസ്ത്രമല്ലെന്ന് തെളിയിക്കാൻ യാതൊരു പ്രയാസവുമില്ല. അനശ്വരനായ ഒരു ദൈവമുണ്ടെന്ന ആശയമാണ് അത് സ്വീകരിച്ചിരിക്കുന്നത്. പ്രപഞ്ചം ഭരിക്കുന്ന ആ ദൈവത്തിൽ നിന്നാണ് കൺഫ്യൂഷസിന്റെ മതാദ്ധ്യാപനങ്ങൾ ആരംഭിക്കുന്നത്. ആകാശം ആ ദൈവത്തിന്റെ പ്രകടനമാണ്. ചിലപ്പോൾ ദൈവം സ്വയം തന്നെ ആകാശം എന്ന് വിശേഷിപ്പിക്കാറുണ്ട്. യഥാർഥ ജ്ഞാനം എന്നത് ദൈവത്തിന്റെ ഗുണങ്ങൾ അറിയലും അത് സ്വഭാവത്തിൽ പകർത്തലുമാണെന്ന് കൺഫ്യൂഷസ് കരുതുന്നു. ഇത് മനുഷ്യനെ അനന്തസത്യവുമായി അടുപ്പിക്കുകയും അവന്റെ നന്മക്കുള്ള ജ്ഞാനത്തിന്റെ സ്രോതസ്സായി വർത്തിക്കുകയും ചെയ്യുന്നു.

കൺഫ്യൂഷനിസത്തിന്റെയും താവോയിസത്തിന്റെയും ചരിത്രം ഫൂഷി (Fu Hsi – ക്രി.മു 3322) യുടെ കാലത്തോളം പോകുന്നു. അദ്ദേഹം രാജാവും മഹാനായ ആത്മജ്ഞാനിയുമാകുന്നു. ഒരിക്കൽ മഞ്ഞ നദിയിൽ നിന്ന് ഒരു കുതിര വ്യാളി ഉയർന്നു വരുന്നതായി അദ്ദേഹം ഒരു ദർശനത്തിൽ കണ്ടു. അതിന്റെ പുറത്ത് ഒരു രേഖാചിത്രം ഉണ്ടായിരുന്നു. ചൈനീസ് ചരിത്രത്തിൽ ഒരു പ്രവാചകൻ ദർശനം മുഖേന കാര്യങ്ങൾ പഠിപ്പിക്കപ്പെടുന്ന സംഭവം ഇത് ഒന്ന് മാത്രമല്ല. യു പ്രവാചകൻ (Prophet yu ക്രി.മു 2140) ദിവ്യ വെളിപാടുകൾ കൊണ്ടനുഗൃഹീതനായിരുന്നുവെന്ന് രേഖകളിൽ കാണുന്നു. ഫ്യൂഷിയുടെ ദർശനത്തിൽ അദ്ദേഹത്തിന് ഈ രേഖാ ചിത്രം പഠിക്കാനുള്ള അവസരം ലഭിച്ചു. ഈ രേഖാചിത്രത്തിൽ 3 വീതമുള്ള 8 കൂട്ടം വരകളാണുണ്ടായിരുന്നത്. അതിൽ ആൺ വരകളും പെൺ വരകളും ഉണ്ടായിരുന്നു. ഈ മൂന്ന് വീതമുള്ള ത്രിഭുജ ഡയഗ്രം ആറു ഭുജങ്ങളുള്ള (Hexagon ഷഡ്ഭുജം) 64 ചിത്രങ്ങളുമായി താഴേയും മുകളിലുമായി ബന്ധിച്ചിരിക്കുന്നു. ഓരോ ഷഡ്ഭുജ ചിത്രങ്ങളും അതാതിന്റെ പേരുകൾ സഹിതം ഒരു പ്രത്യേക രീതിയിൽ ആൺപെൺ

വരകളായാണ് ക്രമീകരിച്ചിരിക്കുന്നത്. ഈ ഷഡ്ഭുജ ചിത്രത്തിന് ആദ്യമായി വ്യാഖ്യാനം രചിച്ചത് കിംങ്ങ് വാൻ (King wan ക്രി.മു 1143) ആയിരുന്നു എന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. അദ്ദേഹത്തിന്റെ മകൻ ച്യൂ കുങ്ങ് (Chea Kung ക്രി.മു 1120) ഈ വ്യാഖ്യാനത്തിന് വിശദീകരണം എഴുതിച്ചേർക്കുകയുണ്ടായി. പിന്നീട് കൺഫ്യൂഷസും അതിന് അനുബന്ധമായി വ്യാഖ്യാനം നൽകുകയുണ്ടായി. ഇതാണ് ഫ്യൂഷിയുടെ പരിവർത്തനങ്ങളുടെ ഗ്രന്ഥം (Book of Changes) എന്ന പുസ്തകത്തിന്റെ വികാസ ചരിത്രം. അത് ഐ ചിംങ്ങ് (I Ching) അഥവാ യി കിംങ്ങ് (Yi King) എന്നാണ് അറിയപ്പെടുന്നത്.

ഈ സിദ്ധാന്തം (അഷ്ട ത്രിഭുജ സിദ്ധാന്തം) ചൈനീസ് ജീവിതത്തിന്റെ മനുഷ്യസംബന്ധിയായ എല്ലാ ശാസ്ത്രമേഖലകളേയും സ്വാധീനിക്കുകയുണ്ടായി. ചൈനയിൽ ഈ ദർശനം അവരുടെ കൃഷി, വ്യവസായം, വൈദ്യം, സാമ്പത്തിക രംഗം രാഷ്ട്രീയം അങ്ങനെ സമസ്ത വിജ്ഞാന മണ്ഡലങ്ങളുടെയും വികാസത്തിന് കാരണമായി എന്ന് പറയപ്പെടുന്നു. ചൈനീസ് പണ്ഡിതനായ ചൗചി ഹുവി (Chou Chi Hua) തന്റെ അക്യുപങ്ങ്ചറും ശാസ്ത്രവും (Acupuncture and Sciences) എന്ന ഗ്രന്ഥത്തിൽ എഴുതുന്നു. അഷ്ഠ ത്രിഭുജ സിദ്ധാന്തത്തിന് ചൈനീസ് വൈദ്യശാസ്ത്രവുമായുള്ള ബന്ധം, ഗണിതശാസ്ത്രത്തിന് യൂറോപ്യൻ ശാസ്ത്രവുമായുള്ള ബന്ധം പോലെയാണെന്ന് ചൈനീസ് വൈദ്യശാസ്ത്ര ചരിത്രം (History of Medicine of China) എന്ന പുസ്തകത്തിൽ വിവരിക്കുന്നു. ഫൂഷി എന്ന പ്രവാചകൻ കണ്ടെത്തിയെടുത്തതെന്നും ആ പുസ്തകത്തിൽ പറയുന്നു. അദ്ദേഹം തന്നെയാണ് ചൈനീസ് വൈദ്യശാസ്ത്രവും അക്യുപംങ്ങ്ചറും കണ്ടെത്തിയത്. ഈ വിജ്ഞാനം പിൽക്കാലത്ത് കിംങ്ങ് ഹുയാങ്ങ് യാണ് വികസിപ്പിച്ചത്. ഈ വിജ്ഞാനം അദ്ദേഹത്തിന് ലഭിച്ചത് ഐചിംങ്ങിൽ നിന്നുമാണ്.

മാസ്റ്റർ സണിന്റെ യുദ്ധകല (Art of War) എന്ന പുസ്തകത്തിൽ ചൈനീസ് പുരാതന ജ്ഞാനമായ ഐചിംങ്ങ് (ഫൂഷിയുടെ ദർശനം) ഉപയോഗിക്കുന്നുണ്ട്. ഇത് സൈനിക ലോകത്ത് പ്രശസ്തമായ ഒരു പുസ്തകമാണ്. സൈനിക രംഗത്തുള്ളവർ കാലാകാലങ്ങളിൽ ഈ പുസ്തകത്തിന് വമ്പിച്ച പ്രാധാന്യമാണ് നൽകിയത്. ആ പുസ്തകം ആറ് പ്രധാന ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. മാറ്റങ്ങളുടെ പുസ്തകത്തിലെ (Book of Changes) സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയാണ് ചൈനീസ് താർക്കികന്മാരും വിവിധങ്ങളായ ചൈനീസ് ചിന്താധാരകളും അവരുടെ സിദ്ധാന്തങ്ങളും രൂപപ്പെടുത്തിയത് . ചെറിയ തോതിൽ മാറ്റങ്ങളുടെ പുസ്തകം പാശ്ചാത്യലോകത്തെയും സ്വാധീനിച്ചിട്ടുണ്ട്. ഐചിംങ്ങ് പാശ്ചാത്യ ലോകത്ത് പ്രസിദ്ധമാണ്. അത് ഭാവി പ്രവചനത്തിനും ഉപയോഗിക്കുന്നു.

കൺഫ്യൂഷൻ സിദ്ധാന്തപ്രകാരം സത്യം കണ്ടെത്താൻ ഔപചാരികമായ അക്കാദമിക് പഠനങ്ങളുടെ ആവശ്യമില്ല. ദൈവം സ്വയം തന്നെ സത്യമാണ്. അവനെ മുഖ്യമായും തിരിച്ചറിയുന്ന ഈ ഗുണം അവൻ സൃഷ്ടിച്ചതിനെല്ലാം നൽകിയനുഗ്രഹിച്ചിട്ടുണ്ട്. ആയതിനാൽ മനുഷ്യ പ്രകൃതിയും ശാശ്വത സത്യങ്ങളും പര്യായപദങ്ങളായി കൺഫ്യൂഷനിസത്തിൽ ഉപയോഗിക്കുന്നു.

മെൻഷിയസ് (ക്രി.മു. 372–289) ഒരു ചൈനീസ് തത്ത്വജ്ഞാനിയും വിദ്യാഭ്യാസ വിചക്ഷണനും സൈദ്ധാന്തികനുമായിരുന്നു. അദ്ദേഹം വളരെ മതനിഷ്ഠയുളളയാളും കൺ ഫ്യൂഷിയസിന്റെ അനുയായികളിൽ വെച്ച് ഏറ്റവും പ്രഗല്ഭനുമായിരുന്നു. ചൈനീസ് തത്ത്വശാസ്ത്രത്തിന് അദ്ദേഹം വമ്പിച്ച ആകർഷണീയത നേടിക്കൊടുത്തു. ആയതിനാൽ ചിലർ അദ്ദേഹത്തെ പറ്റി ഒരു പ്രവാചകൻ എന്നും പറയുന്നു. ശാശ്വതസത്യം പ്രാപിക്കാനുള്ള വഴി വിവരിക്കുമ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെടുന്നു.

> ഔദാര്യം, സത്യസന്ധത, ഉചിതജ്ഞത, ജ്ഞാനം എന്നിവ നമ്മളിൽ ഉൾചേർക്കപ്പെട്ടവയാണ്. ഇതൊന്നും കൂടാതെ നാം അയക്കപ്പെട്ടിട്ടില്ല. നാം ഈ ഗുണങ്ങളാൽ സമ്പന്നരാണ്. *വ്യത്യസ്ത വീക്ഷണം* ചിന്തയുടെ ആവശ്യമാണ്. അതുകൊണ്ടാണ് അന്വേഷിക്കുക നിങ്ങൾ കണ്ടെത്തുന്നതാണ് എന്ന് പറഞ്ഞിട്ടുള്ളത്. അവഗണിച്ചാൽ

കൺഫ്യൂഷൻ സിദ്ധാന്തപ്രകാരം സത്യം കണ്ടെത്താൻ ഔപചാരികമായ അക്കാദമിക് പഠനങ്ങളുടെ ആവശ്യമില്ല. ദൈവം സ്വയം തന്നെ സത്യമാണ്. അവനെ മുഖ്യമായും തിരിച്ചറിയുന്ന ഈ ഗുണം അവൻ സൃഷ്ടിച്ചതിനെല്ലാം നൽകിയനുഗ്രഹിച്ചിട്ടുണ്ട്. ആയതിനാൽ മനുഷ്യ പ്രകൃതിയും ശാശ്വത സത്യങ്ങളും പര്യായപദങ്ങളായി കൺഫ്യൂഷനിസത്തിൽ ഉപയോഗിക്കുന്നു.

നിങ്ങൾക്ക് അത് നഷ്ടമാകും.

ഇവിടെ മെൻഷ്യസ് പുറത്തുനിന്നുള്ള സ്രോതസ്സുകളെ നിഷേധിച്ചിട്ടുണ്ട്. വെളിപാടിനെയല്ല അദ്ദേഹം നിഷേധിച്ചത്, നമ്മുടെ അസ്തിത്വത്തിന്റെ ആവശ്യഘടകമായ ധാർമിക ഗുണത്തെ സംബന്ധിച്ച് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. അത് ഒരിക്കലും പുറമെ നിന്ന് വരുന്നതല്ല. പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന ജ്ഞാനം സ്വയം തന്നെ ഒരു പുതിയ സന്ദേശം നൽകുന്നില്ല എന്ന് മെൽഷീയസ് പറയുന്നു. പഞ്ചേന്ദ്രിയാനുഭവങ്ങളുടെ ദർപ്പണത്തിലൂടെ മനുഷ്യമനസ്സിന്റെ ആന്തരപ്രകൃതിയുടെ ബാഹ്യരൂപങ്ങൾ കാണുവാൻ സാധിക്കും. വസ്തുനിഷ്ഠാ യാഥാർഥ്യത്തിന്റെ പ്രയോജനം അദ്ദേഹം നിഷേധിക്കുന്നില്ല. സത്യത്തിലേക്ക് നയിക്കുവാനുള്ള പഞ്ചേന്ദ്രി യങ്ങളുടെ സ്വന്തമായ കഴിവിനെയാണ് അദ്ദേഹം നിഷേധിക്കുന്നത്. അതുപോലെ അനശ്വര സത്യത്തിന്റെ ആന്തരിക നിദാനങ്ങളിലേക്ക് നമ്മെ ആനയിക്കാൻ വസ്തുനിഷ്ഠാ യാഥാർഥ്യങ്ങൾ വമ്പിച്ച തോതിൽ സഹായകമായിരിക്കുമെന്ന് അദ്ദേഹം സമ്മതിക്കുന്നു. പ്രകൃതിയെ പറ്റി മെൻഷ്യസ് വീണ്ടും വിശദീകരിക്കുന്നുണ്ട്. അതായത് പ്രകൃതി എന്നത് കൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നത് അഖില ബ്രഹ്മാണ്ഡമാണ്. അത് സ്വയം തന്നെ അനശ്വരമല്ല. നമുക്ക് വേണ്ടി ആകാശം (Heaven) സൃഷ്ടിച്ചതാണത്. ആകാശമെന്നാൽ വിവേകശാലിയായ സ്രഷ്ടാവാണ്. ഇത് വിശദീകരിച്ചു കൊണ്ട് മെൻഷ്യസ് പറയുന്നു.

> കവിതയുടെ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു. ആകാശം മനുഷ്യകുലത്തെ സൃഷ്ടിച്ചു.അവർക്ക് വിവിധകഴിവുകൾ നൽകി വിവിധ നിയമങ്ങളുമായി അവയെ ബന്ധപ്പെടുത്തി. ഇത് ഏവർക്കും ബാധകമായ പ്രകൃതി നിയമമാണ്.ബഹുമാന്യമായ ഈ സൻമാർഗികതയെ എല്ലാവരും ഇഷ്ടപ്പെടുന്നു.

ആകാശമെന്ന സംജ്ഞയെ മെൻഷ്യസ് മനസ്സിലാക്കുന്നത് ബോധാത്മകമായ അസ്തിത്വം എന്നാണ്. അതിനെ ദൈവം എന്ന സംജ്ഞക്ക് പകരമായി ഉപയോഗിക്കാവുന്നതാണ്. ദൈവത്തിന്റെ സചേതനവും സർഗാത്മകവുമായ തത്ത്വത്തെയാണ് ആകാശം എന്ന പദം കൊണ്ട് പ്രതീകവത്ക്കരിക്കുന്നത്. അദ്ദേഹം പറയുന്നു:

> കവിതയുടെ പുസ്തകത്തിൽ ഇത് വിശദീകരിച്ചിട്ടുണ്ട്.
> ദൈവത്തിന്റെ ആജ്ഞകളുമായി സാമഞ്ജസ്യം പ്രാപിക്കാൻ ,എപ്പോഴും പഠിതാവായിരിക്കുക. അതു കൊണ്ട് നിങ്ങൾക്ക് തീർച്ചയായും സ്വയം സന്തുഷ്ടി ലഭിക്കും. അബോധാത്മകമായ പ്രകൃതിയുടെ വെറുമൊരു ഉത്പന്നമാണ് മനുഷ്യൻ എന്ന് പറയുന്നതിനേക്കാൾ, വ്യക്തമായും മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണ് എന്നാണ് ക്ലാസിക്കൽ കൺഫ്യൂഷൻ സാഹിത്യങ്ങൾ പറയുന്നത്. കൺഫ്യൂഷൻ ദർശനപ്രകാരം ഒരാളുടെ പ്രകൃതിയെ കുറിച്ച് ആത്യന്തിക ജ്ഞാനം ആർജിക്കുക എന്നതിനർത്ഥം ദൈവവുമായി സാമഞ്ജസ്യമുണ്ടാക്കുക എന്നാണ്. ആകാശത്തെ(ദൈവം) സംബന്ധിച്ച മനുഷ്യന്റെ ആത്യന്തിക ദർശനമിതാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദൈവിക ഗുണങ്ങളുടെ പ്രതിഛായയിലാണ് എന്ന ഖുർആനികാദ്ധ്യാപനങ്ങൾക്ക് സമാനമാണ് ഈ വിശ്വാസം.

> അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി കൈക്കൊള്ളുക

കൺഫ്യൂഷസ് വീണ്ടും പറയുന്നു. മനുഷ്യൻ ദൈവത്തിന്റെ ഈ പ്രതിഛായയെ സംബന്ധിച്ചുള്ള നേരിട്ടുള്ള ജ്ഞാനം കരസ്ഥമാക്കാൻ ബോധപൂർവമായ ഒരു ശ്രമം നടത്തേണ്ടതുണ്ട്. നിദ്രാണ ദശയിൽ അവന്റെ പ്രകൃതിയിൽ നില കൊള്ളുന്ന ഈ ഗുണങ്ങൾ വികസിപ്പിക്കണം. അവൻ ബോധപൂർവം ഈ പ്രയത്നം നടത്തുന്നില്ലെങ്കിൽ മനുഷ്യന്റെ ധാർമിക വികാസം ദൈവത്തിന്റെ പ്രതിഛായയിൽ എത്തിച്ചേരുമെന്നതിനെ സംബന്ധിച്ച് യാതൊരു ഉറപ്പുമില്ല.

കൺഫ്യൂഷസിന്റെ അഭിപ്രായപ്രകാരം മനുഷ്യന്റെ കർമത്തിൽ നിന്നും സ്വഭാവത്തിൽ നിന്നും (ധാർമികത, അന്തസ്, ഔചിത്യം) വിഭിന്നമായി ജ്ഞാനത്തിന് വേറിട്ട ഒരസ്തിത്വമില്ല. ഇത് രണ്ടും തമ്മിൽ അത്യഗാധമായി ബന്ധ പ്പെട്ടിരിക്കുന്നു. താഴെ പറയുന്ന വചനങ്ങൾ ഇത് സൂചിപ്പിക്കുന്നു.

യജമാനൻ(കൺഫ്യൂഷസ്) പറഞ്ഞു:

> മനുഷ്യന്റെ ജ്ഞാനം എന്തെങ്കിലുമൊന്ന് ലബ്ധമാകാൻ പക്വത പ്രാപിക്കുകയും അവന്റെ ധാർമ്മികതക്ക് അത് കൈക്കൊള്ളാൻ പക്വമാകാതിരിക്കുകയും ചെയ്യുമ്പോൾ അവന് എന്ത് ലഭിച്ചാലും അത് വീണ്ടും നഷ്ടമാവും. അവന്റെ ജ്ഞാനം അത് പ്രാപിക്കാൻ പക്വമാവുകയും അവന് അത് കൈക്കൊള്ളാൻ വിവേകം ഉണ്ടാവുകയും ചെയ്യുന്നുവെന്നിരി

ക്കട്ടെ. അപ്പോൾ അവന് അന്തസ്സോടെ പെരുമാറാൻ കഴിഞ്ഞില്ലെങ്കിൽ ജനങ്ങൾ അവനെ ബഹുമാനിക്കില്ല. എന്തെങ്കിലുമൊന്ന് ലബ്ധമാകാൻ അവന്റെ ജ്ഞാനം പക്വമാവുകയും അവന്റെ ധാർമികത മുറുകെ പിടിക്കുവാൻ കഴിവുറ്റതാവുകയും അവൻ അന്തസ്സോടെ പെരുമാറുകയും ചെയ്യുന്നുവെന്നിരിക്കട്ടെ. എന്നാൽ, ജനങ്ങളുടെ ഔചിത്യബോധത്തിനെതിരെ അയാൾ ചലിക്കുകയാണെങ്കിൽ അയാൾ പൂർണമായ കഴിവുകൾ ആർജിച്ചവനാകില്ല.

മനുഷ്യന്റെ മേൽ അവന്റെ സ്രഷ്ടാവിന് വമ്പിച്ച സ്വാധീനമുണ്ടെന്നും അവൻ മാത്രമേ ആരാധനക്ക് അർഹനായുള്ളൂ എന്നും കൺഫ്യൂഷസിന് പൂർണ ബോധ്യമുണ്ടായിരുന്നു. താഴെ എഴുതിയ വചനത്തിൽ നിന്ന് ഇത് വ്യക്തമാകുന്നു.

> വാങ്ങ് സൺ ചിയ പറയുന്നു: (ഗുരുവായ കൺഫ്യൂഷസിനോട്) അങ്കണത്തിന്റെ തെക്ക് പടിഞ്ഞാറ് മൂലയിലേക്ക് തിരിയുന്നതിനേക്കാൾ ജ്വാലാ മുഖത്തേക്ക് തിരിയുന്നതാണ് നല്ലത് എന്ന് പറയുന്നതിന്റെ അർഥമെന്ത്? ഗുരു പറഞ്ഞു. അങ്ങനെയല്ല ആകാശത്തിനെതിരെ (ദൈവത്തിനെതിരെ) ആക്രമണം കാണിക്കുന്ന ഒരാൾക്ക് മറ്റാരോടാണ് പ്രാർഥിക്കാൻ കഴിയുക.

ദൈവത്തിന്റെ സർഗാത്മക തത്വങ്ങൾക്കെതിരായ പ്രവർത്തനം എന്നത് മനുഷ്യന്റെ ആന്തര പ്രകൃതിക്കെതിരെയുള്ള പ്രവർത്തനമാണ്. ആ ആന്തര പ്രകൃതി ദൈവത്തിന്റെ ഗുണങ്ങൾ മനുഷ്യനിൽ പ്രതിഫലിക്കുന്ന ഒരു ദർപ്പണം പോലെ ദൈവം അവനിൽ രൂപകൽപന ചെയ്ത് സൃഷ്ടിച്ചതാണ്. ദൈവത്തിൽ നിന്ന് മുഖം തിരിക്കുന്ന ഒരാൾ ഈ ആന്തര പ്രകൃതിയിൽ നിന്നു തന്നെയാണ് മുഖം തിരിക്കുന്നത്.

മൂല സ്രോതസ്സിൽ നിന്നുള്ള കൺഫ്യൂഷസിന്റെ മേൽ ഉദ്ധരണി കൺഫ്യൂഷൻ മതം മനുഷ്യ നിർമിതമായ ഒരു തത്വശാസ്ത്രമല്ലെന്ന് നമുക്ക് മനസ്സിലാക്കാം. അതിന്റെ അകക്കാമ്പിൽ തന്നെ, പുറമെ നില നിൽക്കുന്ന ഒരു സ്രഷ്ടാവിന്റെ അസ്തിത്വമുണ്ടെന്ന വിശ്വാസം ഉൾക്കൊള്ളുന്നു. ആ ഉദ്ധരണികൾ വീണ്ടും വിശദീകരിക്കുന്നു. അതായത് ദൈവ ത്തെ ആരായുന്ന അവശ്യഘടകമില്ലാത്തതും, പ്രായോഗികമായി ദൈവത്തിന്റെ ആജ്ഞകൾ ജീവിതത്തിൽ നടപ്പിലാക്കാതെയുമുള്ള വെറും അറിവിന് യാതൊരു വിലയുമില്ല.

അത് മാത്രമല്ല. താഴെ കൊടുത്ത കൺഫ്യൂഷസിന്റെ ഉദ്ധരണിയിൽ നിന്ന് മനുഷ്യവംശത്തിന്റെ ക്ഷേമത്തിലും അഭിവൃദ്ധിയിലും സജീവ താൽപര്യം കാണിക്കുന്ന അസ്തിത്വമായിട്ടാണ് ദൈവത്തെ (ആകാശത്തെ) വർണിച്ചിട്ടുള്ളതെന്ന് നമുക്ക് മനസ്സിലാക്കാം. മനുഷ്യന്റെ സൻമാർഗ ദർശനത്തിനായി സത്യം സ്ഥാപിക്കാൻ അനുയോജ്യരായ ആളുകളെ ദൈവം തിരഞ്ഞെടുക്കുന്നു.ദൈവത്താൽ സ്ഥാപിതമാവുന്ന സത്യത്തിന്റെ മൂല്യം ഉയർത്തിപ്പിടിക്കുന്നതിനു വേണ്ടിയാണ് ദൈവം ഇപ്രകാരം ചെയ്യുന്നത്.

ബൈബിളിലും ഖുർആനിലും പ്രതിപാദിക്കപ്പെട്ട പ്രവാചകൻമാർക്ക് തുല്യനായ ഒരാളായി ഈ ചൈനീസ് പുണ്യവാളനെ കണക്കാക്കാവുന്നതാണ്. അതായത് ദൈവത്തിന്റെ പ്രതിനിധിയായിക്കൊണ്ട് അല്ലെങ്കിൽ പ്രവാചകനായി അദ്ദേഹത്തെ കണക്കാക്കാം. കൺഫ്യൂഷസിന്റെ താഴെ പറയുന്ന പ്രസ്താവനയിൽ നിന്ന് ഇതിന്റെ സാമ്യത കണ്ടെത്താവുന്നതാണ്.

> ഗുരു(കൺഫ്യൂഷസ്) വാങ്ങ് രാജാവിനെ ഭയന്നിരുന്നു. അദ്ദേഹം (കൺഫ്യൂഷസ്) പറഞ്ഞു; വാങ്ങ് രാജാവിന്റെ മരണത്തിന് ശേഷം സത്യമാർഗം എന്നിൽ നിക്ഷിപ്തമായിരുന്നില്ലേ? ആകാശം(ദൈവം) സത്യം നശിപ്പിക്കാനാഗ്രഹിക്കുന്നുവെങ്കിൽ പിന്നീട് നശ്വരനായ എനിക്ക് അതുമായി എങ്ങനെ ബന്ധപ്പെടാൻ സാധിക്കും. ആകാശം സത്യത്തെ നശിപ്പിക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ വാങ്ങ് രാജാവിന്റെ ആളുകൾക്ക് എന്നെ എന്ത് ചെയ്യാൻ കഴിയും?

സത്യത്തിന്റെ ആത്യന്തികമായ വിജയം ദൈവത്തിന്റെ അചഞ്ചലമായ വിധിയാണ് എന്ന പൂർണ ബോധ്യമാണ് കൺഫ്യൂഷസ് ഇവിടെ പ്രകടിപ്പിക്കുന്നത്. ദൈവത്തിന്റെ സുരക്ഷിതമായ കരങ്ങളിൽ അദ്ദേഹം വെറുമൊരു ഉപകരണം മാത്രമായിരുന്നു. എത്ര ശക്തരായ എതിരാളികളായിരുന്നാൽ പോലും സത്യം പൂർണമായും സ്ഥാപിക്കാതെ ദൈവം നേരിട്ട് നിയോഗിച്ച ആളുകളെ ഇല്ലാതാക്കാൻ ദൈവം അനുവദിക്കില്ല. ഇതാണ് ബൈബിളിലും ഖുർആനിലും വർണിക്കപ്പെട്ട ചിത്രം. ദൈവത്തിന്റെ ഗുണങ്ങൾ സ്വായത്തമാക്കുന്ന മഹാൻമാരായ ആളുകളെയാണ് അത്ത രം പ്രവർത്തികൾക്ക് വേണ്ടി ദൈവം തിരഞ്ഞെടുക്കുന്നത്.

> കൺഫ്യൂഷസ് പറഞ്ഞു: പരമാധികാരിയായ രാജാവ് എന്ന നിലക്ക് യാവോ മഹത്വവാൻ തന്നെ. ആകാശം (ദൈവം) അതൊന്നു മാത്രമാണ് മഹത്ത്വവാനാ

യിട്ടുള്ളത്. യാവോ അതിന് സാമാന്തരൻ മാത്രമേ ആകുന്നുള്ളൂ. അവന്റെ (ദൈവത്തിന്റെ) മഹത് ഗുണങ്ങൾ അതി വിശാലമാണ്. ആളു കൾക്ക് അതിന് ഒരു പേർ നൽകാനാവില്ല.

മറ്റു വചനങ്ങളിൽ, ദൈവഗു ണങ്ങളെ ഒരാൾ സ്വായത്തമാക്കു മ്പോൾ അയാളുടെ ഗുണങ്ങൾ മഹത്ത്വമാർജിക്കുന്നു. ജനങ്ങൾക്ക് അദ്ദേഹത്തെ വിവരിക്കാൻ അനു യോജ്യമായ വാക്കുകളില്ല. കൺഫ്യൂഷസ് പറയുന്നു:

> ചാങ്ങ് പറഞ്ഞു: യാവു ഷങ്ങിനെ എങ്ങനെയാണ് ആകാശത്തിന് (ദൈവ ത്തിന്) സമർപ്പിച്ചതെന്നും എങ്ങനെയാണ് ആകാശം അദ്ദേഹത്തെ സ്വീകരിച്ച തെന്നും എങ്ങനെയാണ് ജനങ്ങൾക്ക് മുമ്പിൽ അയാളെ പ്രദർശിപ്പിച്ച തെന്നും ജനങ്ങൾ അദ്ദേഹത്തെ എങ്ങനെ യാണ് സ്വീകരിച്ചതെന്നും ചോദിക്കാൻ ഞാൻ ആഗ്ര ഹിക്കുന്നു.

ഈ വചനത്തിൽ ആകാശം എന്നാൽ ഈ ബ്രഹ്മാണ്ഡമല്ല എന്ന് വ്യക്തമായും മനസ്സിലാവുന്നു. അതൊരു സജീവ ബോധാസ്തി ത്വവും ദൈവം എന്ന സംജ്ഞയുടെ സമാനപദവുമാണ്. ദൈവം പ്രവാ ചകൻമാരെ തിരഞ്ഞെടുക്കുന്നത് പോലെ ആകാശം ചില മാനദണ്ഡ ങ്ങളുടെ അടിസ്ഥാനത്തിലാണ് പുണ്യവാളൻമാരെ തിരഞ്ഞെടുക്കു ന്നത്. നമ്മുടെ അഭിപ്രായത്തിൽ ബൈബിളും ഖുർആനും പ്രതിപാ ദിക്കുന്ന പ്രവാചകൻമാരുടെ അതേ ഗുണങ്ങളുള്ളവരാണ് ചൈനീസ് പുണ്യവാളൻമാർ. മേലുദ്ധരിച്ച വച നങ്ങൾ അതിനുള്ള സുവ്യക്തമായ ദൃഷ്ടാന്തങ്ങളാണ്.

കൺഫ്യൂഷൻ ദർശനങ്ങളെ പ്പറ്റിയുള്ള കൂടുതൽ പഠനങ്ങൾ സൂചിപ്പിക്കുന്നത് വെളിപാടുകൾ എന്നത് ജീവിതത്തിന്റെ യാഥാർഥതത്ത്വം സ്ഥാപിക്കുന്ന ഒരു ഉപകരണം മാത്രമല്ല. മനു ഷ്യന്റെ ദൈനം ദിന ജീവിതത്തിൽ അവന്റെ പ്രവർത്തികളെ സൻമാർഗത്തിലേക്ക് നയിക്കാ നുള്ള പ്രയോഗിത മൂല്യം കൂടി അതിനുണ്ട്. ഫൂഷീയുടെ ദർശന ങ്ങളും ചൈനീസ് നാഗരികതയിൽ അതിന്റെ പ്രയോഗത്തെ പറ്റിയും നാം പ്രതിപാദിച്ചു കഴിഞ്ഞു. സഹ സ്രാബ്ദങ്ങളോളം സ്വാധീനം ചെലു ത്തിയവയായിരുന്നു അവ. ആ ജന തയുടെ ഭൗതിക ജീവിതത്തിന്റെ ക്ഷേമത്തിന് വെളിപാടുകൾ വഹിച്ച പങ്കിനെ പറ്റി നാം മറ്റു ചില ഉദാഹ രണങ്ങൾ ഇവിടെ പ്രതിപാദിക്കാം.

> .....രാജാവ് സംസാരിക്കു മ്പോൾ അദ്ദേഹത്തിന്റെ വചനങ്ങൾ അവർക്കായി കൽപനകൾ നൽകുന്നു. അദ്ദേഹം നിശബ്ദനാകു മ്പോൾ മന്ത്രിമാർക്ക് കൽപനകൾ ലഭിക്കാൻ മറ്റു വഴികളില്ല. ഇതിനെ പറ്റി രാജാവ് ഒരു ലിഖിത മെഴുതി അവരെ ഇപ്ര കാരം അറിയിച്ചു: ഈ സാമ്രാജ്യത്തിനു നാലു ഭാഗത്തുമുള്ള ധർമത്തെ സംരക്ഷിക്കുക എന്നത് എന്റെ കടമയാകുന്നു. എന്റെ കർമങ്ങൾ എന്റെ മുൻഗാമിയുടേതിനോടു സമമാകുമോ എന്നും ആയതിനാൽ ദൈവം എന്നോട് സംസാരിക്കപ്പെ ടില്ല എന്നും ഞാൻ ഭയപ്പെ ടുന്നു. എന്നാൽ, ഭവ്യത യോടെയും നിശബ്ദ മായും സത്യമാർഗത്തെ സംബന്ധിച്ച ചിന്തകളിൽ മുഴുകിയപ്പോൾ ദൈവം എനിക്ക് നല്ലൊരു സഹാ യിയെ നൽകുന്നതായി ഞാൻ ഒരു സ്വപ്നം കണ്ടു. ആ സഹായി എനിക്ക് വേണ്ടി സംസാ രിക്കുകയും ചെയ്യും. ആ സഹായിയുടെ രൂപത്തെ പറ്റിയുള്ള സൂക്ഷ്മമായ വിവരങ്ങൾ സ്വപ്നത്തിൽ വിവരിച്ചിരുന്നു. ആ രൂപ ത്തിന്റെ സഹായത്തോടെ അയാൾക്ക് വേണ്ടി സാമ്രാജ്യത്തിലുടനീളം അന്വേഷണം നടത്തി. ഫൂയെൻ ദേശത്തെ യൂയെ എന്ന നിർമാണ വിദഗ്ധനെ സ്വപ്നത്തിൽ കണ്ടത് പോലെയുള്ള ഒരാ ളായി കണ്ടെത്തി. അപ്പോൾ രാജാവ് അയാളെ തന്റെ പ്രധാനമന്ത്രിയായി നിയമിച്ചു. തന്റെ അടുത്ത് തന്നെ ഇരുത്തി. എന്റെ സദ്കർമങ്ങളെ രാവി ലെയും വൈകുന്നേരവും പരിശോധിക്കുവാൻ അദ്ദേ ഹത്തെ ചുമതലപ്പെടു ത്തുകയും ചെയ്തു...

ഇവിടെ രാജാവിന് തന്റെ ഭര ണകൂടത്തിന്റെ വൈഷമ്യങ്ങൾ എങ്ങനെ അല്ലെങ്കിൽ ആരാൽ പരി ഹരിക്കപ്പെടണമെന്നതിനെക്കുറിച്ച് അറിയാൻ യാതൊരു വഴിയുമില്ലാ യിരുന്നു. രാജാവിന് ദൈവം ഒരു സ്വപ്നം മുഖേന അത് വെളിപ്പെടു ത്തിക്കൊടുക്കുകയാണുണ്ടായത്.

വാങ്ങ് രാജാവ് എന്ന മഹാ ജ്ഞാനിയായ ഒരാളുമായി ബന്ധ പ്പെട്ട ഒരു പരാമർശം ഇങ്ങനെയാ ണ്.

> ദൈവം വാങ്ങ് രാജാവി നോട് പറഞ്ഞു:
> ഇതിനെ നിരാകരിച്ചു കൊണ്ട് അതിൻ മേൽ
> അള്ളിപ്പിടിച്ചയാളെ പോലെ യാകരുത്.
> ആഗ്രഹങ്ങളാലും, അഭിലാ ഷങ്ങളാലും
> ഭരിക്കപ്പെടുന്ന ഒരാളെപോ ലെയുമാകരുത്.
> അതുകൊണ്ട് അദ്ദേഹം മഹത്ത്വമാർന്ന രീതിയിൽ

മറ്റുള്ളവരേക്കാൾ മുമ്പേ ഉയ
രങ്ങളിലേക്ക് ആരോഹിതനാ
വും.
മെഹിലെ ജനത അനുസര
ണക്കേട് കാണിച്ചവരായിരു
ന്നു,..
ദൈവം വാൻ രാജാവി
നോട് പറഞ്ഞു:
ഞാൻ നിന്റെ ധൈഷ
ണികബദ്ധമായ
ധാർമികതയിൽ പ്രസാദിച്ചി
രിക്കുന്നു,
അത് ഉച്ചത്തിൽ പ്രഖ്യാപി
ക്കുകയോ
പരത്തുകയോ ചെയ്യരുത്.
ധൂർത്തോ ചാപല്യമോ
കൂടാതെ
നിങ്ങളുടേതായ ഒരു
ശ്രമവും കൂടാതെ
ദൈവ നിർദേശപ്രകാരം
തന്നെ
ദൈവം വാൻ രാജാവി
നോട് പറഞ്ഞു:
നിന്റെ ശത്രുരാജ്യത്തി
നെതിരെ നടപടികൾ
കൈക്കൊള്ളുക, നിന്റെ
സഹോദരൻമാരോടൊപ്പം
നിന്റെ ഉത്തുംഗമായ
ഗോവണി തയ്യാറാക്കുക.
തൂങ്ങിന്റെ മതിലുകൾ
ആക്രമിക്കാൻ
നിന്റെ ആക്രമണങ്ങളു
ടെയും തിരിച്ചടിയുടേയും
യന്ത്രം തയ്യാറാക്കി
നിറുത്തുക.

ദൈവം തന്റെ ദാസനെ പ്രതിനിധിയായി തിരഞ്ഞെടുക്കുന്ന പ്രക്രിയയാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ആദ്യം വാൻ രാജാവിനെ മാർഗനിർദേശം ചെയ്യുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ആജ്ഞകൾ പ്രാവർത്തികമാക്കിക്കൊണ്ട് അദ്ദേഹം പ്രതികരിക്കുന്നു. അങ്ങനെ അദ്ദേഹം ദൈവത്തിന്റെ കണ്ണിൽ അത്യുന്നത പദവിയിലേക്കുയരുകയും ചെയ്യുന്നു.

മേൽ ഉദ്ധരണിയിലെ ഉപസംഹാര വാചകം ദാവീദിന്റെ ബൈബിളിലെ വാക്യമാണ് ഓർമിപ്പിക്കുന്നത്. ദാവീദ് ദൈവത്തിന്റെ പ്രവാചകനും രാജാവുമായിരുന്നല്ലോ.

സത്യത്തെ വിപാടനം ചെയ്യാനെത്തിയ തന്റെ ശത്രു വിനെ ആക്രമിക്കാനുള്ള അനുവാദം ദാവീദ് ദൈവത്തോട് ചോദിക്കുകയും അത് നൽകുകയും ചെയ്തു. അതുപോലെ തന്നെയായിരുന്നു വാൻ രാജാവും. മത താരതമ്യ ചരിത്രം പഠിക്കുമ്പോൾ വാൻ രാജാവും ദാവീദ് രാജാവുമായി മറ്റു ചില സാമ്യതകളും വെളിപ്പെടുന്നു. നാം ഇപ്പോൾ അത്തരമൊരു സുദീർഘമായ ചർച്ചയിലേക്ക് കടക്കുന്നില്ല.മേൽ ചേർത്ത ഉദ്ധരണിയുടെ സഹായത്താൽ ചൈനീസ് മതത്തിലും ദർശനത്തിലും വെളിപാടുകൾക്ക് ഉണ്ടായിരുന്ന സ്ഥാനം സുതരാം വ്യക്തമാണ്. സത്യം ഗ്രഹിക്കാൻ അത് ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപാധിയാണ്. ചൈനീസ് ക്ലാസിക്ക് സാഹിത്യത്തിൽ നിന്നുള്ള മറ്റു പല ഉദാഹരണങ്ങളും കൺഫ്യൂഷൻ മതം ബാഹ്യമായ ഒരു ദൈവത്തിൽ വിശ്വാസമില്ലാത്ത മനുഷ്യനിർമിതമായ ഒരു ദർശനമായി കണക്കാക്കുവാൻ സാധ്യമല്ലെന്നാണ് തെളിയിക്കുന്നത്. മറിച്ച് ദൈവം എന്നത് ഈ വിശ്വാസത്തിന്റെ സ്വാഭാവികമായ ഭാഗമാണ്. സ്വപ്നത്തിലൂടെയും ആത്മ ദർശനത്തിലൂടെയും ലഭിച്ചതെല്ലാം തീർച്ചയായും ദൈവവുമായുള്ള ബന്ധത്തിന്റെ ഭാഗം തന്നെയാണ്.

## REFERENCES



1. CHOU, C.H. [year unknown] *Acupuncture and Science*. 1st ed. Shi-Wei Typographic Co., Ltd., Taiwan
2. ZHENG, M.Q. , LIN, P.S. [year unknown] *History of Medicine of China*. Shang Wu Printing and Publishing House, Taiwan, pp.2–3
3. LEGGE, J. (1985) *The Four Books*. The Great Learning, The Doctrine of the Mean, Confucian Analects and the Works of Mencius. 2nd ed, Culture Book Co., Taiwan, p.862
4. LEGGE, J. (1985) *The Four Books*. The Great Learning, The Doctrine of the Mean, Confucian Analects and the Works of Mencius. 2nd ed, Culture Book Co., Taiwan, p. 863
5. LEGGE, J. (1985) *The Four Books*. The Great Learning, The Doctrine of the Mean, Confucian Analects and the Works of Mencius. 2nd ed, Culture Book Co., Taiwan, p. 544
6. Translation of Holy Quran 30:31
7. LEGGE, J. (1985) *The Four Books*. The Great Learning, The Doctrine of the Mean, Confucian Analects and the Works of Mencius. 2nd ed, Culture Book Co., Taiwan, pp. 354–355
8. LEGGE, J. (1985) *The Four Books*. The Great Learning, The Doctrine of the Mean, Confucian Analects and the Works of Mencius. 2nd ed, Culture Book Co., Taiwan, pp. 152–153
9. LEGGE, J. (1985) *The Four Books*. The Great Learning, The Doctrine of the Mean, Confucian Analects and the Works of Mencius. 2nd ed, Culture Book Co., Taiwan, pp. 231–232
10. LEGGE, J. (1985) *The Four Books*. The Great Learning, The Doctrine of the Mean, Confucian Analects and the Works of Mencius. 2nd ed, Culture Book Co., Taiwan, p. 632
11. LEGGE, J. (1985) *The Four Books*. The Great Learning, The Doctrine of the Mean, Confucian Analects and the Works of Mencius. 2nd ed, Culture Book Co., Taiwan, p. 793
12. LEGGE, J. (1865) *The Chinese Classics*. Vol. III, Part I, The Shoo King. Trübner Co., London. pp.248–252
13. LEGGE, J. (1871) *The Chinese Classics*. The She King, Part III. Decade of King Wan Book I, Vol. IV, Part II, Trübner and Co., London. pp. 452–454


www.alislam.org

# മനുഷ്യഭാഷ: ഒരു നിഗൂഢ യാഥാർത്ഥ്യം

മനുഷ്യഭാഷ ശാസ്ത്രത്തിന് മുന്നിൽ കുരുക്കഴിക്കാൻ കഴിയാത്ത ഒരു നിഗൂഢ പ്രതിഭാസമായി നിൽക്കുന്നു. ദൈവമാണ് മനുഷ്യന് ഭാഷണ സിദ്ധിയും ഭാഷയും നൽകിയത്. മനുഷ്യന് ദൈവപ്രോക്തമായ ഒരു മൂലഭാഷ ആവശ്യമാണെന്ന് യുക്തിയും അനുഭവങ്ങളും ആവശ്യപ്പെടുന്നു. .

എ. എം. മുഹമ്മദ് സലീം




*നിരുപാധികം കരുണ ചെയ്യുന്ന ദൈവം (അർറഹ്മാൻ), അവൻ ഖുർആൻ പഠിപ്പിച്ചു. മനുഷ്യനെ (സാമൂഹ്യജീവിയായ മനുഷ്യനെ - ഇൻസാൻ) സൃഷ്ടിക്കുകയും അവന് ഭാഷണ സിദ്ധിയോടു കൂടിയ ആശയ പ്രകടന രീതി (ബയാൻ) പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. (വി. ഖുർആൻ - സൂറ: റഹ്മാൻ 55: 24)*

മനുഷ്യന് ഉന്നതമായ ലക്ഷ്യങ്ങൾ കൈവരിക്കാൻ ദൈവം അവന്റെ അപാരമായ അനുഗ്രഹ സമ്പത്തിൽ നിന്ന് ധാരാളം വരങ്ങൾ ദാനം ചെയ്തിട്ടുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടതാണ് മനുഷ്യന്റെ ഭാഷണ സിദ്ധിയും മനുഷ്യന്റെ ഭാഷയും. ഭാഷയില്ലാത്ത അവസ്ഥയെപറ്റി ഒന്നാലോചിച്ചു നോക്കൂ. അംഗചലനങ്ങൾ കൊണ്ടും മുഖഭാവങ്ങൾ കൊണ്ടും ഒരു പരിധിവരെ നമുക്ക് ആശയവിനിമയം നടത്താൻ കഴിഞ്ഞെന്നു വരും. പക്ഷേ ഒരു സാമൂഹിക സാംസ്കാരിക മത ധൈഷണിക ജീവിതം കെട്ടിപ്പടുക്കാൻ തീർച്ചയായും മനുഷ്യന് ഭാഷയില്ലാതെ സാദ്ധ്യമല്ല. ദൈവം മനുഷ്യന്റെ ശരീരത്തിലും ആത്മാവിലും ജനിതകപരമായി സന്നിവേശിപ്പിച്ച അത്ഭുതസിദ്ധിയാണ് മനുഷ്യന്റെ ഭാഷണ ശേഷി. മനുഷ്യന്റെ ജൈവിക പ്രകൃതിക്ക് യോജിച്ച അവികലമായ ഒരു ഭാഷയും ദൈവം അവന് നൽകി അനുഗ്രഹിച്ചു. അതാണ് അറബി ഭാഷ. ആ പ്രഥമ ഭാഷ ദൈവം മനുഷ്യനെ അഭ്യസിപ്പിക്കുകയും ചെയ്തുവെന്നാണ് ഖുർആൻ പറയുന്നത്. ഭാഷയുടെ ദൈവികോത്ഭവത്തെ കുറിച്ചും ദൈവജന്യമായ അറബി ഭാഷയുടെ സവിശേഷതകളെക്കുറിച്ചും വളരെ യുക്തിസഹമായി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) തന്റെ മിനനുർ റഹ്മാൻ (കരുണാനിധിയുടെ അനുഗ്രഹ ദാനങ്ങൾ) എന്ന വിഖ്യാതമായ

പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. മനുഷ്യന്റെ ദൈവദത്തമായ ഭാഷണ ശേഷിയെ പറ്റിയും ഭാഷകളുടെ മാതാവായ അറബിയെ സംബന്ധിച്ചുമുള്ള അവകാശവാദങ്ങൾ കേവലം വൈകാരികമോ മതപക്ഷപാതിത്വത്തിന്റേയോ അടിസ്ഥാനത്തിലുള്ള ഒരു അവകാശവാദമല്ല. ഇന്നും ശൈശവദശ പിന്നിട്ടിട്ടില്ലാത്ത ഭാഷാവിജ്ഞാനീയത്തിന് (Philology) മുമ്പിൽ ഹദ്റത്ത് അഹ്മദ് (അ) സമർപ്പിച്ച ശാസ്ത്ര മാനങ്ങളുള്ള അത്യുജ്ജ്വലമായ ഒരു പ്രമേയമാണ് ഈ ഗ്രന്ഥം. സംസ്കൃതം, ഹിബ്രു, ലാറ്റിൻ, ഇംഗ്ലീഷ് മുതലായ ഭാഷകളിലെ ആയിരക്കണക്കിന് പദങ്ങളെ പറ്റി പഠിച്ചു തയ്യാറാക്കിയ **മിനനുർ റഹ്മാൻ** എന്ന പുസ്തകം 1895 ലാണ് എഴുതിയത്. ഈ പുസ്തകത്തിലെ ഓരോ വചനവും ഭാഷയെ സംബന്ധിച്ച് ഓരോ ഗവേഷണത്തിനുള്ള തീസീസുകളാണെന്ന് പറയാം. അത്രക്ക് ഈ വിഷയത്തിൽ ഉൾക്കാഴ്ച്ച നൽകുന്നതാണ് ഈ ഗ്രന്ഥം. 1964ൽ Favours of the Benificent എന്ന പേരിൽ ആ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയും പ്രസിദ്ധീകരിക്കപ്പെട്ടു.

ഹദ്റത്ത് അഹ്മദ് (അ) എഴുതുന്നു:

***മനുഷ്യൻ എന്താണ്? അവൻ വ്യക്തമായും ഒരു മൃഗമായിട്ടാണ് കാണപ്പെടുന്നത്. ഭാഷണവൃത്തിയുടെ കാരണം കൊണ്ട് മാത്രമാണ് മറ്റു മൃഗങ്ങളിൽ നിന്നും മനുഷ്യൻ വ്യത്യസ്തനായി കാണപ്പെടുന്നത്. ഇത് തെളിയിക്കുന്നത് ഭാഷണ വൈഭവമാണ് മാനുഷതയുടെ സാരസത്ത് എന്നാണ്. മനുഷ്യന്റെ മറ്റു കഴിവുകൾ എല്ലാം ഈ മുഖ്യ ഗുണത്തെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ഭാഷ ദൈവത്തിൽ നിന്നല്ല എന്ന് പറയുന്നതാകയാൽ മനുഷ്യന്റെ മാനുഷതയും ദൈവത്തിൽ നിന്നല്ല എന്ന് പറയേണ്ടിവരും. ദൈവം ഏത് വിധത്തിലാണോ മനുഷ്യന്റെ സ്രഷ്ടാവെന്ന് വ്യക്തമാവുന്നത് അവൻ തന്നെയാണ് ഭാഷകളുടെ ബോധകനും. (മിനനുർറഹ്മാൻ Favours of the Benificent. 30)***

നാം ദിനേന അതിലാഘവത്തോടെ കൈകാര്യം ചെയ്തുപോരുന്ന ഭാഷ അതി സങ്കീർണമായ ഒരു അത്ഭുത പ്രതിഭാസമാണ്. മനുഷ്യഭാഷയുടെ നിഗൂഢതകൾക്കും ദുർഗ്രാഹ്യതക്കും മുമ്പിൽ ആധുനിക ഭാഷാശാസ്ത്രം പോലും വിസ്മയം കൂറി അന്തം വിട്ടു നിൽക്കുകയാണ്. വാസ്തവത്തിൽ ഭാഷയെന്ന ഉപകരണമാണ് മനുഷ്യന്റെ സമസ്ത പുരോഗതിക്കും അടിസ്ഥാനം.

ഭൗതിക സാമൂഹിക ശാസ്ത്രജ്ഞന്മാർ മനുഷ്യ പുരോഗതിക്ക് നിദാനം മനുഷ്യന്റെ കായികാദ്ധ്വാനമാണെന്നും അവൻ കണ്ടെത്തിയ കാർഷിക വ്യവസായ ഉപകരണങ്ങൾ അതിന്റെ നിദർശനമാണെന്നും വാദിക്കുന്നു. ആധുനിക ശാസ്ത്ര സമൂഹം ഇതെല്ലാം യുക്തി സഹമല്ലാത്ത പഴഞ്ചൻ ജൽപ്പനങ്ങളാണെന്ന നിലയിൽ അവഗണിച്ചിരിക്കയാണ്. മനുഷ്യന്റെ പുരോഗതിക്കും അവന്റെ ധൈഷണികവും ധാർമികവുമായ അഭിവൃദ്ധിക്കും മനുഷ്യഭാഷയാണ് നിദാനം എന്ന അഭിപ്രായമാണ് പ്രബലപ്പെട്ടു വരുന്നത്. അതി പുരാതന കാലം മുതൽ മനുഷ്യൻ ഉപയോഗിച്ചു വരുന്ന ഒരു സവിശേഷ ജൈവ ഉപകരണമാണ് ഭാഷ. ആധുനിക മനുഷ്യന്റെ ഏറ്റവും മുന്തിയ നിർമിതിയേക്കാളും കണ്ടുപിടുത്തങ്ങളേക്കാളും അതിസങ്കീർണവും ബുദ്ധിപരമായ ഘടനാ വിശേഷത്തോടുകൂടിയതുമാണ് മനുഷ്യ ഭാഷ. ആധുനിക ശാസ്ത്രത്തിന് പോലും നാം ഉപയോഗിക്കുന്ന ഭാഷയുടെ നിഗൂഢതയുടെ കുരുക്കഴിക്കാൻ കഴിഞ്ഞിട്ടില്ല. നിരവധി വൈജ്ഞാനിക ശാഖകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ആ സംരംഭം ശാസ്ത്രലോകം തുടരുകയാണ്. അത്തരത്തിലുള്ള മനുഷ്യ ഭാഷ പ്രാകൃത മനുഷ്യൻ സ്വയം നിർമിച്ചു ഉപയോഗിച്ചു തുടങ്ങി എന്ന ഭൗതികവാദികളുടെ അയുക്തികമായ അഭിപ്രായങ്ങളെ ആധുനിക ശാസ്ത്രം അവഗണിച്ചുകൊണ്ടാണ് മനുഷ്യ ഭാഷയുടെ രഹസ്യങ്ങളറിയാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കുന്നത്.

## മൃഗങ്ങളുടെ ഭാഷ

ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞത് പോലെ ശരീര ശാസ്ത്ര പരമായി മനുഷ്യൻ ഒരു മൃഗമാണ്. എന്നാലും മനുഷ്യൻ സംസാരിക്കുന്ന ഭാഷയാണ് അവനെ നിസ്തുലമായ ഒരു സൃഷ്ടിയാക്കി മാറ്റുന്നത്. മാനുഷഗുണങ്ങളുടെ അന്തസത്ത അതാണ്.

മനുഷ്യന്റെ ഭാഷാ ശബ്ദങ്ങളെ പറ്റിയുള്ള ശാസ്ത്ര പഠനത്തെയാണ് ഭാഷാശബ്ദ ശാസ്ത്രം അഥവാ സ്വന വിജ്ഞാനം (Phonetics) എന്ന് പറയുന്നത്. മനുഷ്യന്റെ ഭാഷാശബ്ദങ്ങൾ മൃഗങ്ങളുടെ ശബ്ദങ്ങളുമായി യാതൊരു വിധത്തിലും താരതമ്യപ്പെടുത്തുവാൻ ആവില്ല. ഏറ്റവും അത്ഭുതകരമായിട്ടുള്ളത് മനുഷ്യന് ശബ്ദോൽപ്പാദനത്തിനായി മറ്റു ജീവികളിൽ നിന്നും വ്യത്യസ്തമായി യാതൊരു പ്രത്യേകാവയവയവും ഇല്ല എന്നുള്ളതാണ്. മനുഷ്യൻ ഭക്ഷണം കഴിക്കാനും ശ്വസിക്കാനും ഘ്രാണം ചെയ്യാനും ഉപയോഗിക്കുന്ന അതേ അവയവങ്ങൾ തന്നെയാണ് സംസാരിക്കാനും ഉപയോഗിക്കുന്നത്. ജൈവശാസ്ത്രപരമായി സംസാരം പ്രസ്തുത അവയവങ്ങളുടെ രണ്ടാം ധർമമാണ്. ഈ അവയവങ്ങൾ മറ്റു മൃഗങ്ങൾക്കും ഉള്ളതാണ്. അതുകൊണ്ട് ഭാഷാസിദ്ധിയെ നമുക്ക് ഒരു അവയവത്തിന്റേയും പ്രത്യേകതയായി വിവരിക്കാൻ സാദ്ധ്യമല്ല. മനുഷ്യൻ മൃഗത്തിൽ നിന്നും പരിണമിച്ചുണ്ടായതാണ് എന്ന് പറഞ്ഞ ചാൾസ് ഡാർവിൻ പോലും തന്റെ കൃതിയിൽ ഒട്ടനേകം ശബ്ദങ്ങളേയും ആശയങ്ങളേയും

കോർത്തിണക്കാൻ കഴിയുന്ന അപാരമായ ശക്തിയാണ് മനുഷ്യ ഭാഷയെ മൃഗഭാഷയിൽ നിന്നും വേർതിരിച്ചു നിർത്തുന്നത് എന്ന് പറഞ്ഞിട്ടുണ്ട്.

മൃഗങ്ങളുടെ ശബ്ദങ്ങളെ സാധാരണ മൃഗഭാഷയായി അവതരിപ്പിക്കാറുണ്ട്. ജീവികൾ ചില പരിമിതമായ വിവരങ്ങൾ (Informations) പരസ്പരം കൈമാറുന്നുണ്ട് എന്നത് ശരിതന്നെ. പക്ഷേ അത് ജന്മവാസനാ പ്രേരിതമായ കേവല ശബ്ദങ്ങൾ മാത്രമാണ്. പരിസരങ്ങളിൽ നിന്നുള്ള ഉദ്ദീപനങ്ങളോടുള്ള ജീവികളുടെ സഹജമായ ജൈവിക പ്രതികരണങ്ങൾ മാത്രം. കുരങ്ങനും കാക്കയും കോഴിയും ഉണ്ടാക്കുന്ന ശബ്ദങ്ങൾ ഉദാഹരണം. വിശപ്പ്, അക്രമ ഭീതി, വേദന മുതലായ അനുഭവങ്ങൾ ഉണ്ടാക്കുന്ന ഉദ്ദീപനങ്ങളോടുള്ള ജീവികളുടെ പ്രതികരണങ്ങളാണത്. പരിമിതമായ വിവരങ്ങൾ വഹിക്കുന്ന സന്ദേശങ്ങളായി മറ്റു മൃഗങ്ങളിലേക്കും അത് ചിലപ്പോൾ വിനിമയം ചെയ്യപ്പെടുന്നുണ്ട്. വർത്തമാനകാലത്ത് നടക്കുന്ന സംഭവങ്ങൾ മാത്രമേ ഇങ്ങനെ വിനിമയം ചെയ്യപ്പെടാൻ സാദ്ധ്യമാവു. അതിലുപരി ഒരു ആശയമോ സങ്കൽപ്പമോ ഭാവിഭൂതകാലത്തിലുള്ള സംഭവമോ മൃഗഭാഷയിൽ ഉണ്ടാവില്ല. ഒരു തള്ള കോഴിക്ക് അതിന്റെ കുഞ്ഞിന് കഥപറഞ്ഞു കൊടുക്കാൻ സാദ്ധ്യമല്ല. കുറച്ച് മുമ്പ് പറഞ്ഞ സംഭവമോ നാളെ നടക്കുന്ന സംഭവമോ പറയാൻ സാദ്ധ്യമല്ല. **'തത്തമ്മേ പൂച്ച പൂച്ച്'** എന്ന് പറയുന്ന തത്ത മനുഷ്യഭാഷ സംസാരിക്കുകയല്ല ചെയ്യുന്നത്. തത്തക്ക് **'പൂച്ചമ്മേ തത്ത'** എന്ന് പദങ്ങൾ മാറ്റിവെച്ച് പ്രയോഗിക്കാൻ സാദ്ധ്യമല്ല. അതിവിപുലമായ പദസഞ്ചയവും അത് ഇഷ്ടം പോലെ തിരഞ്ഞെടുത്ത് കോർത്തിണക്കി ഉപയോഗിക്കാനുള്ള പാടവവും മനുഷ്യന് മാത്രമേയുള്ളൂ. ജീവികളുടെ കൂട്ടത്തിൽ ഏറ്റവും സങ്കീർണമായ ആശയ വിനിമയ ചിഹ്നങ്ങൾ ഉപയോഗിക്കുന്നത് തേനീച്ചയാണ് . അതിന്റെ നൃത്ത ശരീരഭാഷ വളരെ വ്യവസ്ഥാപിതമാണ്. ഇരുപതോളം ആശയങ്ങൾ മാത്രമേ അവക്കും വിനിമയം ചെയ്യാൻ സാദ്ധ്യമാകൂ എന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. അതിന് പോലും യതൊരു നിലക്കും മനുഷ്യ ഭാഷയോട് പകരം നിൽക്കാൻ സാദ്ധ്യമല്ല എന്നോർക്കണം.

മൃഗങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദങ്ങളിൽ നിന്ന് പലരും അർഥങ്ങൾ കണ്ടു പിടിക്കാൻ ശ്രമിച്ചിട്ടുണ്ട്. മൃഗങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദങ്ങളിൽ വൈവിധ്യങ്ങളില്ല. വേദന വന്നാൽ പട്ടികൾ മോങ്ങുന്നത് ഒരു പോലെയാണ്. എന്നാൽ മനുഷ്യന് വേദന വന്നാലുള്ള പ്രതികരണങ്ങൾ പ്രതിജനഭിന്നമാണ്. ചിലർ ചുറ്റുമുള്ളവരെ ചീത്ത പറയും ചിലപ്പോൾ കരയും, ചിലപ്പോൾ യാതൊരു പ്രതികരണവുമുണ്ടാക്കാതെ എല്ലാം സഹിക്കും . ഈ പ്രതികരണ വൈവിധ്യങ്ങളൊന്നും മൃഗങ്ങളുടെ ശബ്ദത്തിലോ ശരീരചലനങ്ങളിലോ ഉണ്ടാവാറില്ല. അതിൽ നിന്നെല്ലാം മൃഗഭാഷയും മനുഷ്യ ഭാഷയും തമ്മിൽ യാതൊരു താരതമ്യവും ചെയ്യാൻ കഴിയാത്ത വിധം അത് രണ്ടും വിഭിന്നമാണെന്ന് മനസ്സിലാക്കാം.

### നിരർഥകമായ ഭാഷോൽപത്തി സിദ്ധാന്തങ്ങൾ

കുരുക്കഴിക്കാൻ കഴിയാത്ത നിഗൂഢ രഹസ്യങ്ങൾ ചൂഴ്ന്ന് നിൽക്കുന്നതാണ് മനുഷ്യ ഭാഷ എന്ന് പറഞ്ഞുവല്ലോ. ഭാഷയുടെ പ്രത്യേകതകളെ സംബന്ധിച്ച് മനുഷ്യൻ പുരാതനകാലം മുതൽ തന്നെ ബോധവാന്മാരായിരുന്നു. പ്രാചീന യവന തത്ത്വചിന്തകനായ അരിസ്റ്റോട്ടിൽ മനുഷ്യ ഭാഷയെ സംബന്ധിച്ച് ആത്മാവോടുകൂടിയ ശബ്ദം എന്നും അർഥത്തോടുകൂടിയ ശബ്ദം എന്നുമെല്ലാം നിർവചനം നൽകിയിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിലെ പല ഭാഷാ പണ്ഡിതന്മാരും ഭാഷോൽപ്പത്തിയെ സംബന്ധിച്ച് പല സിദ്ധാന്തങ്ങളും ആവിഷ്ക്കരിച്ച് കുഴങ്ങിയവരാണ്. പ്രകൃതിയിലെ ജീവികളുടെയും വസ്തുക്കളുടെയും ശബ്ദങ്ങളെ അനുകരിച്ചാണു മനുഷ്യൻ ഭാഷ പഠിച്ചത് എന്നായിരുന്നു അവരുടെ സിദ്ധാന്തങ്ങളിൽ മിക്കതിന്റെയും ഉള്ളടക്കം. ബൗ ബൗ സിദ്ധാന്തം (Bow Bow Theory), ഫൂഫൂ സിദ്ധാന്തം (Phoo Phoo Theory), യാ ഹീവ് ഹോ സിദ്ധാന്തം (Yo Heav Ho Theroy), സിംങ്ങ് സോങ്ങ് സിദ്ധാന്തം (Sing Song Theory) എന്നിങ്ങനെ പോവുന്നു ഭാഷാ സിദ്ധാന്തങ്ങൾ.

ഇത്തരത്തിൽ നിരർഥകമായ ഡിങ്ങ് ഡോങ്ങ് തിയറിയുടെ വക്താക്കളായിക്കൊണ്ട് മഹാ പണ്ഡിതന്മാർ വരെ രംഗത്ത് വന്നു. അതിഗഹനവും സങ്കീർണവുമായ ഭാഷയുടെ ഉത്പത്തി സിദ്ധാന്തത്തെ സംബന്ധിച്ച് ആവിഷ്കരിക്കപ്പെട്ട ഉൾക്കനമില്ലാത്ത വിഡ്ഢിത്തങ്ങളായിരുന്നു ഈ സിദ്ധാന്തങ്ങളെല്ലാം. ആധുനിക ഭാഷാ ശാസ്ത്ര പണ്ഡിതന്മാർ ആ സിദ്ധാന്തങ്ങളെല്ലാം ചവറ്റു കൊട്ടയിലേക്ക് വലിച്ചെറിഞ്ഞിരിക്കയാണ്.

പ്രകൃതിയുടെ എല്ലാ വസ്തുക്കൾക്കും താളാത്മകമായ ഒരു കിലുക്കം (Harmonic Ring) ഉണ്ടെന്നും വസ്തുവും പദവും തമ്മിലുള്ള ബന്ധം നിർണയിക്കുന്നത് അതാണെന്നുമാണ് ശബ്ദാനുകരണ സിദ്ധാന്തം (Onomatopia Theory) പറയുന്നത്. ഈ സിദ്ധാന്തത്തിലുൾപ്പെട്ടതാണ് ഡിങ്ങ് ഡോങ്ങ് തിയറി.

കഴുത ഉണ്ടാക്കുന്ന ശബ്ദത്തിന്റെ അടിസ്ഥാനത്തിലാണ് ആ മൃഗത്തിന് ആ പേരു വന്നത് എന്ന് സിദ്ധാന്തിക്കുകയാണെങ്കിൽ മലയാളത്തിൽ കഴുത എന്നും ഇംഗ്ലീഷിൽ ഡോങ്കി എന്നും അറബിയിൽ ഹിമാർ എന്നും വ്യത്യസ്ത ശബ്ദങ്ങളിൽ കഴുതക്ക് നാമങ്ങൾ എങ്ങനെ വന്നു എന്ന് ഈ സിദ്ധാന്തത്തിന് വിശദീകരണ

മില്ല. ഇത്തരം യുക്തിസഹമായ ലളിതമായ ചോദ്യങ്ങൾക്ക് പോലും ഡിങ്ങ് ഡോങ്ങ് തിയറിക്ക് ഉത്തരമില്ല. മറ്റൊന്ന് വ്യാക്ഷേപക സിദ്ധാന്ത മാണ് (Interject Theory). ഫൂ ഫൂ സിദ്ധാന്തക്കാർ ഈ വിഭാഗത്തിൽ പെട്ടവരാണ്. വെറുപ്പ്, ഭയം, കോപം മുതലായ വികാരങ്ങൾ പ്രകടിപ്പി ക്കാൻ മനുഷ്യൻ ഉണ്ടാക്കിയിരുന്ന ശബ്ദങ്ങളിൽ നിന്നാണ് ഭാഷ യുൽഭവിച്ചതെന്നാണ് ഇക്കൂട്ടരുടെ പക്ഷം.

കഴിഞ്ഞ നൂറ്റാണ്ടിൽ ഭാഷാ ശാസ്ത്രമെന്ന പേരിൽ നിർമി ക്കപ്പെട്ട സിദ്ധാന്താഭാസങ്ങളാണ് മേൽ വിവരിച്ചത്. ഭാഷാശാസ്ത്രം ഇപ്പോൾ ഇത്തരം സിദ്ധാന്തങ്ങളെ ശാസ്ത്രത്തിന്റെ നാലയലത്ത് പോലും നിർത്തില്ല. ഡിങ്ങ് ഡോങ്ങ് തിയറിയുടെ വക്താക്കൾ ചില്ലറ ക്കാരൊന്നുമല്ല. ലോക പ്രശസ്ത നായ ഇൻഡോളജിസ്റ്റും സംസ്കൃ ത പണ്ഡിതനുമായ മാർക്സ് മുള്ളർ ഈ സിദ്ധാന്തത്തിന്റെ ശക്തനായ വക്താവായിരുന്നു. അവസാനം ശബ്ദാനുകരണ സിദ്ധാ ന്തം അദ്ദേഹം പാടെ കൈയൊഴി യുകയുണ്ടായി എന്ന് ഭാഷയുടെ ശാസ്ത്രം (Science of Language) എന്ന പുസ്തകം പറയുന്നു. മാക്സ് മുള്ളറുടെ പ്രസ്താവന ആ പുസ്തകം ഇങ്ങനെ ഉദ്ധരിക്കുന്നു.

***ഭാഷയുടെ ഉൽപ്പത്തിയെക്കുറി ച്ചുള്ള പ്രശ്നം ചരിത്ര ദൃഷ്ട്യാ പരിഹരിക്കുന്നതിന് നമുക്ക് മാർഗമില്ലെന്ന് വ്യക്തമായി. ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേക പ്രദേശത്ത് ഉണ്ടായതാണ് ഭാഷ എന്നത് വസ്തുതാപരമായി വിശദീകരിക്കാനും നമുക്ക് സാദ്ധ്യമല്ല.***

***(Science of Language Vol2. p. 381)***

അങ്ങനെ മഹത്തായ മനുഷ്യ ന്റെ ചിന്തകളെ ആവഹിക്കുന്നതും മാനുഷതയുടെ മുദ്ര പതിഞ്ഞതു മായ മനുഷ്യന്റെ സംസാര ഭാഷ തുടക്കം മുതൽ തന്നെ സവിശേഷമായ ഒരു ദിവ്യോപകര ണമായി നിലകൊണ്ടു. അമൂർത്ത മായ മനുഷ്യമനസ്സിൽ നിന്ന് ഉത്ഭവിച്ച് ഉച്ചാരണാവയവയ ങ്ങളിലൂടെ വചിക്കപ്പെട്ട ഒരു മൂർത്ത യാഥാർഥ്യമായി തീരുന്ന മനുഷ്യ ഭാഷ അളവറ്റ വിസ്മയങ്ങളുടെ കേദാരമാണ്.

### ഭാഷാ ശാസ്ത്രം സാഹിത്യപഠനമല്ല

ഭാഷാശാസ്ത്രം എന്നത് സാഹിത്യ പഠനമോ വ്യാകരണ പഠനമോ അല്ല. മനുഷ്യനിൽ ജനിതകപരമായി ഉൾചേർന്ന ഭാഷാസിദ്ധിയും സമൂഹത്തിൽ അവ വിനിമയം ചെയ്യപ്പെടുന്ന രീതിയും മുതൽ മനുഷ്യന്റെ ജീവശാസ്ത്ര പരവും മന:ശാസ്ത്ര പരവും ശരീരശാസ്ത്രപരവും ബുദ്ധിപരവും സാമൂഹികപരവു മായ നിരവധി വിജ്ഞാന ശാഖകളുമായി ബന്ധപ്പെട്ട് അനുദിനം വികസ്വരമായിക്കൊണ്ടി രിക്കുന്ന ബൃഹത്തായതും അതിനൂതനവുമായ ഒരു വിജ്ഞാന ശാഖയാണ് ഭാഷാശാസ്ത്രം. ഭാഷാസാഹിത്യം വരമൊഴിക്ക് പ്രാധാന്യം നൽകുമ്പോൾ ഭാഷാ ശാസ്ത്രം വാമൊഴിക്കാണ് പ്രാധാന്യം നൽകുന്നത്.

മനുഷ്യേതര ജീവികളിൽ ആശയ വിനിമയ സംവിധാനം ഒരു ജൈവിക വൃത്തിയാണ്. (Biological Behaviour) അതായത് ജന്മവാസനയുടെ പ്രേരണയാലാണ് ആശയ വിനിമയം നടക്കുന്നത്. എന്നാൽ ഭാഷ മനുഷ്യനിൽ ഉന്നതനിലയിൽ ജനിതകമായി ഉൾചേർന്ന ജൈവിക വൃത്തിയും അതേസമയം ഒരു അഭ്യസ്ത വൃത്തിയുമാണ്. (Learned Behaviour) കുറച്ച് കൂടി വിശദീകരിക്കുകയാണെങ്കിൽ ഭാഷാ ശേഷി മനുഷ്യനിൽ ജനിതകപരമായി ഒരു സിദ്ധിയായി നിലനിൽക്കുന്നുവെങ്കിലും അതിന് ബാഹ്യമായ പരിശീലനം ലഭിച്ചാൽ മാത്രമെ പ്രയോഗിക്കാൻ സാധ്യ മാവൂ. അതായത് മാതാപിതാക്കളും സമൂഹവും സംസാരിക്കുന്നത് കേട്ട് മനുഷ്യശിശു ഭാഷ അഭ്യസിക്കുക യാണ് ചെയ്യുന്നത്. ഇതിനെ ശിശുവിന്റെ ഭാഷാപഠനം അല്ലെങ്കിൽ മാതാപി താക്കളുടെ ഭാഷ അഭ്യസിപ്പിക്കൽ, മാതൃഭാഷാ പഠനം എന്നൊക്കെ പറയുന്നത് വെറും ഒരു സാങ്കേതികാർഥത്തിൽ മാത്രമാണ്. വാസ്തവത്തിൽ ഒരു പാഠ്യപദ്ധതിയുമനുസരിച്ചല്ല മാതാപിതാക്കൾ ശിശുവിനെ ഭാഷ പഠിപ്പിക്കുന്നതും ശിശുവിനെ ഭാഷ സംസാരിപ്പിക്കുന്നതും. ഇവിടെ ശിശുവിനെ ഭാഷ പഠിപ്പിക്കുന്നു എന്നതിനെക്കാൾ ഭാഷ ആർജിക്കു ന്നു എന്ന് പറയാനാണ് ഭാഷാ ശാസ്ത്രം ഇഷ്ടപ്പെടുന്നത്. നാം കരുതുന്നത് പോലെ ശിശുവിന്റെ ഭാഷാഭ്യാസനം ഒരു ലളിതമായ പ്രക്രിയ അല്ല. ശിശു അയത്ന ലളിതമായി വളരെ എളുപ്പത്തിലും വേഗത്തിലുമാണ് ഭാഷ പഠിച്ചെടു ക്കുന്നത്.

***മനുഷ്യന് നാം ഭാഷണസിദ്ധി യോടു കൂടിയ ആശയ പ്രകടന രീതി (ബയാൻ) പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. (55:4)***

മൂകരും ബധിരരുമായ രക്ഷിതാ ക്കന്മാരുടെ ഇടയിൽ മറ്റൊരു ഭാഷാശബ്ദവും കേൾക്കാതെ പരീക്ഷണാർഥം വളർത്തിയ ശിശുവിന് ഭാഷാ ശേഷി ഇല്ലാതെ വന്നത് ഭാഷ, സമൂഹവുമായി ബന്ധപ്പെട്ട ഒരു പ്രതിഭാസമാണെ ന്നതിലേക്കും ഒരു അഭ്യസ്ത വൃത്തിയുമാണെന്നും അഥവാ പഠിച്ചെടുക്കേണ്ട ഒരു ജ്ഞാന മാണെന്നും വ്യക്തമാക്കുന്നു. ശിശു ഭാഷ പഠിക്കുന്ന രീതി അതിസൂക്ഷ്മമായി പഠിച്ചാൽ ഭാഷോൽപ്പത്തിയുടെ നിഗൂഢത യുടെ കുരുക്കഴിക്കാൻ കഴിയുമെ ന്ന വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ന്റെ അഭിപ്രായം ശ്രദ്ധേയമാണ്. ഭാഷയുടെ രഹസ്യ ങ്ങളറിയാൻ ശിശു ഭാഷയെയാണ് ആധുനിക ശാസ്ത്രവും അഭയം തേടിയിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് പിന്നീട് ചർച്ച ചെയ്യാം.

മനുഷ്യ ഭാഷ ശാസ്ത്രം

പോലും കൈവെക്കാൻ ഭയക്കുന്ന ഒരു നിഗൂഢ മേഖലയാണ്. മനുഷ്യൻ സംസാരിക്കുന്ന വാക്കുകൾക്ക് എങ്ങനെയാണ് അർഥം ലഭിക്കുന്നത്? ഭാഷാശബ്ദങ്ങളെ അഥവാ വാക്കുകളെ അംശീകരിച്ച് ചെറിയ ശബ്ദങ്ങളാക്കി പരിശോധിച്ചാൽ അതിന്റെ സ്വഭാവമെന്തായിരിക്കും? ചെറു ഭാഷാമാത്രകളെ യോജിപ്പിക്കുമ്പോൾ എവിടെ മുതലാണ് അർഥം ലഭിക്കുന്നത്?. ചെറുഭാഷാ മാത്രകൾ ക്ഷണമാത്രയിൽ തിരഞ്ഞെടുത്ത് ഭാഷാശബ്ദങ്ങൾ ഉൽപ്പാദിപ്പിക്കാൻ മനുഷ്യന് കഴുയുന്നതെങ്ങനെ? ഇങ്ങനെ ശാസ്ത്രത്തിന് ഇന്നോളം വ്യക്തമായ ഉത്തരം കാണാൻ കഴിയാത്ത അനേകം സമസ്യകൾ ഭാഷാശാസ്ത്രത്തെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അർഥവിജ്ഞാനീയം (Semantics), ഭാഷാ നിഷ്പ്പത്തിയെ സംബന്ധിച്ച ശാസ്ത്രം (Elymological), അർഥങ്ങളെ ശബ്ദചിഹ്നങ്ങളുടെ രൂപത്തിൽ കാണുന്ന ചിഹ്ന ശാസ്ത്രം (Semiology) മുതലായ ഭാഷാശാസ്ത്ര വിഭാഗങ്ങളായിരുന്നു ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നത്. എന്നാൽ ആധുനിക ഭാഷാ ശാസ്ത്രം ഭാഷയെ സങ്കീർണവും അഗാധ വേരുകളുമുള്ള ശാസ്ത്ര പ്രശ്നങ്ങളായിട്ടാണ് കാണുന്നത്. ഭാഷാ ശാസ്ത്രം ബോധങ്ങളെ സംബന്ധിച്ച ജ്ഞാന സിദ്ധാന്തങ്ങളുടെ (Cognitive Theory) വെളിച്ചത്തിലാണ് ഭാഷാ സംബന്ധമായ വിഷയങ്ങൾ പരിശോധിക്കാൻ ശ്രമിക്കുന്നത്. അതാകട്ടെ മനഃശാസ്ത്രം, ഭൗതിക ശാസ്ത്രം, ലോജിക്ക്, ന്യൂറോ ഫിസിക്സ് (Neuro Physics) ഉച്ചാരണാവയവങ്ങളുടെ ശരീര ശാസ്ത്രം (Physiology Of Articulate Organs) എന്നീ മാനവീയ ശാസ്ത്രങ്ങളും ജീവശാസ്ത്ര രംഗത്തെ മറ്റു ശരീര ശാസ്ത്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പുതിയ വൈജ്ഞാനിക ചക്രവാളങ്ങൾ തേടുകയാണ്.

മനുഷ്യൻ സംസാരിക്കുന്ന ഭാഷയുടെ സ്വരൂപ ഘടന (Stucture) പരിശോധിക്കുമ്പോൾ അതിന്റെ സങ്കീർണത നമുക്ക് ബോധ്യപ്പെടുന്നു. ഏതെങ്കിലും ഒരു ജീവിയെ ഉദാഹരണത്തിന് മനുഷ്യ ശരീരത്തെ പരിശോധനാവിധേയമാക്കുന്നുവെന്നിരിക്കട്ടെ. കണ്ണ്, മൂക്ക്, ചെവി, ശ്വാസകോശം, ഹൃദയം, കരൾ മുതലായ അവയവങ്ങളൊക്ക വീണ്ടും സൂക്ഷ്മമായി പരിശോധിച്ചാൽ ഈ അവയവങ്ങളെ കലകൾ (Tissues) കൊണ്ടും കലകൾ കോശങ്ങൾ (Cells) കൊണ്ടും കോശങ്ങൾ കോശ ദ്രവ്യങ്ങൾ കൊണ്ടും നിർമിച്ചതാണെന്ന് കാണാം. ഇതിനെ വീണ്ടും വിഭജിക്കാം. ഇങ്ങനെ ചെറുമാത്രകൾ (Unit) ചേർന്നാണ് വലിയ മാത്രകൾ അഥവാ അവയവങ്ങളും ശരീരവും ഉണ്ടാവുന്നത്. ഇതാണ് സ്വരൂപഘടനാ പരിശോധനകൊണ്ട് അർഥമാക്കുന്നത്.

ഇങ്ങനെ സംസാര ഭാഷയിലെ വാക്യങ്ങളെ പരിശോധിക്കുകയാണെങ്കിൽ എന്താണ് സംഭവിക്കുന്നതെന്ന് നോക്കാം. ഒരു വാക്യത്തെ നാം മുറിച്ച് പരിശോധിക്കുകയാണെങ്കിൽ വാക്യങ്ങൾ വാക്യാംശങ്ങളെ (Clause) കൊണ്ടും വാക്യാംശങ്ങൾ പദങ്ങളെ (Word) കൊണ്ടും നിർമിച്ചതായി കാണാം. പദങ്ങളെ വീണ്ടും വിഭജിക്കുകയാണെങ്കിൽ അവ അക്ഷരങ്ങൾ കൊണ്ട് അഥവാ വർണങ്ങൾ എന്ന് വിളിക്കപ്പെടുന്ന പദാംഗങ്ങൾ കൊണ്ട് സില്ലേബിൾസ് (Sylleble) നിർമിച്ചിരിക്കുന്നതായി കാണാം. ഇവിടെ ഒരു കാര്യം പ്രത്യേകം ഓർക്കണം. ഭാഷാശാസ്ത്രത്തിൽ വരമൊഴിയേക്കാൾ പ്രധാന്യം വാമൊഴിക്കാണ്. അതുകൊണ്ട് എഴുത്തിൽ പ്രയോഗിക്കുന്ന അക്ഷരങ്ങളല്ല സില്ലേബിൾ എന്ന സംജ്ഞ കൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷാശബ്ദങ്ങളെ യാണ് ഉദ്ദേശിക്കുന്നത്. കാനനം എന്ന വാക്കിലെ കാ+ന +നം എന്നീ മൂന്ന് എഴുത്തക്ഷരങ്ങൾ (Letters) പ്രതിനിധാനം ചെയ്യുന്നത് അഥവാ സൂചിപ്പിക്കുന്നത് വ്യത്യസ്ത ഭാഷാശബ്ദങ്ങളെയാണ്. ഈ ഭാഷാശബ്ദങ്ങളെയാണ് സില്ലേബിൾ എന്ന് പറയുന്നത് അല്ലാതെ അതിന്റെ അക്ഷര രൂപങ്ങളെയല്ല. ഇംഗ്ലീഷിൽ പലപ്പോഴും എഴുതുന്ന അക്ഷരങ്ങൾ പോലെയല്ല ഉച്ചരിക്കുന്നത്. മലയാളത്തിലും അക്ഷരങ്ങൾങ്ങൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന ലീനധ്വനികൾ ഉണ്ട്. ഉദാഹരണത്തിന് ദൈർഘ്യം (ക എന്നതിലെ ക+ ആ) സ്ഥായി, ഈണം എന്നിവയാണവ. സൂക്ഷ്മമായി പരിശോധിച്ചാൽ മലയാളത്തിലും അക്ഷരങ്ങൾ പല പദങ്ങളിലും ഒരു പോലെയല്ല ഉച്ചരിക്കപ്പെടുന്നത് എന്ന് കാണാം. അക്ഷരങ്ങൾ എന്ന് വിളിക്കപ്പെടുന്ന സില്ലേബലുകൾ സ്വനങ്ങൾ (Phone) കൊണ്ടും അവ സ്വനിമങ്ങൾ (Phoneme) കൊണ്ടുമാണ് നിർമിക്കപ്പെട്ടതെന്ന് കാണാം. സ്വനിമങ്ങളുടെ തലത്തിലെത്തുമ്പോൾ അവ ഏറ്റവും ചെറിയ ശബ്ദ മാത്രകളായി മാറുന്നു. വാസ്തവത്തിൽ സ്വനിമം എന്നത് ഒരു സാങ്കൽപ്പിക ഭാഷ മാത്രമാണ്. ഒറ്റതിരിഞ്ഞ് നമുക്കത് ഉച്ചരിക്കാൻ പോലും സാദ്ധ്യമല്ല. ഇങ്ങനെ ചെറിയ ഭാഷാമാത്രകളെ മൂലക പദാർഥങ്ങളുടെ ആറ്റങ്ങൾ പോലെ കണക്കാക്കാം. ആറ്റങ്ങൾ ചേർന്ന് മൂലകങ്ങളും മൂലകങ്ങൾ ചേർന്ന് സംയുക്ത പദാർഥങ്ങളുടെ തന്മാത്രകളും രൂപം കൊള്ളുന്നത് പോലെയുള്ള പ്രക്രിയയാണ് ഭാഷാ സ്വനങ്ങളുപയോഗിച്ച് അർഥമുള്ള വാക്കുകൾ നിർമിക്കുന്നതിലൂടെ സംഭവിക്കുന്നത്. സ്വനിമങ്ങളാൽ നിർമിതമായ പദങ്ങൾക്ക് അർഥങ്ങൾ എങ്ങനെയാണ് ലഭിക്കുന്നത്? അല്ലെങ്കിൽ നിശ്ചിതമായ അർഥം ഉദ്ദേശിച്ച് നാം ഒരു പദം ഉച്ചരിക്കുമ്പോൾ പദാംഗങ്ങൾ ചേർന്ന് ഞൊടിയിടക്കുള്ളിൽ പദങ്ങളായി ഉച്ചരിക്കാൻ നമുക്ക് സാധിക്കുന്നതെങ്ങനെ? ഇതെല്ലാം സങ്കീർണമായ സമസ്യകളായി അവശേഷിക്കുന്നു. (തുടരും)

# ഹദ്റത്ത് അബൂബക്കർ (റ) വിശുദ്ധ ഖുർആനിൽ

## ഹദ്റത്ത് അബൂബക്കറി(റ)നെക്കുറിച്ച് വിശുദ്ധ ഖുർആനിലുള്ള പരാമർശത്തെക്കുറിച്ച്

ഡോ. എസ്. ഷഹാബ് അഹ്മദ്

ഹദ്റത്ത് അബൂബക്കറിന്റെ പ്രബോധന പ്രവർത്തനങ്ങൾ വൻ വിജയത്തിൽ കലാശിക്കുകയാണു ണ്ടായത്. ധാരാളം വിശിഷ്ട വ്യക്തികൾ അദ്ദേഹം മുഖേന ഇസ്ലാം മതം വിശ്വസിക്കുകയു ണ്ടായി. അവരിൽ പ്രധാനികൾ ഹദ്റത്ത് ഉസ്മാൻ (റ), ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ് (റ), അൽ അവ്വാം(റ), ത്വഖാബിൻ ഒബൈദുല്ലാഹ്(റ) ഇവരെല്ലാം തന്നെ റസൂൽ തിരുമേനി (സ) യുമായി വളരെ അടുത്ത ബന്ധം പുലർത്തിയവരും സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട പത്തുപേരിൽപ്പെട്ട വരുമായിരുന്നു. അതിൽ അബൂബക്കർ (റ) സ്വർഗത്തെ സംബന്ധിച്ച് സുവാർത്ത അറിയിക്കപ്പെട്ട അതി വിശിഷ്ട വ്യക്തിയായിരുന്നു.

താഴെ കൊടുത്ത ഖുർആൻ വചനം ഹിജ്റ മൂന്നോ നാലോ വർഷത്തിൽ ഇറങ്ങി യതാവാനാണ് സാദ്ധ്യത. ഈ വചനം ഹദ്റത്ത് അബുബക്കറി(റ)നെ സംബന്ധിച്ചു ള്ളതാണ്.

***അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു കൂട്ടർ അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്നവരുമായി സൗഹൃദം പുലർത്തുന്നത് നീ ഒരിക്കലും കാണുകയില്ല. അവർ (അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്നവൻ) സ്വപിതാക്കളോ സന്താനങ്ങളോ സ്വസഹോദരങ്ങളോ സ്വകുടുംബ ന്ധുക്കളോ ആരായാലും ശരി. അത്തരക്കാരുടെ (ആ വിശ്വാസികൾ) അല്ലാഹു ഹൃദയത്തിൽ സത്യവിശ്വാസം എഴുതിവെക്കുകയും തന്റെ പക്കൽ നിന്നുള്ള വചനംകൊണ്ട് അവൻ അവരെ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴേഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന ഉദ്യാനത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ ശാശ്വത നിവാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ച് തൃപ്തനായിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തരായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ. (അൽ മുജാദല 58:23)***

താഴെപ്പറയുന്ന ചരിത്ര സംഭവം ഇപ്രകാരമാണ് ഹദ്റത്ത് അബൂബക്കർ (റ)യുമായി ഈ വചനം ബന്ധപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ മൂത്ത പുത്രൻ അബ്ദുർറഹ്മാൻ അറബികളുടെ ബഹുദൈവാരാധനയിൽ വളരേയേറെ ആകൃഷ്ടനായിരുന്നു. റസൂൽ തിരുമേനി(സ) യുടെ മഹാനായ ശിഷ്യനായിരുന്നിട്ടും അവിടുത്തെ പ്രവാചകത്വത്തിന് ശേഷം പതിമൂന്ന് വർഷക്കാലം മക്കയിൽ റസൂൽ തിരുമേനി(സ) യുടെ സാന്നിദ്ധ്യമുണ്ടായിട്ടും അബൂബക്കറിന്റെ മകൻ അബ്ദുർറഹ്മാന് ഇസ്ലാം മതം വിശ്വസിക്കാനായില്ല. കടുത്ത പകയും വിദ്വേഷവും ഇസ്ലാമിനോട് അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം ഇസ്ലാം മതം വിശ്വസിക്കാതിരിക്കുക മാത്രമല്ല ഖുറൈശി പട്ടാളവുമായി സഹകരിച്ച് മുസ്ലിംകൾക്കെതിരെ യുദ്ധം ചെയ്യുകയും ചെയ്തു. ഹിജ്റ ഒന്നും രണ്ടും വർഷങ്ങളിൽ നടന്ന ബദർ ഉഹദ് യുദ്ധങ്ങളിൽ അദ്ദേഹം മുസ്ലിം വിരുദ്ധ പക്ഷത്ത് പങ്കെടുക്കുകയുണ്ടായി. മൂന്ന് വർഷങ്ങൾക്ക് ശേഷം ഹുദൈബിയാ സന്ധിയുടെ വേളയിൽ (ഹിജ്റ 6 ാം വർഷം)അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയം ഇസ്ലാമിന് നേരെ തുറന്നു. അങ്ങനെ അബൂബക്കർ സിദ്ധീക്ക് (റ) ന്റെ മകൻ ഇസ്ലാം മതം സ്വീകരിച്ചു. ഒരിക്കൽ അബ്ദുർറഹ്മാൻ (റ) തന്റെ പിതാവ് അബുബക്കർ (റ) നോട് പറഞ്ഞു:

പിതാവേ ബദർ യുദ്ധവേളയിൽ എനിക്ക് താങ്കളെ എളുപ്പത്തിൽ വധിക്കുവാൻ നിരവധി സന്ദർഭങ്ങൾ ലഭിച്ചിരുന്നു. പക്ഷേ സ്വന്തം കരങ്ങൾക്കൊണ്ട് താങ്കളെ വധിക്കേണ്ട എന്ന് ഞാൻ കരുതി. ഇതിന് പ്രത്യുത്തരമായി അബൂബക്കർ (റ) പറഞ്ഞത് ഇപ്രകാരമായിരുന്നു: മകനേ! നീ എന്റെ മുന്നിൽ വന്നുപെട്ടിരുന്നുവെങ്കിൽ ഞാൻ നിന്നെ ഒരിക്കലും വെറുതെ

വിടില്ലായിരുന്നു. ഒരു പിതാവിന് മകനോടുള്ള സ്നേഹം മകന് പിതാവിനോടുള്ളതിനേക്കാൾ അധികമാണെന്നത് ഒരു യാഥർഥ്യ മാണ്. പക്ഷേ ഈ സംഭവത്തിൽ മകൻ പിതാവിന്റെ ജീവൻ രക്ഷ പ്പെടുത്താൻ ശ്രമിക്കുന്നുവെങ്കിലും പിതാവ് മകന്റെ ജീവൻ രക്ഷ പ്പെടുത്താൻ തയ്യാറാവുന്നില്ല. കാരണം സത്യം എതിർക്കപ്പെടു മ്പോൾ യഥാർഥ വിശ്വാസികൾ അവരുടെ ബന്ധുത്വവും സൗഹൃദ വും പരിഗണിക്കാറില്ല.

സൂറ മുജാദലയിലെ 58: 23-ാം സൂക്തം, അബൂബക്കർ (റ) ന്റെ സ്വഭാവ വൈശിഷ്ട്യത്തിലേക്ക് വെളിച്ചം വീശുന്നു. സത്യത്തിന് വേണ്ടിയുള്ള ധർമസമരത്തിൽ അദ്ദേഹം തന്റെ ബന്ധുത്വം പരിഗണിച്ചില്ല. അദ്ദേഹത്തിന്റെ പവിത്ര ഹൃദയത്തിൽ സത്യവിശ്വാ സം ഉല്ലേഖനം ചെയ്യപ്പെട്ടിരുന്നു. സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ട അബൂബക്കർ സിദ്ദീഖ് (റ) അവർകളെ അല്ലാഹു തൃപ്തിപ്പെടു കയും അദ്ദേഹം അല്ലാഹുവിനെ തൃപ്തിപ്പെടുകയും ചെയ്തിരുന്നു. അദ്ദേഹം അല്ലാഹുവിന്റെ സംഘ ത്തിൽപെട്ടയാളുമായിരുന്നു. അദ്ദേഹത്തിന് ഈ ലോകത്ത് വി ജയം വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. ഈ ലോകത്തെ വിജയങ്ങൾ തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ സംഭവിക്കുകയുണ്ടായി. ഈ വചന ത്തിൽ അബൂബക്കർ (റ)നെക്കുറിച്ച് പറയപ്പെട്ടതെല്ലാം അക്ഷരാർഥ ത്തിൽ യാതൊരു സംശയത്തിനും ഇടയില്ലാത്ത വിധം സത്യമായിരു ന്നു.

ഹിജ്റ അഞ്ചാം വർഷത്തിൽ അവതരിച്ച സൂറ: അന്നൂറിലെ താഴെപ്പറയുന്ന ഖുർആനിക സൂക്തങ്ങളും ഹദ്റത്ത് അബൂബ ക്കർ (റ)യുമായി ബന്ധപ്പെട്ടതാണ്.

***തീർച്ചയായും ആ ഭയങ്കര നുണ പടച്ചുണ്ടാക്കിയവർ നിങ്ങളിൽ നിന്നുള്ള ഒരു സംഘമാണ്. നിങ്ങൾക്കത് ദോഷമാണെന്ന് വിചാരിക്കേണ്ട. പ്രത്യുത നിങ്ങൾക്കത് ഗുണകരമാണ്. (എന്തെന്നാൽ അത് നിമിത്തം യുക്തി പൂർണമായ ഒരു അദ്ധ്യാപനം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു.) അവരിൽപ്പെട്ട ഓരോ വ്യക്തിക്കും അവർ പ്രവർത്തിച്ച കുറ്റത്തിന്റെ (ശിക്ഷ) ലഭിക്കുന്നതാണ്.അവരിൽ നിന്ന് കുറ്റത്തിന്റെ വലിയ ഭാഗത്തിന് ഉത്തരവാദിയായവനാരോ അവന് വളരെ വലിയ ശിക്ഷ ലഭിക്കുന്ന താണ്. (സൂറ: നൂർ 24:12)***

***നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവും ഉള്ളവർ അടുത്ത കുടുംബ ബന്ധുക്കൾക്കും അഗതി കൾക്കും ദൈവമാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും (ഒന്നും) നൽകുകയില്ലെന്ന് സത്യം ചെയ്യരുത്. അവർ മാപ്പു ചെയ്യുക യും വിട്ടു വീഴ്ച്ചചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്ത് തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ . അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. ( 24: 23)***

ചില വീടുകളിലാണ് ആ (വിളക്കുള്ളത്). അവ ഉയർത്ത പ്പെടാനും അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാനും അവൻ കൽപ്പി ച്ചിരിക്കുന്നു. അവിടെ വെച്ച് രാവിലെയും വൈകുന്നേരവും അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. ചില പുരുഷന്മാർ (അതിൽ വെച്ച് ദൈവനാമത്തെ പ്രകീർത്തിക്കുന്നു.) അല്ലാഹു വിനെ സ്മരിക്കുന്നതിൽ നിന്നും നമസ്ക്കാരം നിലനിർത്തുന്നതിൽ നിന്നും വ്യാപാരമോ ക്രയവിക്രയ മോ അവരെ അശ്രദ്ധരാക്കുകയില്ല. ഹൃദയങ്ങളും കണ്ണുകളും അടിമേല യായി മറിഞ്ഞു പോകുന്ന ഒരു നാളിനെ അവർ ഭയപ്പെടുന്നു. തൽഫലമായി അവർ പ്രവർത്തി ച്ചതിന് അല്ലാഹു അവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകുന്നതാണ്. അവന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് കൂടുതൽ നൽകുകയും ചെയ്യും. അല്ലാഹു ഉദ്ദേശിക്കുന്ന വർക്ക് കണക്കില്ലാതെ ജീവിത വിഭവങ്ങൾ നൽകുന്നതാണ്. (24: 37-39)

ഹദ്റത്ത് അബൂബക്കറു(റ) മായി ഈ വചനങ്ങൾ എങ്ങനെ ബന്ധ പ്പെട്ട് നിൽക്കുന്നുവെന്ന് വിവരി ക്കാം. മേൽ ക്കൊടുത്ത ഖുർആനി ക വചനങ്ങളെ വ്യാഖ്യാനിച്ചു കൊണ്ട് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) തന്റെ ഖുർആൻ ബൃഹദ് വ്യാഖ്യാനത്തിൽ വിവരണം നൽകിയിട്ടുണ്ട്.

ഹിജ്റ അവസാന വർഷത്തിൽ ബനു മുസ്ല്ലിക്ക ഗോത്രത്തിനെ തിരെയുള്ള യുദ്ധ ദൗത്യം കഴിഞ്ഞ് റസൂൽ തിരുമേനി (സ) യും അനുചരന്മാരും മടങ്ങുമ്പോൾ മുസ്ലിം സൈന്യം മദീനക്കരികെ ഒരിടത്ത് ഒരു രാത്രിയിൽ ക്യാമ്പ് ചെയ്യുകയുണ്ടായി. അതിന് കാരണം റസൂൽ തിരുമേനി (സ) യു ടെ ധർമപത്നി ഹദ്റത്ത് ആയിശ (റ) പ്രകൃതിയുടെ വിളിക്കുത്തരം നൽകാനായി അകലെ ഒരു ദിക്കിലേക്ക് പോയത് കൊണ്ടായിരു ന്നു. അവർ തിരിച്ചു വന്നപ്പോൾ തന്റെ കഴുത്തിലുണ്ടായിരുന്ന മാല കളഞ്ഞുപോയ കാര്യം ശ്രദ്ധയിൽ പ്പെട്ടു. അവർ വീണ്ടും അത് തിരയാൻ പോയി. അവർ അവിടെ യിരുന്നു കരഞ്ഞു കൊണ്ടിരിക്കു കയും ഉറക്കം അവരെ ബാധിക്കുക യും ചെയ്തപ്പോഴാണ് സഫ്വാൻ ബിനു മുആത്തൽ (റ) എന്ന സഹാബി അവിടെയെത്തുന്നത്. അദ്ദേഹത്തിന്റെ ജോലി യുദ്ധം കഴിഞ്ഞ് മടങ്ങുന്ന മുസ്ലിം സൈന്യത്തിന്റെ സാധനങ്ങൾ വല്ലതും മറന്നുപോയിട്ടുണ്ടെങ്കിൽ അത് ശേഖരിക്കുകയായിരുന്നു. ആയിശാ (റ)യെ സഫ്വാൻ തിരിച്ചറിഞ്ഞു. കാരണം പർദ നടപ്പാക്കുന്നതിന് മുമ്പേ ആയിശ (റ)ന്റെ മുഖം കണ്ട അദ്ദേഹത്തിന് അവരെ ഉടൻ തന്നെ തിരിച്ചറിയാൻ സാധിച്ചു. സഫ്വാൻ അത്ഭുത പരതന്ത്രനായി. സഫ്വാന്റെ ശബ്ദം കേട്ടമാത്രയിൽ ആയിശാ(റ) മുഖാവരണം വലിച്ച് മുഖം മറച്ചു. അത്യധികം ബഹുമാനാദരങ്ങളോ

ടെ മദീനയിലേക്ക് ലക്ഷ്യം വെച്ച് നീങ്ങിയ യാത്രാസംഘത്തിലേക്ക് സഫ്വാൻ ആയിശാ(റ) യെ ആനയിച്ചു. ആയിശാ (റ) ഒട്ടകപ്പുറത്തും സഫ്വാൻ നടന്നുമായിരുന്നു യാത്ര ചെയ്തിരുന്നത്.

ഈ സംഭവം അബ്ദുല്ലാഹിബ്നു സുലൂൽ എന്ന കപട വിശ്വാസികളുടെ നേതാവിന് ഒരു സുവർണാവസരമാണ് നൽകിയത്. നിഷ്കളങ്കയും പരമ വിശുദ്ധയുമായ ഹദ്റത്ത് ആയിശ (റ)യെ പറ്റി അപവാദം പ്രചരിപ്പിക്കാൻ അയാൾ ഈ സംഭവത്തെ ഉപയോഗിച്ചു. അബൂബക്കർ (റ) വിന്റെ ബന്ധുവായ മിസ്താഹ്ബ്നു ഉതത് (അവ്ഫ് എന്ന് വിളിപ്പേര്), ഹസനു ബ്നു താബിത് (കവി), സൈനബ് ബ്നു ബിന്ത് ജഹ്ശയുടെ സഹോദരിയായിരുന്ന ഹിന്ദ് ബിന്ത് ജഹ്ശ എന്നിവരും ഈ അപവാദ പ്രചരണത്തിൽ പങ്കെടുത്തു. ഇരുപത് ദിവസത്തോളം മുസ്‌ലിംകൾ ഈ അപവാദ പ്രചരണത്തിൽ വീർപ്പു മുട്ടിക്കഴിഞ്ഞു. സൂറ: നൂറിലെ 12 ാം വചനം ആയിശാ (റ) എല്ലാവിധ അപവാദ പ്രചരണത്തിൽ നിന്നും കുറ്റ വിമുക്തമാക്കി. അപ്പോൾ റസൂൽ തിരുമേനി (സ) ആയിശാ (റ) യെ അഭിനന്ദിക്കുകയുണ്ടായി. അവർ അപ്പോൾ അല്ലാഹുവിനാണ് നന്ദി പ്രകടിപ്പിച്ചത്. നിർഭാഗ്യകരമായ ഈ സംഭവത്തെ പറ്റി അവർ സുദീർഘമായ ഒരു പ്രസ്താവന നടത്തുകയും ചെയ്തു. ഇബ്നു ഹിശാം റിപ്പോർട്ട് ചെയ്ത ആ പ്രസ്താവനയുടെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കാം.

ആയിശാ(റ) യെ പറ്റിയുള്ള ഈ വചനം (24:24) അവതരിച്ചപ്പോൾ അബുബക്കർ, മിസ്താഹിബ്നു ഉതതിന് (അപവാദ പ്രചരണ സംഘത്തിൽ പെട്ടയാൾ) ഇനി യാതൊന്നും നൽകുകയില്ലെന്നും അയാൾക്ക് ഒരു വിധത്തിലുള്ള സഹായവും നൽകുകയില്ലെന്നും പറഞ്ഞു. മിസ്താഹ് ആയിശ(റ) യെ പറ്റി അപവാദം പ്രചരിപ്പിക്കുകയും അത് ധാരാളം കഷ്ടതകൾ അവർക്ക് വരുത്തുകയും ചെയ്തു. ആയിശ (റ) തുടരുന്നു: ***ദൈവം ഇത് സംബന്ധിച്ച് ഇപ്രകാരം വചനം അവതരിപ്പിച്ചു. നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവും ഉള്ളവർ അടുത്തകുടുംബബന്ധുക്കൾക്കും അഗതികൾക്കും ദൈവമാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും (ഒന്നും) നൽകുകയില്ലെന്ന് സത്യം ചെയ്യരുത്. അവർ മാപ്പ് ചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (24: 23)***

അബൂബക്കർ (റ) പറഞ്ഞു: അല്ലാഹു എനിക്ക് പൊറുത്തുതരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനാൽ അദ്ദേഹം മിസ്താഹിബ്നു ഉതതിന് വേതനം തുടർന്നും നൽകി. അബൂബക്കർ സിദ്ധീഖ് (റ) തുടർന്നു പറഞ്ഞു: ഞാനൊരിക്കലും മിസ്താഹിബ്നു ഉതതിനുള്ള ആനുകൂല്യം പിൻവലിക്കില്ല.

സൂറ നൂറിലെ(24:12) വചനത്തിൽ ദൈവം ഹദ്റത്ത് ആയിശാ (റ) യുടെ നിരപരാധിത്വം വെളിപ്പെടുത്തുകയുണ്ടായി. അതുപോലെ സൂറ: നൂറിലെ 24:13 വചനത്തിലൂടെ ഹദ്റത്ത് അബൂബക്കറി(റ)നോട് മിസ്താഹിബ്നു ഉതതിന് നൽകിവരുന്ന ആനുകൂല്യങ്ങൾ നിർത്തിവെക്കരുതെന്നും അല്ലാഹു കൽപ്പിച്ചു. മനുഷ്യവംശത്തിന്റെ സേവനത്തിനായുള്ള അത്യുന്നതനായ ഒരു മാതൃകാപുരുഷനായി ഹദ്റത്ത് അബൂബക്കറിനെ ഉയർത്താൻ അല്ലാഹു ഉദ്ദേശിച്ചിരുന്നു. പിതാവിന്റെയും പുത്രിയുടേയും അത്യുന്നതമായ ആത്മീയ സ്ഥാനമാണ് ഈ വചനത്തിൽ അനാവരണം ചെയ്യപ്പെട്ടത്.

ഹദ്റത്ത് ആയിശ(റ)യുടെ അപവാദകരെ പറ്റി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഇപ്രകാരം വിശദീകരിക്കുന്നു: ആയിശാ (റ) ആ അവസരത്തിൽ യാതൊരു പ്രാധാന്യവും കൈവരിച്ചിട്ടില്ലാത്ത ഒരു പെൺകുട്ടി മാത്രമായിരുന്നു. കപട വിശ്വാസികൾക്ക് ആർക്കും അന്ന് അവരെ പറ്റി യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. റസൂൽ തിരുമേനി (സ) യുടെ സ്ഥാനം അത്യുന്നതമായിരുന്നു. അദ്ദേഹത്തിന്റെ ഈ അത്യുന്നത ആത്മീയ സ്ഥാനത്തെ ക്ഷതപ്പെടുത്താൻ ഈ അപവാദ കഥക്കാകുമെന്ന് ചിന്തിക്കാൻ പോലും സാദ്ധ്യമല്ലായിരുന്നു. എല്ലാ വസ്തുതകളും പരിഗണിക്കുമ്പോൾ ഹദ്റത്ത് ആയിശ (റ) ക്കെതിരായ ആക്രമണം വാസ്തവത്തിൽ ഹദ്റത്ത് അബൂബക്കറി (റ) നെതിരെയുള്ള ആക്രമണമായിരുന്നു. ഹദ്റത്ത് അബൂബക്കർ (റ) നെ റസൂൽ തിരുമേനി (സ) യും മുസ്‌ലിം സമൂഹവും എത്രമാത്രം

കപട വിശ്വാസികൾ അദ്ദേഹത്തിന്റെ സ്ഥാനത്തെ ഇകഴ്ത്താൻ നോക്കിയപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ സ്ഥാനത്തെ ഉയർത്തുകയാണ് ചെയ്തത്. ദൈവത്തിന്റെ മഹത്തായ അനുഗ്രഹ വായ്പിൽ നിന്നും അദ്ദേഹത്തെ അകറ്റി മാറ്റാൻ കപട വിശ്വാസികൾ ശ്രമിച്ചപ്പോൾ അല്ലാഹു തന്റെ അനുഗ്രഹം വർധമാനമായ തോതിൽ അദ്ദേഹത്തിൽ ചൊരിയു കയാണുണ്ടായത്.

സ്നേഹിക്കുന്നു എന്നതിനെ സംബന്ധിച്ച് കപടവിശ്വാസികൾക്ക് പൂർണ ബോദ്ധ്യമുണ്ടായിരുന്നു. റസൂൽ തിരുമേനി(സ)ക്ക് ശേഷം തുടർന്ന് അധികാരത്തിൽ വരിക അബൂബക്കർ (റ) ആയിരിക്കുമെന്ന് കപടവിശ്വാസികൾക്ക് അറിയാമായിരുന്നു. അതുകൊണ്ട് ഹദ്റത്ത് ആയിശ(റ) യെ കുറിച്ച് അപവാദം പ്രചരിപ്പിച്ച് അവരെ അപകീർത്തിപ്പെടുത്തുകയും അവരുടെ വന്ദ്യ പിതാവ് ഹദ്റത്ത് അബൂബക്കർ (റ) യുടെ സ്ഥാനത്തിന് ക്ഷതമേൽപ്പിക്കുക എന്നതായിരുന്നു അവരുടെ ഗൂഢപദ്ധതി.

കപട വിശ്വാസികൾ അദ്ദേഹത്തിന്റെ സ്ഥാനത്തെ ഇകഴ്ത്താൻ നോക്കിയപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ സ്ഥാനത്തെ ഉയർത്തുകയാണ് ചെയ്തത്. ദൈവത്തിന്റെ മഹത്തായ അനുഗ്രഹ വായ്പ്പിൽ നിന്നും അദ്ദേഹത്തെ അകറ്റി മാറ്റാൻ കപട വിശ്വാസികൾ ശ്രമിച്ചപ്പോൾ അല്ലാഹു തന്റെ അനുഗ്രഹം വർധമാനമായ തോതിൽ അദ്ദേഹത്തിൽ ചൊരിയുകയാണുണ്ടായത്. ഖിലാഫത്തിന്റെ സ്ഥാനത്ത് നിന്നും ഹദ്റത്ത് അബൂബക്കറി(റ)നെ തട്ടി മാറ്റാൻ അവർ പരമാവധി ശ്രമിച്ചു. എന്നാൽ ദൈവത്തിന്റെ അനുഗ്രഹം ഒരാളിൽ മാത്രമല്ല ഒന്നിലധികം പേർക്ക് നൽകി. (24:37,39) ഇതായിരുന്നു വാസ്തവത്തിൽ സംഭവിച്ചത്. ഹദ്റത്ത് അബൂബക്കറാണ്(റ) ആണ് ആദ്യത്തെ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടത്. തുടർന്ന് ഹ്ദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉസ്മാൻ(റ), ഹദ്റത്ത് അലി(റ) എന്നിവരും ഖലീഫമാരായി തെരഞ്ഞെടുക്കപ്പെട്ടു. നിർഭാഗ്യകരമെന്ന് പറയട്ടെ പിൽക്കാലത്ത് മുസ്ലിംകൾ അവരുടെ തെറ്റുകൾക്കൊണ്ടു തന്നെ ഖിലാഫത്തിന്റെ അനുഗ്രഹം നഷ്ടമാക്കി. കപട വിശ്വാസികൾ അവരുടെ ശ്രമങ്ങളിൽ തികച്ചും പരാജയപ്പെടുകയായിരുന്നു.

ഹദ്റത്ത് അബൂബക്കറി(റ)നെക്കുറിച്ചുള്ള മറ്റൊരു വചനം ഇപ്രകാരമാണ്

***പറയുക; നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ സന്താനങ്ങളും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും (ഭാര്യ അല്ലെങ്കിൽ ഭർത്താവ്) നിങ്ങളുടെ മറ്റു ബന്ധുക്കളും നിങ്ങൾ സമ്പാദിച്ചിട്ടുള്ള ധനവും മാന്ദ്യം സംഭവിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്ന നിങ്ങളുടെ കച്ചവടവും നിങ്ങൾ ഇഷ്ടപ്പെടുന്ന ഭവനങ്ങളും (ഇതെല്ലാം) അല്ലാഹുവിനെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിൽ കഠിനാദ്ധ്വാനം ചെയ്യുന്നതിനേക്കാളും നിങ്ങൾക്ക് കൂടുതൽ പ്രിയങ്കരമാണെങ്കിൽ അല്ലാഹു തന്റെ കൽപ്പന നടപ്പിൽ വരുത്തുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. ആജ്ഞാലംഘകരായ ജനത്തെ അല്ലാഹു നേർവഴിയിലാക്കുകയില്ല. (9:24)***

മാലിക്ക് ഇപ്രകാരം ഈ വചനത്തെ വ്യാഖ്യാനിച്ചിരിക്കുന്നു. ഈ ആയത്തിലെ അവസാന ഭാഗത്ത് പറഞ്ഞ കൽപ്പന റസൂൽ തിരുമേനി(സ) യുടെ വിയോഗത്തിന് ശേഷം നടപ്പാക്കപ്പെടുകയുണ്ടായി. ആജ്ഞാ ലംഘകരായ ജനത എന്നത് ഭൗതിക താൽപര്യത്തിന് വേണ്ടി ഇസ്ലാമിൽ ചേർന്ന ആളുകളെ പറ്റിയുള്ള പരാമർശമായിരുന്നു. അവർ റസൂൽ തിരുമേനി (സ) യുടെ ദേഹവിയോഗത്തിന് ശേഷം പരിഭ്രമചിത്തരായി. അപ്പോൾ ഹദ്റത്ത് അബൂബക്കർ (റ) വന്ന് തിരുമേനി (സ) യുടെ പുണ്യ മുഖത്ത് ചുംബനമർപ്പിച്ചു. എന്നിട്ട് ആ മഹാ ദുഃഖവാർത്ത ഹദ്റത്ത് അബൂബക്കർ അവിടെ എത്തിയ മുസ്ലിം ജനക്കൂട്ടത്തെ അഭിസംബോധന ചെയ്ത് കൊണ്ട് താഴെക്കാണുന്ന ഖുർആൻ സൂക്തം ഉരുവിട്ടു:

***മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞു പോകുകയോ? ഏതൊരാൾ തന്റെ കുതികാലിൽ പിന്തിരിഞ്ഞു പോകുന്നുവോ അയാൾ അല്ലാഹുവിന് ഒരു ദോഷവും വരുത്തുകയില്ല. നന്ദികാണിക്കുന്നവർക്ക് തീർച്ചയായും അല്ലാഹു പ്രതിഫലം നൽകുന്നതാണ്. (സൂറ: ആലു ഇംറാൻ 3:145)***

ഈ വചനം ഓതിയതിലൂടെ അല്ലാഹു ഒരുവനിൽ മാത്രം ആശ്രയം അർപ്പിക്കാൻ മുസ്ലിംകളെ അദ്ദേഹം ഓർമിപ്പിക്കുകയായിരുന്നു. പ്രവാചകന്മാർ ദൈവത്തെയല്ലാതെ മറ്റാരാളെയും ആശ്രയിക്കുന്നില്ല എന്ന തത്ത്വം അദ്ദേഹം അവിടെ കൂടിയിരുന്ന മുസ്ലിംകളെ ഓർമിപ്പിക്കുകയായിരുന്നു.

അത്യന്തം ഹൃദ്യമായ രീതിയിൽ ഹദ്റത്ത് അബൂബക്കർ(റ) ഈ ഖുർആൻ വചനം അവരെ കേൾപ്പിക്കുകയുണ്ടായി. അവർ പലവട്ടം കേട്ടതും ഏഴ് വർഷങ്ങൾക്ക് മുമ്പ് അവതരിച്ചതുമായ ഈ ഖുർആൻ സൂക്തം അപ്പോൾ അവതരിച്ചത് പോലെയാണ് അവർക്ക് അനുഭവപ്പെട്ടത്. ഈ വിധത്തിൽ സൂറ: ആലു ഇംറാനിലെ 145-ാം വചനം അബൂബക്കർ (റ) യുമായി ബന്ധപ്പെട്ടതാണ്. കാരണം അദ്ദേഹമാണ് ഈ വചനം ഏറ്റവും ഉചിതമായ സമയത്ത് ഏറ്റവും ഉചിതജ്ഞതയോടെ ഉപയോഗിച്ച്. മുസ്ലിം ഉമ്മത്തിനെ സമാശ്വസിപ്പിച്ചതും യഥാർഥ്യം അംഗീകരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തത്. അതിന് ശേഷം എല്ലാ മുസ്ലിംകളും അദ്ദേഹത്തിന് അനുസരണ പ്രതിജ്ഞ ചെയ്തു. ഖലീഫാ സ്ഥാനത്തിന് ഏറ്റവും അനുയോജ്യനായ വ്യക്തിക്ക് കീഴിൽ അവർ ഐക്യത്തോടെ നിന്നു.

നവമുസ്‌ലിംകളെ ഒറ്റ നേതൃത്വത്തിന് കീഴിൽ കൊണ്ടു വരിക എന്നത് അദ്ദേഹത്തിന് മുമ്പിൽ ഒരു പ്രശ്നമായിരുന്നില്ല. മക്കാ വിജയത്തിന് ശേഷം ഇസ്‌ലാമിനെ പറ്റി യാതൊന്നുമറിയില്ലാതിരുന്ന അവർ രാഷ്ട്രത്തിനെതിരിലും മതത്തിനെതിരിലും കലാപമാരംഭിച്ചു. അവർ സക്കാത്ത് നൽകാൻ വിസമ്മതിക്കുകയും ചെയ്തു. മദീന അപകടപ്പെടുക മാത്രമല്ല നവമുസ്‌ലിംകളാൽ അക്രമിക്കപ്പെടുകകൂടി ചെയ്തു.

അല്ലാഹുവിൽ മാത്രം ഭരമേൽപ്പിച്ചുകൊണ്ട് സിറിയൻ അതിർത്തിയിലേക്ക് ഒസാമയുടെ നേതൃത്വത്തിൽ ഹദ്റത്ത് അബുബക്കർ (റ) സൈന്യത്തെ അയച്ചു. ഇത് ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ നിർദേശമായിരുന്നു. അദ്ദേഹത്തിന്റെ പല ഉപദേശകന്മാരും മിത്രങ്ങളും സൈന്യത്തെ ഇപ്പോൾ അയക്കേണ്ടതില്ലെന്നും സക്കാത്ത് വിഷയത്തിൽ കടും പിടുത്തം കാട്ടേണ്ടതില്ലെന്നും ഉപദേശിച്ചു നോക്കി. പക്ഷേ റസൂൽ തിരുമേനി (സ) യുടെ ആജ്ഞ നടപ്പാക്കുന്നതിൽ നിന്നും യാതൊന്നും തന്നെ അദ്ദേഹത്തെ തടഞ്ഞില്ല. അവസാനം കലാപകാരികൾ അബൂബക്കർ (റ) അയച്ച സൈന്യത്തിന് മുമ്പിൽ കീഴടങ്ങി. റസൂൽ തിരുമേനി (സ) യുടെ കാലത്ത് ലഭിച്ചത് പോലെ സക്കാത്ത് അവരിൽ നിന്ന് ലഭിക്കുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ (റ) യുടെ കാലത്ത് നിരവധി കള്ള പ്രവാചകന്മാരെ അദ്ദേഹത്തിന് നേരിടേണ്ടി വന്നിട്ടുണ്ടായിരുന്നു. നിരവധി അനുയായികളുള്ള അവരിൽ പലരും ഗോത്രവർഗ വികാരം ഇളക്കി വിടുന്നവരും തന്റെ അനുയായികൾക്ക് ഭൗതിക വാഗ്ദാനങ്ങൾ നൽകിയിരുന്നവരുമായിരുന്നു. ഉരുക്കു മുഷ്ടികൾ കൊണ്ടാണ് ഹദ്റത്ത് അബൂബക്കർ (റ) അവരെ നേരിട്ടത്. രാഷ്ട്രീയവും ഭൗതികവുമായ ലക്ഷ്യങ്ങളുണ്ടായിരുന്ന അവരെയെല്ലാവരെയും തന്നെ ഉചിതമായ രീതിയിൽ അദ്ദേഹം ശിക്ഷിച്ചു. അപ്രകാരം തന്നെ അന്ന് നിലവിലുണ്ടായിരുന്ന പേർഷ്യ റോമാ സാമ്രാജ്യ ശക്തികളെ അദ്ദേഹം പരാജയപ്പെടുത്തി. ഈ സാമ്രാജ്യത്വ ശക്തികളായിരുന്നു ആദ്യമായി അറേബ്യയെ ആക്രമിച്ചതെന്നത് ഒരു ചരിത്ര വസ്തുതയാണ്. മുസ്‌ലിംകൾ റോമാ പേർഷ്യൻ ശക്തികൾക്കെതിരെ നയിച്ച യുദ്ധം ഒരു പ്രതിരോധ യുദ്ധമായിരുന്നു. ദൈവത്തിന്റെ സഹായത്താൽ ഈ യുദ്ധങ്ങൾ വമ്പിച്ച വിജയങ്ങളായി മാറി. ഈ എല്ലാ വിജയങ്ങളും സംഭവിച്ചത് രണ്ടേകാൽ വർഷത്തെ അദ്ദേഹത്തിന്റെ ഖിലാഫത്ത് ഭരണത്തിന് കീഴിലാണ്. ഇതിന്റെയെല്ലാം യോഗ്യത അതീവ വിനയാന്വിതനും മൃദുല സ്വഭാവിയുമായിരുന്ന ഹദ്റത്ത് അബൂബക്കർ (റ)നായിരുന്നു. എന്നാൽ സാഹചര്യം ആവശ്യപ്പെട്ടപ്പോൾ മടിച്ചു നിൽക്കാതെ അദ്ദേഹം ഈറ്റപുലിപോലെ ഉജ്ജ്വലമായി പോരാടി.

അബൂബക്കറു(റ)മായി ബന്ധപ്പെട്ട മറ്റൊരുസൂക്തം ഇങ്ങനെയാണ്.

***നിശ്ചയമായും ഈ പ്രബോധന ഗ്രന്ഥം ഇറക്കിയത് നാമാണ്. നാം അതിനെ സംരക്ഷിക്കുക തന്നെ ചെയ്യും. (15:10)***

***അത് ക്രോഡീകരിക്കേണ്ടതും വായിച്ചു കേൾപ്പിക്കേണ്ടതും നമ്മുടെ കടമയാണ്. (75: 18)***

ഈ വചനങ്ങൾ ഹദ്റത്ത് അബൂബക്കറു(റ)മായി എങ്ങനെ ബന്ധപ്പെടുന്നു വെന്ന് വിവരിക്കാം. ഈ വചനത്തിൽ ദൈവം തന്നെയാണ് ഖുർആൻ ഇറക്കിയതെന്നും അവൻ തന്നെ ഗ്രന്ഥരൂപത്തിൽ ഒരു വാല്യത്തിൽ അത് ശേഖരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. വാസ്തവത്തിൽ ഈ വചനം എങ്ങനെയാണ് സാക്ഷാത്കൃതമായതെന്ന് നമുക്ക് നോക്കാം. റസൂൽ തിരുമേനി(സ) ക്ക് ഖുർആൻ വചനങ്ങൾ അവതരിക്കുമ്പോഴെല്ലാം അവിടുന്ന് അത് ഓർമയിൽ സൂക്ഷിക്കുകയും അനുചരന്മാർക്ക് പറഞ്ഞു കൊടുക്കുകയും ചെയ്യുമായിരുന്നു. അവരത് എഴുതി സൂക്ഷിക്കുകയും ചെയ്യുമായിരുന്നു. ഈ ജോലി നിർവഹിച്ചിരുന്ന അനുചര വൃന്ദം റസൂൽ തിരുമേനി (സ) ക്ക് ചു റ്റും ഉണ്ടാകുമായിരുന്നു. അബൂബക്കർ (റ) അക്കൂട്ടത്തിൽ പെട്ട ഒരാളായിരുന്നു. മാത്രമല്ല അദ്ദേഹത്തിന് വിശുദ്ധ ഖുർആൻ മനഃപ്പാഠമായിരുന്നു. റസൂൽ തിരുമേനി (സ) യുടെ കാലത്തു തന്നെ വിശുദ്ധ ഖുർ ആൻ എഴുത്തുരൂപത്തിൽ എഴുതി സൂക്ഷിച്ചിരുന്നു. പക്ഷേ അത് ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. ഖുർആൻ ശേഖരിച്ച് ഒരു ഗ്രന്ഥ രൂപത്തിൽ ആക്കിയതിന്റെ ബഹുമതി ഹദ്റത്ത് അബുബക്കറിനുള്ളതാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് ജമഉൽ ഖുർആൻ എന്ന അഭിദാനം നൽകപ്പെട്ടത്. ഇതിന് ഉപോൽബലകമായി ഞാൻ ഫിലിപ്പ് കെ ഹിറ്റിയേയും ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിനേയും ഉദ്ധരിക്കാം.

താഴെക്കാണുന്ന ഉദ്ധരണി ഫിലിപ്പ് കെ ഹിറ്റിയുടെതാണ്.

യാഥാസ്ഥിതിക മുസ്‌ലിം വീക്ഷണ പ്രകാരം മുഹമ്മദി(സ)ന്റെ മരണത്തിന് ശേഷം ഖുർആൻ മനപ്പാഠമാക്കിയവരുടെ എണ്ണം വളരെ കുറഞ്ഞു വരുന്നതായി കണ്ട് ഹദ്റത്ത് ഉമർ (റ) ന്റെ ശുപാർശ പ്രകാരം ഖുർആന്റെ ചിതറിക്കിടക്കുന്ന ലിഖിത ഭാഗങ്ങൾ ക്രോഡീകരിക്കാൻ അബൂബക്കർ (റ) തീരുമാനിച്ചു. അദ്ദേഹം മുഹമ്മദി(സ)ന്റെ ആദ്യകാല സെക്രട്ടറിയായിരുന്ന മദീനയിലെ സയ്യിദ്ബ്നു താബിത്തിന് തന്നെ ഇതിന്റെ ചുമതല ഏൽപ്പിച്ചു. പനയോലകളിലും വെള്ള മാർബിൾ ഫലകങ്ങളിലും ആളുകളുടെ ഹൃദയങ്ങളിലും രേഖപ്പെടുത്തിയ ഖുർആൻ അപ്പാടെ ശേഖരിച്ച് ഒരു ഗ്രന്ഥരൂപത്തിലാക്കി.

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) എഴുതുന്നു:

മുസൈലിമയുമായുള്ള യുദ്ധത്തിൽ വിശുദ്ധ ഖുർആൻ മനപ്പാഠമാക്കിയ 500 ഓളം പേർ കൊല്ലപ്പെടുകയുണ്ടായി. ഖലീഫയായിരുന്ന അബൂബക്കർ (റ) നോട് ഹദ്റത്ത് ഉമർ(റ) ഇപ്രകാരം ഒരു നിർദേശം വെച്ചു. ഇതുപോലെ ഖുർആൻ മനപ്പാഠമാക്കിയവർ ഇത്തരം യുദ്ധങ്ങളിലൂടെ കൊല്ലപ്പെടുകയാണെങ്കിൽ വിശുദ്ധ ഗ്രന്ഥത്തിന്റെ സംരക്ഷണം ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ട് ഖുർആൻ ഒരു വാല്യത്തിൽ സംരക്ഷിച്ചു സൂക്ഷിക്കേണ്ട സമയമായിരിക്കുന്നു. അബൂബക്കർ (റ) ആദ്യം വൈമനസ്യം കാണിച്ചെങ്കിലും അവസാനം ആ നിർദേശം സ്വീകരിച്ചു. റസൂൽ തിരുമേനി (സ) യുടെ കാലത്ത് ഖുർആൻ കേട്ടെഴുതുന്നവരിലൊരാൾ കൂടിയായിരുന്ന സയ്യിദുബ്നു താബിത്തിനെ ഇതിനായി നിയമിക്കുകയും അദ്ദേഹത്തിനെ സഹായിക്കാൻ പ്രമുഖരായ സഹാബിമാരെ നിശ്ചയിക്കുകയും ചെയ്തു. ഖുർആൻ രേഖപ്പെടുത്തിവെച്ച ശകലങ്ങൾ ശേഖരിക്കാൻ അദ്ദേഹം ആജ്ഞാപിച്ചു. അങ്ങനെ ശേഖരിക്കപ്പെട്ട ഖുർആനിക രേഖകൾ ഖുർആൻ മുഴുവനും ഹൃദിസ്ഥമാക്കിയ രണ്ട് പേർ സാക്ഷ്യപ്പെടുത്തുകയും വേണം. ഉടൻ തന്നെ ഈ ഉദ്യമം പൂർത്തീകരിക്കപ്പെടുകയും ഖുർആൻ മനഃപ്പാഠമാക്കിയവരുടെ അംഗീകാരത്തോടെ ഒരു ഖുർആനിക പ്രതി പുറത്ത് വരികയും ചെയ്തു.

ഏറ്റവും പ്രാമാണികമായ സഹീഹുൽ ബുഖാരിയുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) പറയുന്നു: ഹദ്റത്ത് അബൂബക്കറി(റ)ന്റെ നിർദേശപ്രകാരമാണ് ആദ്യമായി ഖുർആൻ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചത്. (സീറത്ത് ഖാത്തമുന്നബിയ്യീൻ)

മേൽ വിവരിച്ച വസ്തുതകളിൽ നിന്നും ഹദ്റത്ത് അബൂബക്കർ വിശുദ്ധ ഖുർആന്റെ ഒരു സംരക്ഷകനായിരുവെന്ന് വ്യക്തമാവുന്നു. (ഹുസാഫെ ഖുർആൻ) മാത്രമല്ല അദ്ദേഹം സ്വന്തം തന്നെ ഖുർആൻ എഴുതി രേഖപ്പെടുത്തുന്ന ആളുമായിരുന്നു. റസൂൽ തിരുമേനി (സ) യുടെ മറ്റു സഹാബാക്കളും ഈ ജോലി ചെയ്തിട്ടുള്ളവരാണ്. പക്ഷേ ഖുർആൻ ആദ്യമായി ഗ്രന്ഥരൂപത്തിൽ സമാഹരിച്ചതിന്റെ എല്ലാ ബഹുമതിയും ഹദ്റത്ത് അബൂബക്കറി(റ)നുള്ളതാണ്. ഹദ്റത്ത് അബൂബക്കറി(റ)ന്റെ ഖിലാഫത്ത് കാലത്താണ് വിശുദ്ധ ഖുർആൻ ലിഖിതരൂപത്തിൽ സമഗ്രമായി ക്രോഡീകരിക്കപ്പെട്ടത്. ഖുർആൻ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കേണ്ടതിന്റെ ആവശ്യകത ഹദ്റത്ത് അബൂബക്കറി(റ)നെ ബോദ്ധ്യപ്പെടുത്തിയതിൽ ഹദ്റത്ത് ഉമറി(റ)ന് തീർച്ചയായും അദ്ദേഹത്തിന്റേതായ ഒരു പങ്കുണ്ട്. വളരെ ഉചിതമായ സമയത്തായിരുന്നു ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ഉസ്മാനു(റ) മുമ്പിൽ ഈ നിർദ്ദേശം വച്ചത്.

ഹദ്റത്ത് അബുബബക്കർ സിദ്ധീഖ്(റ) ദിവംഗതനാകുമ്പോൾ അദ്ദേഹത്തിന് അറുപത്തിമൂന്ന് വയസ്സായിരുന്നു പ്രായം. ഹിജ്റ 13ാം വർഷത്തിൽ ജമാഉദി സ്സാനി 21 നായിരുന്നു (ക്രി. വർഷം 663 ആഗസ്റ്റ് 22 ) അദ്ദേഹം ദിവംഗദനായത്.

ജന്മനാ സാത്വികനായിരുന്നു ഹദ്റത്ത് അബൂബക്കർ (റ). ഈ സാത്വികതയാണ് യാതൊരു സംശയത്തിനും ഇടനൽകാതെ അദ്ദേഹത്തെ ഇസ്ലാമിലേക്ക് നയിച്ചത്. അദ്ദേഹമാണ് ആദ്യമായി ഇസ്ലാമിലേക്ക് പ്രവേശിച്ച പുരുഷ വ്യക്തി. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള അനുസരണത്തിന്റെ മൂർത്തീകരണമായിരുന്നു ഹദ്റത്ത് അബൂബക്കർ (റ). അദ്ദേഹത്തിന്റെ ഈ അനുസരണ ശീലം കൊണ്ടാണ് അദ്ദേഹത്തെ ഇസ്ലാമിക സമൂഹം ആദ്യത്തെ ഖലീഫയായി തിര ഞ്ഞെടുത്തത്. നബിതിരുമേനി (സ) പലപ്പോഴും ഹദ്റത്ത് അബൂബക്കറി(റ)നെ പിൻഗാമിയാക്കാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ അദ്ദേഹം അപ്രകാരം ചെയ്തില്ല. റസൂൽ തിരുമേനി (സ)ക്ക് തീർച്ചയായിരുന്നു അല്ലാഹുവും സത്യവിശ്വാസികളും അബൂബക്കർ (റ) നെ അല്ലാതെ മറ്റൊരാളെ ഖലീഫയാക്കി തിരഞ്ഞെടുക്കില്ല എന്ന്. മഹാഭാഗ്യവാനായ അബുബക്കർ(റ)ന് തന്റെ ജീവന്റെ ജീവനായ യജമാനൻ ഹദ്റത്ത് റസൂൽ കരീം (സ) ന്റെ തൊട്ടരികത്ത് തന്നെയുള്ള കബറിടത്തിലാണ് അന്ത്യവിശ്രമം കൊള്ളാനുള്ള പരമ ഭാഗ്യം ലഭിച്ചത്. തീർച്ചയായും പരലോകത്തും ഈ സൗഹൃദം തുടരുക തന്നെ ചെയ്യും. ഹദ്റത്ത് അബൂബക്കർ (റ)ന്റെ മറ്റൊരു അസൂയാർഹമായ ഭാഗ്യം തന്റെ നാലു തലമുറകൾ റസൂൽ തിരുമേനി (സ) യു ടെ അനുചരത്വം നേടിയവരായിരുന്നു. ഹദ്റത്ത് അബൂബക്കറി(റ)ന്റെ വന്ദ്യപിതാവ് ഹദ്റത്ത് ഖുഹാഫ, അദ്ദേഹം സ്വയമേവയും, അദ്ദേഹത്തിന്റെ ഭാര്യമാരിലൊരാളായ ഉമ്മീ റൂമൻ(റ) (സൈനബ്), അദ്ദേഹത്തിന്റെ പുത്രിമാരായ അസ്മ(റ), ആയിശ (റ), അദ്ദേഹത്തിന്റെ പൗത്രനായ അബൂ ആതിക്ക് മുഹമ്മദ്(റ) (അബ്ദുർറഹ്റമാന്റെ പുത്രൻ) എല്ലാം റസൂൽ തിരുമേനി (സ) യുടെ അനുചരന്മാരായിരുന്നു. ഇതിനെല്ലാറ്റിന്നും പുറമേ അല്ലാഹുവിന്റെ വചനങ്ങളിൽ ഹദ്റത്ത് അബൂബക്കറി (റ) നെ പറ്റി പ്രകീർത്തിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

### Reference


1. Ibnu hisham

2. Holy Quran translated by Gulam farid

3. Philiph ka. hyy

4. Mirza Basheeruddim mahmood ahmed

5. Introdution to the study of the holy quran

# അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക്

ഇംഗ്ലീഷ് ഭാഷയിലെ നിരവധി പദങ്ങൾ അറബിയിൽ നിന്ന് നിഷ്പന്നമായവയാണ്. ആംഗല തനിമയോടെ നാം ഉപയോഗിക്കുന്ന എണ്ണിയാലൊടുങ്ങാത്ത പദങ്ങൾ ഭാഷകളുടെ മാതാവായ അറബിയിൽ നിന്ന് വന്നതാണെന്നത് കൗതുകമുണർത്തുന്ന വസ്തുതയാണ്

**അലൻ പിം സ്മിത്ത്**

അറബി പദങ്ങളുടെ ആംഗലേയാവിഷ്ക്കാരങ്ങളിൽ ചിലത് അവയുടെ മൂലപദത്തോട് അഭിന്നമാം വിധം സദൃശമാണ്. എന്നാൽ മറ്റുള്ളവ ശബ്ദധ്വനിയിലും അർഥത്തിലും തുലോം വ്യത്യസ്തമാണ്. മോസ്ക് Mosque എന്ന ശബ്ദത്തിന് മസ്ജിദുമായി വലിയ സാമ്യമൊന്നുമില്ല. കൂടാതെ ബദൂവിയൻ (*Bedouin*) എന്ന പദം ഏകവചന രൂപമായാണ് നാം ഉപയോഗിക്കുന്നതെങ്കിലും യഥാർഥത്തിൽ അതിന്റെ ഉദ്ഭവം ബിദ്‌വാൻ (*Bidwan*) എന്ന അറബി പദത്തിൻെ ബഹുവചനരൂപമായ ബദവി *Bedawi* എന്ന അറബി പദത്തിൽ നിന്ന് നിഷ്പ്പന്നമായതാണ്. *Dhow* എന്ന പദമുണ്ടായത് *Dawa* യിൽ നിന്നാണ്. എന്നാൽ അറബി സംസാരിക്കുന്നവരോട് ചോദിച്ചാൽ അങ്ങനെ ഒരു പദം തന്നെ അറിയില്ലെന്ന് പറയും. കാരണം ദവാ ഇന്നുപയോഗത്തിലില്ലാത്ത പദമാണ്. ഇപ്പറഞ്ഞ പദങ്ങൾ ഒക്കെയും അറബി ഇസ്ലാമിക ജീവിതവുമായി ബന്ധപ്പെട്ടവയാണ്. അതിനാൽ ഈ കാര്യങ്ങളിൽ അറബിയിൽ പ്രകടിപ്പിക്കപ്പെട്ടതിൽ അത്ഭുതപ്പെടാനൊന്നുമില്ല. എന്നാൽ *Apricot, Orange, Lemon, Lime* മുതലായ ഫലവർഗങ്ങളുടെയും *Artichoke, Spinach, Aubergine* എന്നീ പച്ചക്കറികളുടെയും രുചിയിലോ പേരിലോ പരദേശിയാണ്. ഒരു ഇംഗ്ലീഷുകാരന് ഇത് അനുഭവപ്പെടില്ലെങ്കിലും സത്യത്തിൽ ഈ നാമങ്ങളൊക്കെയും അറബിയാണ്. ഉദാഹരണത്തിന് *Lemon* മദ്ധ്യകാല ഫ്രഞ്ചിൽ നിന്ന് മദ്ധ്യകാല ഇംഗ്ലീഷിലേക്ക് കടന്നു വന്നതാണ്. അതിന് മുമ്പ് ഈ പദം മദ്ധ്യകാല ലാറ്റിനിലാണ് ഉപയുക്തമായിരുന്നത്. അതിനിടയിൽ വളരെ ചെറിയ മാറ്റങ്ങൾ മാത്രമാണ് ഉച്ചാരണത്തിൽ വന്നിട്ടുള്ളത്. ഇതിന്റെ യഥാർഥ രൂപം അറബിയിലെ *Laymun* ആണ്!. എന്നാൽ ഇറ്റാലിയനിലൂടെ കടന്ന് വന്നപ്പോൾ *Articohoke* സത്യത്തിൽ *Al-khurshuf* എന്ന അറബി പദമാണെന്ന് തിരിച്ചറിയാൻ കുറച്ച് പ്രയാസമാണ്.

അറബിയിൽ നിന്ന് നേരിട്ട് ഇംഗ്ലീഷിലെത്തിയ പദങ്ങളുടെ ചുരുക്കമാണെങ്കിലും മറ്റു വിധത്തിൽ ഇംഗ്ലീഷിലെത്തിയ പദങ്ങൾ നൂറുക്കണക്കിന് വരും. മിക്കവാറും അവ ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, ലാറ്റിൻ ഭാഷാ രൂപത്തിലായിരിക്കും എത്തിയത്.

കഴിഞ്ഞ 1000 വർഷങ്ങളായി ഇംഗ്ലീഷ് വിഴുങ്ങിക്കൊണ്ടിരിക്കുന്ന വിദേശ ഭാഷാഘടകങ്ങൾ ഒട്ടനവധിയാണ്. ഇങ്ങനെ ഫ്രഞ്ചിൽ നിന്നും ലാറ്റിനിൽ നിന്നും കടമെടുത്ത പദങ്ങൾ ആധുനിക ഇംഗ്ലീഷ് പദസമ്പത്തിന്റെ പകുതിയോളം വരും. ക്രി. വ. 1066 ലെ നോർമൻ അധിനിവേശത്തിന് ശേഷം ഇംഗ്ലീഷ് കോടതിയും പ്രഭുത്വവും പാർലമെന്റും ഫ്രഞ്ച് ഭാഷ ഉപയോഗിച്ചു തുടങ്ങി. ക്രി. വ 1731 ൽ അത് ഇംഗ്ലണ്ടിലെ നിയമ ഭാഷയായി നിലകൊള്ളുകയും ചെയ്തു.

മധ്യകാലഘട്ടങ്ങളിൽ ഫ്രഞ്ചിലൂടെയാണ് മിക്കവാറും അറബി പദങ്ങൾ ഇംഗ്ലീഷിലെത്തിയത്. ഇവയിൽ ഭൂരിഭാഗവും ഗണിതശാസ്ത്ര-ഖഗോളശാസ്ത്ര-രസതന്ത്ര പദങ്ങളായിരുന്നുവെന്നതാണ് ശ്രദ്ധേയമായിട്ടുള്ളത്. ക്രി. വ. 1300 കളിൽ ഇംഗ്ലീഷിൽ *Alchemy* (രസതന്ത്രം) എത്തി ചേരുന്നത് അറബി പദമായ *Al kimya* (അൽ കീമിയാഅ്) ൽ നിന്ന് വലിയ രൂപഭേദങ്ങളൊന്നും കുടാതെയാണ്. ഏതാണ്ട് ഇതേ കാലയളവിൽ തന്നെയാണ് *Alkali, Alogaritham, Alembic, Almanac* തുടങ്ങിയ പദങ്ങളും ഇംഗ്ലീഷ് നിഘണ്ടുവിൽ സ്ഥാനം പിടിച്ചത്.. ഈവാക്കുകളിലെ *Al* എന്ന ശബ്ദം വരുന്നത് ഇംഗ്ലീഷിൽ The തുല്യമായ (Aarabic definit article)

ൽനിന്നുമാണ്. ഉദാഹരണത്തിന് *Alkali* ഉണ്ടായത് അറബിയിലെ *Al quili* യിൽ നിന്നാണ്. Saltwort ചെടിയുടെ ചാരമെന്ന് നിർവചിക്കാം. *Alembic* ഒരു ശുചീകരണ ഉപകരണമാണ്. **'നിശ്ചലം'** എന്നർഥം വരുന്ന *Al Imbiq* ൽ നിന്നാണ് ആവിർഭവിച്ചത്.

മദ്ധ്യകാലം അക്ഷരാർഥത്തിൽ അറബ് ഇസ്ലാമിക്ക് നാഗരികതയുടെതായിരുന്നു. ഏതാണ്ട് 500 കൊല്ലക്കാലം അറബി ഭാഷ വിജ്ഞാനത്തിന്റെയും സാംസ്കാരികതയുടെയും ധൈഷണിക പുരോഗതിയുടെയും ഭാഷയായി വിരാജിച്ചു. 9–ാം നൂറ്റാണ്ടിൽ ധാരാളം ക്ലാസിക്ക് ഗ്രീക്ക് ശാസ്ത്ര തത്ത്വ ശാസ്ത്ര ഗവേഷണ പ്രബന്ധങ്ങൾ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുകയുണ്ടായി. ഈ അടിത്തറയിൽ നിന്നാണ് അറബി ഗവേഷകരും ശാസ്ത്രജ്ഞന്മാരും വൈദ്യശാസ്ത്ര ജ്ഞാനികളും ഗണിതജ്ഞരുമെല്ലാം വിജ്ഞാന ലോകത്തേക്ക് കുതിച്ച് മുന്നേറിയത്. ഈ ജ്ഞാന ഭണ്ഡാരം പിന്നീട് സ്പെയിനിലെ ഇസ്ലാമിക യുണിവേഴ്സിറ്റിയിൽ നിന്ന് പശ്ചിമ യുറോപ്പിലേക്ക് കൈമാറ്റപ്പെട്ടു.

ഉദാഹരണം:

കണക്ക് കുട്ടാനുപയോഗിക്കുന്ന ഡെസിമൽ സമ്പ്രദായം അഥവാ ദശാംശ സമ്പ്രദായം അറബി ഗണിതശാസ്ത്ര സംഭാവനയാണ്. ഇന്ത്യൻ സങ്കേതമായ പൂജ്യമാണ് ഇതിന്റെ അടിസ്ഥാനം. ഈ പൂജ്യം *Zero* യും അതിന്റെ മറ്റൊരു നാമമായ *Cipher* ഉം ശൂന്യം എന്നർഥത്തിൽ വരുന്ന *Sifr* എന്ന അറബി പദത്തിൽ നിന്ന് വന്നതാണ്.

11 ാം നൂറ്റാണ്ട് മുതൽ 13 ാം നൂറ്റാണ്ട് വരെയും തീർച്ചയായും അതിന് ശേഷവും മദ്ധ്യകാല ഇംഗ്ലണ്ടിൽ അറബി വിജ്ഞാനം വ്യാപകമായിരുന്നു. ക്രി. വ. 1100 കളുടെ തുടക്കത്തിൽ തന്നെ അന്നത്തെ പ്രമുഖ യൂറോപ്യൻ പണ്ഡിതരിൽ ഒരാളായ ഇംഗ്ലണ്ടിലെ ബാത്തുകാരൻ അബലാർഡ് ഖവാരിസ്മിയുടെ ഖഗോള വിജ്ഞാനീയ പട്ടിക അറബിയിൽ നിന്ന് ലാറ്റിനിലേക്ക് വിവർത്തനം ചെയ്തു. ഇന്ന് സർവസാധാരണയായി ഉപയോഗിക്കപ്പെടുന്ന രണ്ട് ഗണിത പദങ്ങളാണ് *Algibra, Alogaritham* എന്നിവ. ഇംഗ്ലീഷ് ഭാഷയിൽ എത്തിചേർന്നതിങ്ങിനെയാണ്. ഇതിൽ രണ്ടാമത്തെ പദം ഖവാരിസ്മിയുടെ പേരിൽനിന്നു തന്നെ എടുത്തതാണ് *Algibra* യാകട്ടെ ഛിദ്രമാക്കപ്പെട്ട ഭാഗങ്ങളുടെ പുനരേകീകരണം എന്ന അർഥം വരുന്ന *Al -jabar* ൽനിന്നും ഉണ്ടായതാണ്. *Al jabar* ഖെവാരിസ്മിയുടെ ഗണിത ശാസ്ത്ര പ്രബന്ധമായ *Hisab Al-jabr W' al Muqabala* യിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ കൗതുകകരമായ കാര്യം അറബിയായ *Al -jabar*യും ഇംഗ്ലീഷായ *Algibra*യും ഒരേ രീതിയിൽ ഒടിവിനും ചതവിനും അസ്ഥി യോജിപ്പിക്കാനും മറ്റുമുള്ള ചികിത്സാരീതിയെ സുചിപ്പിക്കുന്ന പദങ്ങളാണ്. വാക്കുകളുടെ ചരിത്രപരമായ ഉപയോഗത്തെ മുൻനിറുത്തി നിർവചനങ്ങൾ നൽകുന്ന Oxford English Dictionary ആദ്യത്തെ അർഥമായി *Algibra* ക്ക് നൽകുന്നത് ഒടിവിനും ചതവിനു മുള്ള ശസ്ത്രക്രിയാ ചികിത്സ എന്നാണ്. ഇത കുടാതെ ക്രി. വ. 1565 ൽ നിന്നുള്ള ഒരുദ്ധരണിയും ചേർത്തിട്ടുണ്ട്.

'The surgical treatment of fractures, This arabic word Algibra sygnify as well as fractures of born etc as sometime restoration of same. Algibra എന്ന ഈ അറബി പദം അസ്ഥികളുടെ ക്ഷയത്തെയും മറ്റും കുടി സുചിപ്പിക്കുന്നു. ചില അവസരങ്ങളിൽ അവയുടെ പുനസംയോജനത്തെയും സുചിപ്പിക്കുന്നു. വിജ്ഞാന മേഖലയിൽ അറബി ഗവേഷകർ ചെയ്ത ഏറ്റവും വലിയ സംഭാവന ജ്യോതിശാസ്ത്ര മേഖലക്ക് അവർ നൽകിയ വളർച്ചയാണ്. അറബിയിൽ നിന്ന് രൂപപെട്ട നാമങ്ങളുള്ള നുറുക്കണക്കിന് നക്ഷത്ര നാമങ്ങൾ ആധുനിക നക്ഷത്ര പട്ടികയിലുള്ളത്. Alair, Aldebaran, Btelgeus,Vega, Algole അവയിൽ ചുരുക്കം ചിലവ മാത്രം. ഇതിലെ അവസാന പദം Algole (അൽഗോൾ) രൂപപ്പെട്ടത് ഭൂതം, പിശാച് എന്നീ അർത്ഥമുള്ള *Al ghul* എന്ന അറബി പദത്തിൽ നിന്നാണ്. ഇംഗ്ലീഷ് പദമായ Ghoul ഉം അതിന്റെ വിശേഷണമായ *Ghoulish* ഉണ്ടായത് Algol (അൽഗോൾ) എന്ന നക്ഷത്രത്തെ അറബികൾ *Al ghul* എന്നാണ് വിളിക്കുന്നത്, കാരണം അത് പ്രേതത്തെ പോലെയാണ് കാണപ്പെടുന്നത്. ഗ്രഹണം ബാധിച്ച ഇരട്ട നക്ഷത്രത്തെ പോലെയും, അത് തെളിച്ചമില്ലാതെ അവ്യക്തമായി ഓരോ ഈരണ്ട് ദിവസം കൂടുംതോറും പ്രകാശം മറിമാറി .പ്രത്യക്ഷപ്പെടുന്നു. അതു കൊണ്ടാണ് ഈ പേരു തന്നെ നൽകാൻ അറബികൾക്ക് പ്രേരണയായത്. നക്ഷത്ര നാമങ്ങൾ മാത്രാമല്ല *Zennith, Nadir Azimuth* തുടങ്ങിയ ജോതി ശാസ്ത്ര പദങ്ങളുടെ ഉദ്ഭവവും അറബിയിൽ തന്നെ.

*Talisman, Elixir* എന്നിവ അറബിയിൽ നിന്നും നിഷ്പന്നമായ പദങ്ങളാണ്. Almanac (*al manakh*) അറബിയിൽ നിന്നും ഉദ്ഭവിച്ച മറ്റ് സാങ്കേതിക പദങ്ങളാണ്. caliber, caliper, aniline, marcasite, camphore എന്നീ പദങ്ങളും അറബിയിൽ നിന്നു തന്നെ. വിലയേറിയ രത്നങ്ങളും മറ്റും അളക്കാൻ ഉപയോഗിക്കുന്ന Carat കാരറ്റും കടലാസ് അളക്കാനുപയോഗിക്കുന്ന Ream റീമും അറബി തന്നെ.

ഉദാ: *Girat* (ഇത് ചെറിയ യൂണിറ്റ്) *Rizmah* (ഇത് വലിയ യൂണിറ്റ്) ഇതേ ഗണത്തിൽപ്പെടുത്താവുന്ന ശ്രദ്ധേയമായ പദങ്ങളാണ് Average ഉം Alcaholeഉം ഗണിത ശാസ്ത്രത്തിൽ സർവ്വ സാധാരണയായി ഉപയോഗിക്കുന്ന പദം നേരു പറഞ്ഞാൽ അറബിയിയാണ്.

അറബിയിലെ *Awariya* ആണ്, അർഥം പക്ഷേ കേടു സംഭവിച്ച സാധനങ്ങൾ എന്നാണ്. ഈ രൂപാന്തരണം അവ്യക്തമായി തോന്നുമെങ്കിലും ഇത് സംഭവിച്ചത് കച്ചവടക്കാർ കടലിൽവെച്ച് ചർച്ചചെയ്ത് നിർണയിക്കുന്ന കേടുപാടു സംഭവിച്ച സാധനങ്ങളുടെ ശരാശരി കണക്കുകളിൽ നിന്നാണ്.

ഇനി Alcahole എടുക്കുകയാണെങ്കിൽ അത് നിഷ്പന്നമായത് *Al-kohl* നിന്നാണെന്ന് കാണാം. മദ്ധ്യപുർവേഷ്യയിൽ കണ്ണെഴുതാൻ ഉപയോഗിക്കുന്ന ഔഷധ ഗുണമുള്ള കറുത്ത പൊടിയാണ് *Al-kohl*. ഈ പൊടിയും മദ്യവും തമ്മിലെന്ത് ബന്ധമെന്ന സംശയം തോന്നാം. ആ പൊടി പ്രത്യേക രീതിയിൽ തയ്യാറാക്കിയ Antimony Sulfide ആണ്. ഈ പൊടി ഒരു വസ്തുവിന്റെ യഥാർഥ സിപിരിറ്റ് അഥവാ അതിന്റെ സത്ത എന്ന അർഥത്തിൽ മനസ്സിലാക്കുകയാണെങ്കിൽ ഇവ തമ്മിലുള്ള ബന്ധം നമുക്ക് വ്യക്തമായി കാണാം. ഈ പദം രൂപപെട്ട് എത്രയോ കാലങ്ങൾക്ക് ശേഷം Samuuel Coleridge, Shakes phear കൃതികളെ സംബന്ധിച്ചെഴുതിയ ലേഖനങ്ങളിലൊന്നിൽ വില്ലൻ Iago വിനെ വിശേഷിപ്പിച്ചത്, The very alchahole of egoism അഥവാ 'അഹങ്കാരത്തിന്റെ മൂർത്ത ചൈതന്യം' എന്നാണ്.

മദ്ധ്യകാലഘട്ടത്തിൽ ഇംഗ്ലീഷ് അറബിയിൽ നിന്ന് കടമെടുത്ത ശാസ്ത്ര സാങ്കേതിക പദങ്ങളുടെ ആധിക്യം ആ കാലഘട്ടത്തിലെ ശാസ്ത്ര വിജ്ഞാന മണ്ഡലത്തിൽ അറബ് ഇസ്‌ലാമിക നാഗരികത ചെലുത്തിയ പ്രഭാവം വ്യക്തമാക്കുന്നു. ഉന്നതമായ സംസ്കാരത്തിന്റെ മറ്റൊരു തെളിവ് ഈ ശാസ്ത്ര സാങ്കേതിക പദവ്യൂഹങ്ങൾക്ക് തൊട്ട് പിന്നാലെയുള്ളത് സുഖാഢംബര സമ്പന്നമായ ഉന്നത നിലവാരമുള്ള ജീവിത ശൈലിയുമായി ബന്ധപ്പെട്ട പദങ്ങളാണ്. ഇതിൽ നിന്ന് അവരുടെ ജീവിത നിലവാരം ഊഹിക്കാവുന്നതേയുള്ളൂ.

എലിസബത്ത് (1533-1603) രാജ്ഞിയുടെ കാലമായപ്പോഴേക്കും ഇംഗ്ലീഷ് കടൽ കച്ചവടക്കാർ യുറോപ്പിന് പുറമേയുള്ള ലോകങ്ങളെ തൊട്ടറിഞ്ഞുകൊണ്ട് മദ്ധ്യ പൂർവേഷ്യയിൽ നിന്നും അതിനപ്പുറത്തു നിന്നുമൊക്കെ അമൂല്യ വസ്തുക്കളും മറ്റു സാമഗ്രികളും, ആചാര സമ്പ്രദായങ്ങളും ഇംഗ്ലണ്ടിന്റെ തീരങ്ങളിലേക്ക് കൊണ്ടുവരുവാൻ തുടങ്ങി. ഇവിടെ പരാമർശാർഹമായ കാര്യം ഇങ്ങനെ യാത്രക്കാർ അറേബ്യയിൽ നിന്ന് കപ്പൽ കയറ്റി കൊണ്ടുവന്ന പദങ്ങളധികവും സുഖലോലമായ അത്യാഢംബര ജീവിത ശൈലിയെ സുചിപ്പിക്കുന്നവയാണ്. Sugar, Syrup, Julep, Sherb, Marzipan മുതലായവയൊക്കെയും അറബിയിൽ നിന്ന് കടമെടുത്ത പദങ്ങളാണ്. ഒരു പക്ഷേ എലിസബത്തൻ കാലഘട്ടത്തിലെ കുടുംബിനിയുടെ അടുക്കള സാമാനങ്ങളിൽ ഇതൊന്നും ഉൾപ്പെട്ടിട്ടുണ്ടാവില്ല. Coffee വന്നത് അറബിയിലെ Gahawa യിൽ നിന്നാണ്. അതിന്റെ പ്രഭവ കേന്ദ്രം യമൻ ആണ്. യമനിലെ തുറമുഖ പട്ടണമായ മോച്ചയിൽ നിന്നും! ഇതിനോട് ചേർത്ത് വെക്കാവുന്നവയാണ് അറബി നാമങ്ങളുള്ള സുഗന്ധ ദ്രവ്യങ്ങളായ Caraway ഉം Suffron മെല്ലാം.

Sash, Shawl, Sequin, Muslin, Mohair, Damask, Cotton മുതലായ വിലകൂടിയ തുണിത്തരങ്ങൾ തന്നെ സമ്പത്തിന്റെ സുചകങ്ങളാണ്. ഇതിൽ Muslin ആണ് അന്ന് ഉൽപ്പാദിപ്പിച്ചു കൊണ്ടിരുന്നത്. ഇറാഖിലെ മുസോൾ പട്ടണത്തിൽ നിന്നാണ് ആ പേര് ലഭിച്ചത്. എന്നാൽ Sash ആകട്ടെ അറബി മസ്‌ലിൻ തുണിയായ *Shash*ൽ നിന്നുമാണുണ്ടായത്. ഈ പേരു സുചിപ്പിക്കുന്നത് പോലെ Damask തുണിത്തരം *Damascus* ൽ നിന്നുള്ളതാണ്. നാം ഇന്ന് പൂച്ചകളുടെ ഒരു പ്രത്യേക വർഗത്തെ വിശേഷിപ്പിക്കാനായി ഉപയോഗിക്കുന്ന Tabby എന്ന പേര് പോലും വന്നത അറബിയിൽ നിന്നാണ്. ബാഗ്ദാദിലെ അൽ *തബ്ബിബ* ജില്ലയിൽ ഉണ്ടാക്കിയിരുന്ന വില കുടിയ വർണശബളിമയാർന്ന സിൽക്ക് (പട്ട്) തുണിപോലെ ചർമാവരണമുള്ള പൂച്ച എന്ന നിലക്കാണ് ആ പേര് വന്നത്. Sequin എന്ന പദമാകട്ടെ അറബിയിൽ *Sikkah* യിൽ നിന്നും നിഷ്പന്നമായതാണ്. നാണയ മടിക്കുന്ന മൂശ.

Sofa, Alcove, Jar, and Carafe ഈ സുഖാനന്ദ സാമഗ്രിയൊക്കെയും തന്നെ അറേബ്യയിൽ നിന്ന് കടലു കടന്ന് വന്നവയാണ്. നീളൻ ബഞ്ച് എന്ന അർഥം വരുന്ന *Suffa* യിൽ നിന്നാണ് Sofa ഉണ്ടായത്. കമാനം എന്നർഥമുള്ള *Al qubbbah* യാണ് ഇംഗ്ലീഷിലെ Alcove ന്റെ ജനനി, Jar ആകട്ടെ മൺകുടം എന്നർത്ഥം വരുന്ന *Jarrah* എന്ന പദത്തിൽ നിന്നുമാണ്. Carafe (കുപ്പി) എന്ന ഇഗ്ലീഷ് പദം *Gharrafah* എന്ന അറബി പദത്തിന്റെ ഇംഗ്ലീഷ് രൂപമാണ്. ആംഗലേയ പദസമ്പത്തിനെ Crimson, Carmine, Azure, Liliac തുടങ്ങിയ നിറങ്ങൾ കൊണ്ട് സമ്പുഷ്ടമാക്കിയതും അറബി തന്നെ. ഇനി വിനോദത്തിനാണെങ്കിൽ കൈപ്പത്തി എന്നർഥം വരുന്ന അറബിയിലെ *Raha* യിൽ നിന്നും രുപപെട്ടതാണ് Racket (Tennis Racet).

അറബികൾ എന്നും കടൽ സഞ്ചാരികളും കച്ചവടക്കാരുമായിരുന്നു. അതുകൊണ്ടുതന്നെ കടലും കച്ചവടവുമായി ബന്ധപ്പെട്ട പദങ്ങൾ ഇംഗ്ലീഷിലെ അറബിക്ക് Loan Words (അറബിയിൽ നിന്നും കടം കൊണ്ട പദങ്ങൾ)ന്റെ കൂട്ടത്തിൽ കണ്ടില്ലെങ്കിലേ അത്ഭുതമുള്ളു.

ഇംഗ്ലീഷ് നാവികർ പൊതുവേ

ഉപയോഗിക്കുന്ന പദമാണ് Mizzen Masts. ഇതിന് കാരണം ഇംഗ്ലീഷ് കാരന്റെ (മാസ്റ്റ്) Masts എന്ന പദം അറബിയിലെ *Mazzam* ആണ്. *Ameerul Bahr* (അമീറുൽ ബഹ്ർ = കടലിലെ നായകൻ) എന്നതിന്റെ ചുരുക്കരൂപമായ *Ameeral* നിന്നുമാണ് Admmiral രൂപം കൊണ്ടത്. Arsenal എന്ന പദം വന്നത് Work shop വർക്ക്ഷോപ്പ് എന്ന് അർഥമുള്ള *Dar-as sinna'ah* യിൽ നിന്നുമാണ്. അതുപോലെ Magazine എന്ന പദം *Makham* (സംഭരിച്ച് വെച്ച സ്ഥലം) ൽ നിന്നും കടമെടുത്തതാണ്. കച്ചവടവുമായി ബന്ധപ്പെട്ട പദമായ Tarif (താരിഫ) ന്റെ ഉൽപ്പത്തി അറബിയിൽ നിന്നാണ്. കൗതുകം ജനിപ്പിക്കുന്ന പദങ്ങൾ വേറെയുമുണ്ട്.

ഉദാഹരണത്തിന് Adobe, Cocus, Genie, Propinjay എന്നിവയും അറബി പദങ്ങളുടെ മാറ്റിതിരിക്കപ്പെട്ട രൂപങ്ങളാണ്. ഇത്തരത്തിൽ ഉപയോഗാനുസൃതം വേർതിരിച്ചെടുക്കുന്നതിനാൽ ഇംഗ്ലീഷിൽ Garble എന്നാണ് പറയുക. ഈ പദത്തിന്റെ ഉറവിടം പോലും അറബിയാണ്. വേർതിരിക്കുക, തിരഞ്ഞെടുക്കുക എന്നീ അർഥം വരുന്ന *Garbala* എന്നതാണ് Garble ആയി മാറിയത്. മാറ്റിതിരിക്കപ്പെട്ടാലും ഇല്ലെങ്കിലും എന്തായാലും ശരി അറബിയിൽ നിന്ന് രൂപപ്പെട്ട പദങ്ങൾ ഇംഗ്ലീഷ് ഭാഷയെ വളരെയധികം സമ്പന്നമാക്കിയിരിക്കുന്നു.

Horse (കുതിര), Horseman (കുതിരക്കാരൻ) Hack (കുതിരയുടെ കടിഞ്ഞാണും മറ്റു സഞ്ചാര സാമഗ്രികളും) എന്നിവയുടെ അറബി നാമങ്ങൾ, അങ്ങകലെ അറബ് ലോകത്ത് നിന്നും എത്രയോ വിദൂരസ്ഥമായ അമേരിക്കക്ക് തെക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന മരുഭൂമികളിൽ പോലും സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. ഈ പദങ്ങൾ അറബിയിൽ നിന്ന് സ്പാനിഷിലെത്തുകയും സ്പാനിഷ് ആംഗ്ലോ പാരമ്പര്യങ്ങളുടെ സമ്മേളന വേളയിൽ അമേരിക്കൻ ഇംഗ്ലീഷിലേക്ക് കുടിയേറുകയും ചെയ്തു.

8-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അറബികളുടെയും വടക്കനാഫ്രിക്കയുടെയും ബർബർ വംശജരുടെ ഒരു മുസ്‌ലിം സൈന്യം ഐബീരിയൻ ഉപദ്വീപ് ഏതാണ്ട് മുഴുവനായി തന്നെ കീഴടക്കുകയുണ്ടായി. അതിന് തെക്ക് ഭാഗത്ത് അറബികൾ അൽ അന്തലുസ് (സ്പെയിൻ) എന്ന് വിളിക്കുന്ന പ്രദേശത്ത് അബ്ബാസികൾ നിഷ്ക്കാസനം ചെയ്ത സിറിയൻ ഉമവിയ്യാ വംശത്തിലെ ഒരു രാജകുമാരൻ തന്റെ ഭരണം സ്ഥാപിക്കുകയും ഏകദേശം 750-ാം ആണ്ടിനോടടുത്ത് തഴച്ചു വളർന്ന ഒരു നാഗരികത പടുത്തുയർത്തുകയും ചെയ്തു. 1492 ൽ രണ്ട് സുപ്രധാനമായ സംഭവങ്ങളുണ്ടായി. അതിലൊന്ന് ലോകത്തിന്റെ പുതിയ കോണുകളുടെ കണ്ടുപിടുത്തമായിരുന്നു. സ്പെയിൻ, പോർട്ടുഗൽ രാജ്യങ്ങൾ കോളനി വത്ക്കരണങ്ങളുടെ നവാദ്ധ്യായം തന്നെ തുറന്നു. രണ്ടാമത്തേത് സ്പാനിഷ് സംസ്ക്കാരത്തിൽ ആഴത്തിൽ മുദ്ര ചാർത്തിയ മുസ്‌ലികളും ജൂതന്മാരും അവിടെനിന്ന് പുറത്താക്കപ്പെട്ട സംഭവമാണ്.

നവലോകം കീഴടക്കവേ അറബി, ബർബർ അഭയാർഥികളടങ്ങുന്ന സ്പെയിൻകാർ അവരുടെ കുതിരകളെയും കൂടെകൊണ്ടുപോയി. അവർ അന്ന് കുതിര പാലനത്തിനായി ഉപയോഗിച്ച അറബിയിൽ നിന്ന് രൂപപെട്ട പദങ്ങൾ ഇന്നും ആ പ്രദേശത്തെ ഭാഷയിൽ (മരുഭൂമികളിൽ ഇംഗ്ലീഷ് അമേരിക്കയുടെയും മെക്സിക്കോയുടെയും അതിർത്തി പ്രദേശങ്ങളിലെ മരുഭുമികളിലെ മെക്സിക്കൻ സ്പാനിഷ് കലർന്ന സംസാര ഭാഷ) ധാരാളമായി ഉപയോഗിക്കപ്പെടുന്നു.

1975-ൽ യു.എസ്- മെക്സിക്കോ അതിർത്തി പ്രദേശങ്ങളിലെ പുരാതന ആട്ടിടയ സമുദായങ്ങളുടെ അടുത്തേക്ക് ചെന്നപ്പോഴാണ് Cowboy lingo ശ്രദ്ധയിൽപ്പെട്ടത് ഞാനും ഭാര്യയും കുതിരകളെയും ചെമ്മരിയാടുകളെയും ടർക്കിക്കോഴികളെയും വളർത്താറുണ്ട്. അതിനാൽ അവിടെ ജോലി ചെയ്യുന്ന കൗബോയ്കളെ ആട്ടിടയന്മാരേയും മൃഗഡോക്ടർമാരേയും അടുത്ത് പരിചയപ്പെടാനും ഇടപഴകാനുമുള്ള അവസരം ലഭിച്ചു. അവരൊക്കെയും ആ പ്രദേശത്ത് നാലര നൂറ്റാണ്ട് മുമ്പെത്തിയ അറബിയിൽ നിന്നുള്ള അവരുടെ ഭാഷാ പദങ്ങൾ എന്റെ കുട്ടികളിന്ന് സുഖമായും സാധാരണമായും കമ്പ്യൂട്ടർ ഭാഷ കൈകാര്യം ചെയ്യുന്നത് പോലെ ഉപയോഗിക്കുന്നവരാണ്. ഉദാഹരണത്തിന്ന് പ്രഗല്ഭനായ ഒരു കുതിര യോട്ടക്കാരനെ കേമനായ Jinnet എന്നാണ് പറയുക. ഈ പദം വടക്കനാഫ്രിക്കയിലെ ഒരു യുദ്ധക്കുതിരയോട്ട രീതിയെയും പിന്നീട് കുതിരക്കാരനെ തന്നെയും സൂചിപ്പിക്കാനുപയോഗിച്ച പദമാണ്. ഈ Sonoran Spanish Xinete യിൽ നിന്ന് വന്നതാണ്. അതാകട്ടെ ഇന്നത്തെ Algeria യിലെ Zanathi എന്നറിയപ്പെടുന്ന ഗോത്രത്തെ അനുസ്മരിപ്പിക്കുന്ന അന്തലുഷ്യൻ പദമായ Zanathi യിൽനിന്നും രൂപപ്പെട്ടതാണ്.

Sonoran Vaqueros ഉം അവരുടെ കുതിരക്കാരും ഇന്നും കുതിര ചേണത്തിന്ന് Albardon എന്നാവും പറയുക. ഇത് ഐബീരിയൻ പദമായ *Albarda* യിൽ നിന്ന് ഉണ്ടായതാണ് ഇംഗ്ലീഷിൽ അർഥം Pack Saddle എന്നാണ് ഈ പദത്തിന്ന് ശരിയായ ഉദ്ഭവം അറബിയിലെ *Al barda* യിൽ നിന്നാണ്. ഇക്കൂട്ടത്തിലെ മറ്റൊരു പദമാണ് Acion. കൗബോയ്കൾ ഉപയോഗി ക്കുന്ന തോലു കൊണ്ടുള്ള ബെൽട്ടാണിത്. ഇത് അറബി പദമായ Al siyume ൽ നിന്ന് ഉണ്ടായതാണ്. അവരുടെ Azote (ചാട്ടവാർ) അറബിയിലെ *As-sut* ആണ്. അറബിയിലെ *Algullah* അവർക്ക് Argollas ആയിമാറി (Ringing Starp). ഈ കൂട്ടത്തിൽ

എനിക്കേറ്റവുമിഷ്ടപ്പെട്ട പദം Hackamore ആണ്. കന്നുകാലികളെ ബന്ധിക്കാനുപയോഗിക്കുന്ന മൂക്കുകയറാണിത്. അറബി പദമായ *Sakima* യെ പ്രതിഫലിപ്പിക്കുന്ന അന്തലൂന്ത്യ ഷ്യൻ പദമായ Jaquima നിന്ന് രൂപപ്പെട്ടതാണ് ഈ പദം.

ഇനി മൃഗങ്ങളുടെ നിറവ്യത്യാസങ്ങളെ സുക്ഷ്മമായി സൂചിപ്പിക്കുന്ന പല പദങ്ങളും ഇവർക്കിടയിലുണ്ട്. പരിശോധിച്ചാൽ ഇവയുടെയൊക്കെയും പ്രഭവം അറബിയാണെന്ന് തെളിയിക്കാൻ കഴിയും. കൗബോയ്കൾ ഇങ്ങനെ കുതിരകളുടേയും കന്നുകാലികളുടെയും ചെമ്മരിയാടിന്റെ പോലും നിറങ്ങൾക്ക് പ്രത്യേകം പേരുകൾ ഉപയോഗിച്ചുപോരുന്നു. ഞാൻ കളർ ബ്ളൈന്റ് (ചില വർണങ്ങൾ കാണാൻ കഴിയാത്ത രോഗം) ആയതിനാൽ ഈ പേരുകൾ മനസ്സിലാക്കിയെടുക്കാൻ എനിക്ക് കുറച്ച് സമയം പിടിച്ചു. എങ്കിലും Almagre (ഒരിനം തുരുമ്പു നിറമുള്ള കുതിര) എന്റെ ശ്രദ്ധയിൽപ്പെടുക തന്നെ ചെയ്തു. ഈ പേര് ചുവന്ന മണ്ണ് എന്നർഥം വരുന്ന അറബി പദം *Al-magra* യിൽ നിന്ന് വന്നതാണെന്ന് എനിക്ക് അറിയാമായിരുന്നു. വർണങ്ങളെ സംബന്ധിച്ച പദത്തിൽ എന്നെ ഏറ്റവും ഏറെ കുഴപ്പിച്ചത് മൂക്ക് മുതൽ വാലറ്റം വരെ തുരുമ്പിച്ച ബ്രൗൺനിറമുള്ള കുതിരയെ വിളിക്കുന്ന Alice-Ann എന്ന പേരാണ്. ഇത് അറബിയിലെ Al-azam (ചുവന്ന മരത്തടി)യിൽ നിന്നുമാണെന്ന് തിരിച്ചറിയാൻ കുറച്ച് ബുദ്ധിമുട്ടി. ഈ അടുത്ത് Alice-Ann എന്ന വാക്കിന്റെ ദ്വയാർഥം ഉപയോഗിച്ച് ജാക്ക് എന്നൊരാളെഴുതിയ നർമ കവിത വായിക്കാനിടയായി.

On the frontier a cowboy's best gal

was called AliceAnn, ant not sal

The trick is, of couse,

That this friend was a horse

so an Alice could be a male pal

അങ്ങതിർത്തിൽ കൗബോയുടെ കൂട്ട്

സാൻ അല്ല ആലീസ് ആനാണ്

അതാണ് വലിയ തമാശയും

ആ സുഹൃത്തുണ്ടല്ലോ അതൊരു കുതിരയാണ്

അപ്പോൾ ചിലപ്പോൾ ആലീസ് ആണുമാവാം

*വിവ: റൗഫ് റൂമി*

●

# പശ്ചാത്താപം

**– ഹദ്റത്ത് അഹ്മദ് (അ)**

ഇഹ ലോകത്തും പരലോകത്തും ദുഷ്പരിണിതിക്ക് കാരണഭൂതമായിതീരുന്ന ഒന്നത്രേ പാപം. മനുഷ്യൻ പശ്ചാത്തപിക്കുമ്പോൾ അല്ലാഹുതഅല അവന്റെ പാപങ്ങൾ വിസ്മരിച്ചു കളയുകയും അവൻ പാപ വിമുക്തനായ ഒരുവനായി ഗണിക്കുകയും ചെയ്യും. പക്ഷേ അതിനുള്ള നിബന്ധന പശ്ചാത്തപിക്കുന്നവൻ തന്റെ പശ്ചാത്താപത്തിൽ അടിയുറച്ച് നിൽക്കണം എന്നതാണ് . പക്ഷേ നിരവധി ജനങ്ങൾ പശ്ചാപത്തിന് ശേഷം അത്മറന്ന് കളയുന്നവരാണ്. ഉദാഹരണത്തിന് ഹാജിമാർ ഹജ്ജ് കഴിഞ്ഞു മടങ്ങിയെത്തി ദിവസങ്ങൾക്കം തന്നെ വീണ്ടും പൂർവ പാപങ്ങളിൽ മുഴുകുന്നു. അവരുടെ ആ ഹജ്ജ് കർമം കൊണ്ട് എന്ത് പ്രയോജനമുണ്ടായി.? അല്ലാഹു പാപങ്ങളോട് കടുത്ത നീരസമുള്ളവനാകുന്നു. അതിനാൽ മനുഷ്യൻ സദാ അതിൽ നിന്നും വിട്ട് നിൽക്കേണ്ടതാണ്. ഒരാൾക്ക് പാപം ഉപേക്ഷിക്കാനുള്ള ശക്തിയുണ്ടായിരിക്കേ അയാൾ പാപം ഉപേക്ഷിക്കാതിരിക്കുകയാണെങ്കിൽ അല്ലാഹു നിശ്ചയമായും അയാളെ പിടിക്കുന്നതാണ്. നിങ്ങൾ തൗബയുടെ വൃക്ഷത്തിൽ നിന്ന് ഫലം നുകരാനും നിങ്ങളുടെ ഗൃഹം സംരക്ഷിക്കപ്പെടാനും ആഗ്രഹിക്കുന്നുവെങ്കിൽ സത്യസന്ധമയ പശ്ചാത്താപം നടത്തിക്കൊള്ളുക. മഹാനായ ദൈവം തന്റെ നടപടിക്രമങ്ങളിൽ മാറ്റം വരുത്താറില്ല.അവൻ അരുളുന്നു.

*ഫമൻ തജിദ ലിസുന്നത്തില്ലാഹി തബ്ദീലാ* മനുഷ്യൻ ഒരു കടുകുമണിതൂക്കം നന്മ ചെയ്താലും ദൈവം അത് പാഴാക്കുന്നില്ല. അപ്രകാരം തന്നെ ആരെങ്കിലും കടുക് മണിതൂക്കം തിന്മ ചെയ്താലും അത് ദൈവത്തിന്റെ വിചാരണക്ക് വിധേയമാക്കുന്നതായിരിക്കും. ഇതാണവസ്ഥയെങ്കിൽ പാപങ്ങളിൽ നിന്ന് വളരെയധിക,ം പരിശ്രമിച്ച് രക്ഷപ്പെടേണ്ടതാണ്. (മൽഫൂസാത്ത്)

# നുബൂവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത്

മുഹമ്മദ് ഉമർ എച്ച്. എ

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് അദ്ദേഹത്തിന്റെ വിയോഗാനന്തരം സ്ഥാപിതമായ ഖിലാഫത്ത് അലാ മിൻഹാജിൻ നുബൂവ്വത്തിന്റെ സുവർണ കാലഘട്ടം മുപ്പത് വർഷം നിലനിൽക്കുകയുണ്ടായി.

***ഹദ്റത്ത് നബികരീം (സ) ഇപ്രകാരം അരുൾ ചെയ്യുന്നു: എനിക്ക് ശേഷം സ്ഥാപിതമാകുന്ന നുബൂവ്വത്ത് മുപ്പത് വർഷം നിലനിൽക്കുന്നതാണ്. അതിന് ശേഷം രാജത്വത്തിന്റെ കാലമായിരിക്കും. (മുസ്നദ് അഹ്മദ്- വാ 5 പേജ് 220 )***

ഇത് സംബന്ധിച്ച് ഹദീസുന്നബവിയിൽ വ്യക്തമായ പ്രവചനം കാണപ്പെടുന്നു. പ്രസ്തുത പ്രവചനമനുസരിച്ച് റസൂൽ തിരുമേനി (സ)ക്ക് ശേഷം സ്ഥാപിതമായ നുബുവ്വത്തിന്റെ വഴിയിലുള്ള ഖിലാഫത്തുർറാശിദക്ക് ശേഷം ഇസ്ലാമിക ഖിലാഫത്തിന്നു വ്യതിയാനം വന്നു. അദ്ധ്യാത്മിക പ്രഭാവിതരായ ഖുലഫാഉർറാശിദക്ക് ശേഷം ഉമവ്വിയ്യ, അബ്ബാസിയ, ഉസ്മാനിയ്യാ മുതലായ രാജപരമ്പര തുടർന്ന് സ്ഥാപിക്കപ്പെടുകയുണ്ടായി. എന്നാൽ ആധുനികാലഘട്ടത്തിൽ ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ക്രി. വ. 1924ൽ തുർക്കി ഭരണാധികാരി അത്താതുർക്ക് കമാൽ പാഷ ഭരണഘടനാപരമായി ഖിലാഫത്ത് റദ്ദാക്കിയതോടെ നാമമാത്രമായ ഈ ഖിലാഫത്തും നശിക്കുകയാണുണ്ടായത്, റസൂൽ തിരുമേനി (സ)യുടെ പ്രവചനമനുസരിച്ച് അപ്പോഴേക്കും നുബൂവ്വത്ത് കൊണ്ടനുഗൃഹീതനായ വാഗ്ദത്ത മസീഹിന്റെ ആഗമനമുണ്ടാകുകയും ഖിലാഫത്ത് അലാ മിൻഹാജിൻ നുബൂവ്വ: സ്ഥാപിതമാവുകയുമുണ്ടായി. അതായത് അദ്ദേഹത്തിന്റെ വിയോഗാനന്തരം സ്ഥാപിതമായ അഹ്മദിയ്യാ ഖിലാഫത്തിലൂടെ ഈ പ്രവചനം പൂർത്തിയായി. റസൂൽ തിരുമേനി (സ) അരുൾ ചെയ്യുന്നു.

***'മാകാനത്ത് നുബുവ്വത്തുൻ ഖത്തു ഇല്ലാ തബിഅത്തുഹാ ഖിലാഫത്തുൻ'***

'ഓരോ നുബുവ്വത്തിനെയും അനുഗമിച്ചു കൊണ്ട് ഖിലാഫത്തുണ്ടാകുന്നു.' (കൻസുൽ ഉമ്മാൽ ഹദീസ് നമ്പർ 3224)

അഹ്മദിയ്യാ ഖിലാഫത്ത് *'അലാ മിൻഹാജിനുബുവ്വത്ത്'* സ്ഥാപിതമാകുന്നതിന് മുമ്പ് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) താൻ ഉമ്മത്തി നബി(അ)യാണെന്ന് വാദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു:

***'എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവും ദിവ്യവുമായ വെളിപാടു മുഖേന ഞാൻ അവന്റെ ഭാഗത്തുനിന്നും വാഗ്ദത്ത മസീഹും ആന്തരികവും ബാഹ്യവുമായ ഭിന്നതകൾക്കുള്ള വിധികർത്താവുമായി നിയുക്തനായിരിക്കുന്നുവെന്ന് അറിയിക്കപ്പെട്ടിരിക്കുന്നു.'(അർബയീൻ- പേ.3)*** വീണ്ടും എഴുതുന്നു: ***'എനിക്ക് നബിയെന്ന പദവി നൽകപ്പെട്ടിരിക്കുന്നു എന്നാൽ ഒരു വശത്ത് ഞാൻ നബി യാണെങ്കിൽ മറുവശത്ത് ഉമ്മത്തി നബിയുമാകുന്നു.' (ഹഖീക്കത്തുൽ വഹ്യ്)***

വാഗ്ദത്ത മസീഹ് തുടരുന്നു:

***നമ്മുടെ വാദം നബിയെന്നും റസൂൽ എന്നുമുള്ളതാണ്. വാസ്തവത്തിൽ ഇത് ഒരു വാച്യമായ തർക്ക വിഷയമാണ്. അല്ലാഹു ആരോടാണ് അധികമായി ദിവ്യ ഭാഷണം നടത്തുകയും അതിൽ അധികമായി പ്രവചനങ്ങൾ ഉണ്ടാവുകയും ചെയ്യുന്നത് ആ ആൾ നബിയെന്നു പറയപ്പെടുന്നു. ഈ നിർവചനം നമ്മിൽ സാത്മീകരിക്കപ്പെടുന്നു. നാം നബിയാണെങ്കിലും അത് വിശുദ്ധ ഖുർആനെ ദുർബലപ്പെടുത്തിക്കൊണ്ടുള്ള ന്യായപ്രമാണത്തോടു കൂടിയ നുബൂവ്വത്തല്ല. (ബദർ വാരിക 5-2-1908)***

ഈ വാദഗതിയനുസരിച്ച് ഹദ്റത്ത് മഹ്ദീ മസീഹ് (അ) ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ പ്രതിഛായയിൽ ഉമ്മത്തി നബിയാണ്. ഒരോ നുബുവ്വത്തിന് ശേഷവും ഖിലാഫത്തുണ്ടാകുമെന്ന റസൂൽ തിരുമേനി(സ)യുടെ പ്രവചനമനുസരിച്ച് വാഗ്ദത്ത മഹ്ദി മസീഹിന്റെ വിയോഗത്തിന് ശേഷം അല്ലാഹുവിനാൽ സ്ഥാപിതമായതാണ് അഹ്മദിയ്യാ ജമാഅത്ത്.

ഹദ്റത്ത് വാഗ്ദത്ത മസീഹിന് ശേഷമുണ്ടാകുന്ന ഖിലാഫത്ത് എന്ന ദ്വിതീയ ശക്തി പ്രഭാവത്തെക്കുറിച്ച് ഇപ്രകാരം അരുൾ ചെയ്യുന്നു:

അവൻ രണ്ടു വിധത്തിലുള്ള ശക്തി പ്രഭാവങ്ങൾ വെളിപ്പെടു

ത്തുന്നു. ഒന്നാമതായി നബിമാരുടെ കൈകളിലൂടെ തന്റെ ദിവ്യ ശക്തിയുടെ ഹസ്തം പ്രകടമാകുന്നു. രണ്ടാമതായി നബിയുടെ വിയോഗത്തിന് ശേഷം പല പ്രയാസങ്ങളും നേരിടേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജിക്കുകയും ***ഇപ്പോൾ ഈ പ്രവർത്തനങ്ങൾക്ക് ഭംഗം നേരിടുമെന്ന് കരുതപ്പെടുകയും, ഈ ജമാഅത്ത് നാശമടയുന്നതാണെന്ന് ശത്രുക്കൾ പ്രചരിപ്പിക്കുകയും ജമാഅത്തിലുള്ളവർ തന്നെ അങ്കലാപ്പിലായിത്തീരുകയും അവരുടെ സ്ഥിരചിത്തതക്ക് ക്ഷതം സംഭവിക്കുമെന്ന് കരുതപ്പെടുകയും പല ഭാഗ്യദോഷികളും മതപരിത്യാഗത്തിന്റെ വഴികൾ സ്വീകരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ അല്ലാഹു രണ്ടാം തവണയായി തന്റെ ശക്തമായ ദിവ്യ ശക്തി വെളിപ്പെടുത്തുകയും ചെയ്യുന്നു. ആപതിച്ചു കൊണ്ടിരിക്കുന്ന ജമാഅത്തിനെ പിടിച്ചു നിർത്തുകയും ചെയ്യുന്നു.***

***ചുരുക്കത്തിൽ ആരാണ് അവസാനം വരെ ക്ഷമ കൈകൊള്ളുന്നത് അവർ അല്ലാഹുവിന്റെ ഈ രണ്ട് അത്ഭുത പ്രതിഭാസങ്ങളും ദർശിക്കുന്നതാണ്. ഹദ്റത്ത് അബുബക്കറി(റ)ന്റെ കാലത്ത് സംഭവിച്ചത് പോലെ ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ വേർപാട് അനവസരത്തിലുള്ള വേർപാടാണെന്ന് കരുതപ്പെടുകയും ധാരാളം ഗ്രാമവാസികളായ ബദവികൾ മുർത്തദുകളാവുകയും സഹാബാക്കൾ വ്യസനാക്രാന്തരായി ഉന്മാദികളെ പോലെ ആയിതീരുകയും ചെയ്തപ്പോൾ അല്ലാഹു തഅല ഹദ്റത്ത് അബൂബക്കറിനെ എഴുന്നേൽപ്പിച്ച് രണ്ടാമതും തന്റെ ശക്തി പ്രഭാവത്തിന്റെ മാതൃക കാണിച്ചു. (അൽ വസിയ്യത്ത്.പേ. 6,7)***

വാഗ്ദത്ത മസീഹ് തുടരുന്നു:

അതുകൊണ്ട് അല്ലയോ പ്രിയമുള്ളവരെ, എതിരാളികളുടെ രണ്ട് നിരർഥകങ്ങളായ അപവാദങ്ങളെ തകർക്കുന്നതിനായി അല്ലാഹുവിന്റെ സനാതന നടപടിക്രമമനുസരിച്ച് രണ്ട് വിധത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങൾ പ്രകടമാവുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഈ സനാതന നടപടിക്രമത്തെ ഉപേക്ഷിച്ച് കളയുന്നത് സംഭവ്യമല്ല. അതുകൊണ്ട് നിങ്ങൾ ഈ രണ്ട് കാര്യങ്ങൾ കൊണ്ട് കുണ്ഠിതരും മനക്ലേശമുള്ളവരും ആയിത്തീരരുത്. കാരണം നിങ്ങൾ രണ്ടാമത്തെ ദിവ്യശക്തി പ്രഭാവം ദർശിക്കേണ്ടതും അത്യാവശ്യമാകുന്നു. അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞു പോകാത്തതുമാകുന്നു. ഞാൻ പോകാതിരുന്നാൽ ആ ദ്വിതീയ ശക്തി വരുന്നതല്ല. എന്നാൽ ഞാൻപോയാൽ അല്ലാഹു നിങ്ങൾക്ക് വേണ്ടി ആ ദ്വിതീയ ദിവ്യശക്തി വെളിപ്പെടുത്തുന്നതാണ്. അത് എന്നെന്നും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. (അൽ വസിയ്യത്ത് പേ 9)

വാഗ്ദത്ത മസീഹിന്റെ പ്രസ്തുത പ്രസ്താവനയിൽ താഴെ വിവരിക്കുന്ന കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

1. പ്രഥമ ദിവ്യ ശക്തി പ്രഭാവം എന്നതുകൊണ്ട് നുബുവ്വത്തും ദ്വിതീയ ശക്തി പ്രഭാവം എന്നത് കൊണ്ട് ഖിലാഫത്തും ആണ് ഉദ്ദേശ്യം. അതാണ് സാക്ഷ്യമെന്നോണം ഹദ്റത്ത് അബൂബക്കർ(റ)നെ എടുത്തുദ്ധരിക്കുന്നു.

2. വാഗ്ദത്ത മസീഹ് തനിക്ക് ശേഷമുണ്ടാകുന്ന ഖിലാഫത്തിനെ ദ്വിതീയ ദിവ്യ ശക്തി പ്രകടനമായി ചിത്രീകരിക്കുന്നു.

3. ഈ ദ്വിതീയ ശക്തി പ്രഭാവം താൻ പോയതിനുശേഷമായിരിക്കും (തന്റെ വിയോഗത്തിനുശേഷം) സംഭവിക്കുക.

4. പ്രവാചകന്മാർക്ക് ശേഷം തന്റെ ജമാഅത്തിന് കഠിനമായ പരീക്ഷണങ്ങളെ നേരിടേണ്ടിവരുന്നതാണ്. എന്നാൽ അവരുടെ ഖലീഫമാരുടെ സാന്നിദ്ധ്യം മൂഖേന ഭയാശങ്കകൾ സമാധാനമായി കലാശിക്കുന്നു. ഈ പ്രതിഭാസം അഹ്മദിയ്യാ ജമാഅത്തിലും ആവർത്തിക്കപ്പെടുന്നതാണ്. പ്രസ്തുത ദൈവിക സുന്നത്തനുസരിച്ച് വാഗ്ദത്ത മസീഹിന്റെ വിയോഗത്തിന് ശേഷം ജമാഅത്തിന് അതികഠിനമായ പരീക്ഷണങ്ങളെ നേരിടേണ്ടി വന്നുവെങ്കിലും ഖിലാഫത്തിന്റെ സ്ഥാപനം മുഖേന ആ ഭയാനകമായ അവസ്ഥ സമാധാനത്തിലേക്ക് വഴിമാറുകയുണ്ടായി.

5. അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞുപോകാത്തതുമാണ് എന്ന വചനം പ്രസ്തുത ദ്വിതീയ ശക്തി അഥവാ ഖിലാഫത്ത് അന്ത്യനാൾ വരെ നിലനിൽക്കുന്നതാണെന്ന് മനസ്സിലാക്കുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ പ്രസ്തുത പ്രവചനമനുസരിച്ച് 1908 മെയ് 27-ാം തീയതി അദ്ദേഹത്തിന്റെ പ്രഥമ ശിഷ്യനും ആദ്യമായി ബൈഅത്ത് ചെയ്ത മാന്യദേഹവും സർവോപരി ദൈവഭക്തനും പണ്ഡിതനുമായ മൗലാനാ ഹക്കിം നൂറുദ്ദീന്റെ(റ) തൃക്കരങ്ങളിൽ ജമാഅത്ത് ഒന്നടങ്കം ബൈഅത്ത് ചെയ്തു. ആറ് വർഷത്തെ വിജയകരമായ ഖിലാഫത്തിന് ശേഷം അദ്ദേഹം 1914 മാർച്ച് 13-ാം തീയതി ദിവംഗതനാകുകയും പിന്നെ അദ്ദേഹത്തെ തുടർന്ന് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് രണ്ടാം ഖലീഫത്തുൽ മസീഹായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 52 വർഷത്തെ അനുഗൃഹീതവും സംഭവബഹുലവുമായ ഖിലാഫത്തിന് ശേഷം അദ്ദേഹം 1965 നവംബർ 7-ാം തീയതി വഫാത്തായി. പിറ്റേന്ന് ജമാഅത്ത് സുസംഘടിതമായി ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബിന്റെ കൈയ്യിൽ ബൈഅത്ത് ചെയ്തു. 17 വർഷത്തെ വിജയ പ്രദമായ ഖിലാഫത്തിന്

ശേഷം 1982 ജൂൺ 9-ാം തീയതി അദ്ദേഹം ദിവംഗതനാകുകയും അടുത്ത ദിവസം തന്നെ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് ആയി സ്ഥാനമേറ്റെടുക്കുകയും ചെയ്തു. 22 വർഷത്തെ വിപ്ലവാത്മകമായ ഖിലാഫത്തിന് ശേഷം 2003 ഏപ്രിൽ 19-ാം തീയതി അദ്ദേഹം വഫാത്താകുകയും അതിന് ശേഷം 22-ാം തീയതി ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ തൃക്കരങ്ങളിൽ മുഴുവൻ ജമാഅത്തും ബൈഅത്ത് ചെയ്യുകയും ചെയതു. അങ്ങനെ ലോകത്തുള്ള 200 രാജ്യങ്ങളിലുള്ള ദശലക്ഷക്കണക്കിന് അഹ്മദികൾ ഖിലാഫത്തിന്റെ ശീതളഛായയിൽ വീണ്ടും സുസംഘടിതരും സുരക്ഷിതരുമായിത്തീർന്നു.

ഇന്ന് മുസ്‌ലിംകളിൽ കാണപ്പെടുന്ന അരക്ഷിതാവസ്ഥക്കും അധഃപതനത്തിനും ഭീകരാന്തരീക്ഷത്തിനും യുദ്ധഭീതിക്കുമുള്ള കാരണം ഖിലാഫത്തിന്റെ അഭാവമാണെന്നും അതിനെ പുനഃസ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്നും മുസൽമാന്മാരുടെ മത/രാഷ്ട്രീയ പണ്ഡിതന്മാരും ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. ഉദാഹരണമായി മൗലാനാ അബുൽ ഹസൻ നദ്‌വി പറയുന്നു

*ഇന്ന് മുസ്‌ലിം ലോകത്തിന് ഏറ്റവും അത്യാവശ്യമായി തീർന്നിരിക്കുന്ന ഖിലാഫത്തെന്ന സ്ഥാപനവും അനുഗൃഹീത സംവിധാനവും നഷ്ടപ്പെട്ടിരിക്കുകയാണ്. അതിന്റെ സ്ഥാപനത്തിനായി മുസ്‌ലിംകൾ അങ്ങേയറ്റം ശ്രദ്ധാപൂർവം ശ്രമിച്ചിരുന്നു. അതിന്റെ അഭാവവും നഷ്ടവും ഇന്ന് അവർ വിവിധ രൂപങ്ങളിൽ അനുഭവിച്ചു കൊണ്ടിരിക്കയാണ്. (തഅ്മീറെ ഹയാത്ത്)*

ഖിലാഫത്തിന്റെ അഭാവം നിമിത്തം ഇന്ന് മുസ്‌ലിം സമുദായത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിഹരിക്കാനാവാത്ത പ്രശ്നങ്ങളും രാഷ്ട്രീയവും സാംസ്കാരികവുമായുള്ള അധ:പതനങ്ങളും ദുരിത പൂർണമായ സംഭവവികാസങ്ങളും മുസ്‌ലിംകളുടെ കണ്ണുകൾ തുറപ്പിക്കാൻ പര്യാപ്തമായവയാണ്. വിശുദ്ധ ഖുർആൻ അരുൾ ചെയ്തത് പോലെ

***അവർക്ക് ഹൃദയമുണ്ട്. (പക്ഷേ അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട് (പക്ഷേ) അവർ അത് കൊണ്ട് കാണുന്നില്ല. അവർക്ക് കാതുകളുണ്ട് പക്ഷേ അവർ അതുകൊണ്ട് കേൾക്കുന്നില്ല.(7:180)***

ഇപ്പോൾ ലോകത്ത് 200 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായിട്ടുണ്ട്. 70 ലധികം ഭാഷകളിൽ വിശുദ്ധ ഖുർആൻ പരിഭാഷപ്പെടുത്തുകയുണ്ടായി.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പതിനേഴു വർഷങ്ങൾക്കുള്ളിൽ ലോകത്ത് ആയിരക്കണക്കിന്ന് മസ്ജിദുകൾ അഹ്മദിയ്യാ ജമാഅത്ത് മുഖേന സ്ഥാപിതമായി. ഈ വർഷം 115 പുതിയ പള്ളികൾ നിർമിക്കപ്പെട്ടു. ഇവ കൂടാതെ 179 മസ്ജിദുകൾ നമസ്ക്കരിക്കുന്ന വരോടൊപ്പം അല്ലാഹു ഈ ജമാഅത്തിന് നൽകുകയുണ്ടയി. ഇവ കൂടാതെ ഈ വർഷം ലോകത്തെങ്ങും 87 പ്രചാരണ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. ലണ്ടൻ ആസ്ഥാനമായി ചൈനീസ് ഡസ്ക്ക്, ബംഗ്ളാ ഡസ്ക്ക്, റഷ്യൻ ഡസ്ക്, ഫ്രഞ്ച് ഡസ്ക്ക്, ടർക്കിഷ് ഡസ്ക്ക്, ഏഷ്യൻ ഡസ്ക്ക്, അറബിക്ക് ഡസ്ക്ക് എന്നീ വകുപ്പുകൾ മുഖേന ലോകത്തെങ്ങും പ്രചാരണ ശിക്ഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. MTA ഇന്റർനാഷണൽ, ഹ്യുമാനിറ്റി ഫസ്റ്റ്, അഹ്മദിയ്യാ ഇന്റർനാഷണൽ ആർക്കിടക്റ്റ് ആന്റ് എഞ്ചിനിയറിംങ്ങ് എന്നീ വകുപ്പുകൾ ആഗോളാടിസ്ഥാനത്തിൽ പ്രവർത്തനനിരതമാണ്. തങ്ങളുടെ ജീവനെ വഖഫ് ചെയ്ത വാഖിഫിനെ നൗ 87 രാജ്യങ്ങളിൽ 41,220 ആയി വർധിച്ചിരിക്കുന്നു. (അൽ ഫസൽ 24.9. 2010) അങ്ങനെ ആഗോളാടിസ്ഥനത്തിൽ ഇസ്‌ലാം മതത്തെ ദൃഢപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഊർജസ്വലതയോടെ നടന്ന് വരികയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ സൂറ 56-ാം വചനത്തിൽ ഖിലാഫത്തിന്റെ അതിമഹത്തായ രണ്ട് ദിവ്യാനുഗ്രങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു

**1. അവർക്കായി അവർ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുന്നതാണ്.**

**2. അവരുടെ ഭയത്തിനു ശേഷം പകരമായി അവർക്ക് രക്ഷയും സമാധാനവും നൽകുന്നതാണ്.**

ഈ രണ്ട് ദിവ്യാനുഗ്രങ്ങളും അഹ്മദിയ്യാ ഖിലാഫത്ത് മുഖേന ജമാഅത്തിൽ സമ്പൂർണമായ നിലയിൽ കാണപ്പെടുന്നു. ഇതിന്റെ വിശദീകരണത്തിന് ഇപ്പോൾ മുതിരുന്നില്ല.

ഇന്ന് മുസ്‌ലിംകളിൽ കാണ പ്പെടുന്ന അരക്ഷിതാവസ്ഥക്കും അധഃപതനത്തിനും ഭീകരാന്തരീ ക്ഷത്തിനും യുദ്ധഭീതിക്കുമുള്ള കാരണം ഖിലാഫത്തിന്റെ അഭാവ മാണെന്നും അതിനെ പുനഃസ്ഥാപി ക്കേണ്ടത് അത്യാവശ്യമാണെന്നും മുസൽമാന്മാരുടെ മത/രാഷ്ട്രീയ പണ്ഡിതന്മാരും ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു.

ഇന്ന് ലോകത്ത് 200 രാഷ്ട്ര ങ്ങളിൽ പതിനായിരക്കണക്കിന് ശാഖകളുള്ള അഹ്മദിയ്യാ ജമാഅത്ത് വിവിധ രംഗങ്ങളിൽ അഹോരാത്രം അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുകയാണ്.

***അൽ ഫദലു മാ ശഹിദത്ത് ബിഹിൽ അഅ്ദാഉ***

ശത്രുക്കളുടെ സാക്ഷ്യത്തിനാണ് പ്രാധാന്യം എന്ന വാക്യമനുസരിച്ച്, അഹ്മദിയ്യാ ജമാഅത്തിന്റെ ശത്രുനിരകളിൽ പ്രധാനികളായ ജമാഅത്തെ ഇസ്‌ലാമിയുടെ ബോധനം മാസിക 16. 7. 1994 ൽ എഴുതുന്നു.

'അമേരിക്കയിൽ ഖാദിയാനി പ്രസ്ഥാനത്തിന് ശക്തമായ വേരുകളുണ്ട്. ന്യൂയോർക്കിലും, വാഷിങ്ങ്ടണിലും സാൻഫ്രാൻസിസ്ക്കോവിലും അത്യാധുനികമായ സൗകര്യങ്ങളോട് കൂടിയ കേന്ദ്രങ്ങളുണ്ട്. അവരുടെ ആസൂത്രിത പദ്ധതികളും കണക്കില്ലാത്ത ആസ്തിയുമാണത്രേ ഖാദിയാനി പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്നത്. യൂറോപ്പ്, ആഫ്രിക്ക തുടങ്ങിയ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഖാദിയാനികൾ പരന്നു കിടക്കുന്നു. 14 മില്യനോളം വരുമത്രേ അവരുടെ ജനസംഖ്യ. ഘാന, നൈജീരിയ, ഐവറി കോസ്റ്റ്, ലൈബീരിയ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിലൊക്കെ ഖാദിയാനികളുടെ സാന്നിദ്ധ്യം വളരെ പ്രകടമാണ്.'

തന്റെ അസ്തിത്വം മുഴുവൻ ജമാഅത്തിന് വേണ്ടി സമർപ്പിച്ച് കാരുണ്യത്താൽ തുടിച്ചു കൊണ്ടിരിക്കുന്ന ഹൃദയമുള്ള ഒരു ഖലീഫ ഖിലാഫത്തിനുണ്ടായിരിക്കും എന്നത് ഖിലാഫത്ത് സംവിധാനത്തിന്റെ നിരവധി ദിവ്യാനുഗ്രഹങ്ങളിലൊന്നാണ്. ഓരോ അഹ്മദിയും ഖിലാഫത്തെന്ന സുശക്തമായ കോട്ടക്കകത്ത് താൻ സുരക്ഷിതനാണെന്ന് ബോധമുള്ളവനാണ്. ഖലീഫയുടെ പ്രാർഥനയുടെ അനുഗ്രഹം അവന് എപ്പോഴും ലഭ്യമാണ്. ഒരു അഹ്മദിയുടെ ദുഃഖങ്ങളും ദുരിതങ്ങളും ഖലീഫയുടെ പ്രാർഥനയിലും സാന്ത്വനത്തിലും അലിഞ്ഞില്ലാതാവുന്നു. ഒരു സംഭവം ഇവിടെ ഉദ്ധരിക്കാം.

*ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഒരു സഹാബി ചൗധരി ഹാക്കിം ദീൻ സാഹിബിന്റെ ഭാര്യക്ക് അസഹ്യമായ പ്രസവവേദനയുണ്ടായി. അദ്ദേഹം രാത്രി 11 മണിക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ ഭവനത്തിൽ ചെന്ന് വിവരം പറഞ്ഞു പ്രാർഥനക്കപേക്ഷിച്ചു. അദ്ദേഹം ഒരു കാരക്ക കൊണ്ടുവന്ന് അതിൽ ദുആ ചെയ്തു ഊതി ചൗധരി സാഹിബിനു കൊടുത്തു. ഇത് ഭാര്യക്ക് കൊടുക്കാൻ പറഞ്ഞു. പ്രസവം കഴിഞ്ഞ് ഉടനെ വിവരമറിയിക്കണമെന്നും നിർദേശിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ തന്നെ സുഖപ്ര സവം നടന്നു. എന്നാൽ രാത്രി കുറേകഴിഞ്ഞതിനാൽ ഹുസൂറിനെ വിളിച്ച് ബുദ്ധിമുട്ടിക്കേണ്ടെന്ന് ചൗധരി സാഹിബ് കരുതി കിടന്നുറങ്ങി. പിറ്റേന്ന് കാലത്ത് ഹുസൂറിനെ വിവരമറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. കുട്ടി ജനിച്ചതിന് ശേഷം താങ്കളും ഭാര്യയും സുഖമായി കിടന്നുറങ്ങി. തക്ക സമയത്ത് എന്നെയും അറിയിച്ചിരുന്നുവെങ്കിൽ എനിക്കും കിടന്നുറങ്ങാമായിരുന്നു, എന്നാൽ ഞാൻ രാത്രിമുഴുവൻ നിങ്ങളുടെ ഭാര്യക്ക് വേണ്ടി ദുആ ചെയ്തു കൊണ്ടിരുന്നു. ചൗധരി ഹാക്കിം ദിൻ സാഹിബ് ഈ സംഭവം വിവരിച്ചുകൊണ്ട് പൊട്ടിക്കരഞ്ഞു. എവിടെ ഒരു സാധാരണ പരിചാരകനായ ഞാൻ! എവിടെ മഹാനായ നൂറുദ്ദീൻ! (അസ്ഹാബെ അഹ്മദ്.പേ. 71,72)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ അരുൾ ചെയ്യുന്നു:

***'സഹോദരന്മാർക്ക് വേണ്ടി എന്റെ ഹൃദയത്തിന്റെ അഗാധതയിൽ ഉള്ള സ്നേഹവും അനുകമ്പയും ഒരു പിതാവിനും തന്റെ മക്കളോടോ ഒരു മകനും തന്റെ പിതാവിനോടോ ഇല്ലാത്ത രീതിയിൽ ഉള്ളതാണ്.' (സവാനിഹ് ഫദ്‌ലെ ഉമർ വാല്യം 5. പേജ് 468)***

വീണ്ടും അദ്ദേഹം അരുൾ ചെയ്യുന്നു:

*'നിങ്ങൾക്കായി ഒരു വ്യക്തി നിങ്ങളുടെ വേദനകൾ ഉൾക്കൊള്ളുന്ന നിങ്ങളോടു ഉളസ്നേഹം വെച്ചു പുലർത്തുന്ന നിങ്ങളുടെ ദു:ഖത്തെ സ്വന്തം ദുഖമായിക്കരുതുന്ന നിങ്ങളുടെ വിഷമത്തെ തന്റെ വിഷമമായിക്കരുതുന്ന നിങ്ങൾക്കായി എന്നെന്നും അല്ലാഹുവിന്റെ തിരു സന്നിധിയിൽ ദുആചെയ്തു കൊണ്ടിരിക്കുന്ന ഒരു വ്യക്തിയുണ്ട്. എന്നാൽ അന്യർക്ക് ഇതില്ല. ആ വ്യക്തിക്ക് നിങ്ങളെക്കുറിച്ചുള്ള വേദനയാൽ. നിങ്ങൾക്കായി ആ വ്യക്തി രാത്രിയുടെ ഏകാന്തതയിൽ ഹൃദയം തുടിച്ച് പ്രാർഥിക്കുന്നു. എന്നാൽ അവർക്ക് ആരും തന്നെയില്ല. ആരുടെയെങ്കിലും ബന്ധുവിന് അസുഖമുണ്ടായാൽ ആ ആൾക്ക് മനസ്സമാധാനമുണ്ടാകുന്നില്ല. എന്നാൽ ആയിരക്കണക്കിനും ലക്ഷക്കണക്കിനും രോഗികളുള്ള ഒരു മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് നിങ്ങൾക്ക് അനുമാനിക്കുവാൻ സാധിക്കുമോ?' (അൻവാറുൽ ഉലൂം- വാല്യം 2, പേജ് 156)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അരുൾ ചെയ്യുന്നു:

'ഞാൻ നിങ്ങളിൽ നിന്നുള്ള നിങ്ങളെപോലെയുള്ള ഒരു മനുഷ്യൻ ആണെന്ന് നിങ്ങൾക്ക് അനുമാനിക്കൻ കൂടിസാധിക്കാത്ത വണ്ണം നിങ്ങളിൽ നിന്നുള്ള ഓരോ ആൾക്ക് വേണ്ടിയും ജമാഅത്തിലെ ഒരോ അംഗത്തിന് വേണ്ടിയും എന്റെ ഹൃദയത്തിൽ അല്ലാഹു സ്നേഹം അങ്കുരിപ്പിച്ചു തന്നിട്ടുണ്ട്. ചിലപ്പോൾ സുജൂദിൽ ഇപ്രകാരം ഞാൻ ദുആ ചെയ്യാറുണ്ട് "അല്ലാഹുവേ, എനിക്ക് ദുആക്ക് വേണ്ടി കത്തെഴുതൻ ആഗ്രഹിക്കുകയും എന്നാൽ ആലസ്യം നിമിത്തം എഴുതാൻ സാധിക്കാതെ വരികയും ചെയ്യുന്നവരുടെ ഉദ്ദേശങ്ങൾ സഫലീകരിച്ച് കൊടുക്കേണ

മേ. അല്ലാഹുവേ ആരാണ് ദുആക്ക് വേണ്ടി എനിക്ക് കത്തെഴുതാത്തത്, കത്തെഴുതണമെന്ന ചിന്ത ഇല്ലാത്തത് അവർക്ക് വല്ല വിഷമവും നേരിടുകയാ ണെങ്കിൽ അത് ദൂരപ്പെടുത്തിക്കൊടുക്കേണമേ. നീ അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കേണമേ!"

വീണ്ടും അദ്ദേഹം പറയുന്നു:

*'ലൗകികമായ നിലയിൽ വ്യക്തിപരമായി സഹോദരന്മാർക്കുണ്ടാകുന്ന വേദനകൾ എന്റെ നെഞ്ചകത്ത് ഒന്നായി ചേർന്നിരിക്കയാണ്. രാത്രി മുഴുവൻ ഒരു നിമിഷം പോലും ഉറങ്ങാതെ നിങ്ങൾക്കായി ഹൃദയം നൊന്തു ദുആ ചെയ്തുകൊണ്ടിരിക്കുന്ന പല രാത്രികളും എനിക്കുണ്ടായിരുന്നു.' (അൽ ഫസൽ, റബ്വ: 12. 12. 1966)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് 4-ാമൻ പറയുന്നു:

*'നിങ്ങളിൽ നിന്ന് ഒരിക്കലും ഹൃദയ വേദനയുണ്ടാക്കുന്ന ഒന്നും തന്നെ എനിക്കെഴുതാതിരിക്കട്ടെ. ഖിലാഫത്തിന്റെ യാഥാർഥ്യം തന്നെ ഇതാകുന്നു. ഒരു ഖലീഫയുടെ ഹൃദയത്തിൽ മുഴുവൻ ജമാഅത്തിന്റെയും ഹൃദയങ്ങൾ തുടിച്ചുകൊണ്ടിരിക്കുന്നു. ഇതേ പ്രകാരം മുഴുവൻ ജമാഅത്തിന്റേയും സന്തോഷം ആ ഹൃദയത്തിൽ ഒന്നായി ചേരുന്നു. എനിക്ക് എപ്പോഴും നിങ്ങളെക്കുറിച്ചുള്ള സന്തോഷവാർത്തകൾ മാത്രം ലഭിക്കുമാറാകട്ടെ. നിങ്ങളിൽ ഒരു വിഷമവും ഉണ്ടാവാതിരിക്കട്ടെ. കാരണം നിങ്ങളുടെ വിഷമം എന്റെ വിഷമമാണ്.' (മശ്അലെ റാഹ്. വാ 3 പേജ്. 687)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് 5-ാമൻ പറയുന്നു:

*ഞാൻ വളരെ പ്രിയത്തോടുകൂടി അറിയിക്കുകയാണ്. എനിക്കും ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ജമാഅ ത്തിനോട് വളരെയധികം സ്നേഹമുണ്ട്. (ഖുത്ബാത്തെ മസ്റൂർ വാ 1 പേ,22)*

തങ്ങളെ ആത്മാർഥമായി സ്നേഹിക്കുന്ന തങ്ങൾക്ക് വേണ്ടി രാത്രി മുഴുവനും ഉറക്കമിളച്ചും പ്രാർഥിച്ചുകൊണ്ടിരിക്കുന്ന ആത്മീയ നേതാവ് തങ്ങളുടെ തലപ്പത്തിരിക്കുന്നുവെന്ന് ബോധമുള്ള അഹ്മദികൾ എത്ര മാത്രം ഭാഗ്യവാന്മാരാണ്! അങ്ങനെ ഓരോ അഹ്മദിക്കും താൻ കാലത്തിന്റെ ഖലീഫയുടെ സ്നേഹ വലയത്തിൽ സുരക്ഷിതരാണെന്ന സുദൃഢ ബോധം ഉണ്ടാകുന്നു. ഇത്തരമൊരു സുരക്ഷിത ബോധം ഇതര സമുദായങ്ങൾക്കോ സംഘടനകൾക്കോ ഇല്ലതന്നെ.

കാലത്തിന്റെ ഖലീഫയോടുള്ള ബന്ധത്തിന്റെയും ചെയ്യേണ്ടുന്ന കർത്തവ്യത്തിന്റേയും പ്രാധാന്യത്തെക്കുറിച്ച് ഹദ്റത്ത് റസൂൽ തിരുമേനി (സ) അരുൾ ചെയ്യുന്നു:

***അല്ലാഹുവിന്റെ ഖലീഫയുടെ സാന്നിദ്ധ്യം ഭൂമിയിൽ നിങ്ങൾ കാണുകയാണെങ്കിൽ അദ്ദേഹവുമായി നിങ്ങൾ സുദൃഢബന്ധം പുലർത്തുക. നിങ്ങളുടെ ശരീരം തുണ്ടം തുണ്ടമാക്കപ്പെടുകയാണെങ്കിലും നിങ്ങളുടെ ധനവും മുതലും കൊള്ളയടിക്കപ്പെടുകയാണെങ്കിലും ശരി. (മുസ്നദ് അഹ്മദ് ഇബ്നു ഹമ്പൽ- ഹദീസ് നമ്പ: 22333)***

വിശ്വാസികളുടെ ജമാഅത്തിന്റെ സ്ഥാപനവും ഒരേ കയ്യിൽ അവരുടെ സുസംഘടിതാവസ്ഥയും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാകുന്നു. ഈ ഏകത്വത്തിൽ ഛിദ്രതയുണ്ടാക്കുകയും അതായത് നിങ്ങൾ ഒരേ കയ്യിൽ ഒന്നിച്ചു ചേരുകയും നിങ്ങൾക്ക് ഒരു അമീർ ഉണ്ടായിരിക്കുകയും ചെയ്യുന്നൊരവസ്ഥയിൽ നിങ്ങൾ നിങ്ങളുടെ ഏകത്വത്തെ വിഛേദിക്കാൻ ശ്രമിക്കുകയും അങ്ങനെ ജമാ അത്തിൽ ഭിന്നതയുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വരുമായി ബന്ധം വെക്കാതിരിക്കുക. അവരുടെ വാക്കുകകൾ മറക്കാതിരിക്കുക (മുസ് ലിം - കിതാബുൽ ഇമാറത്ത്)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് 5-ാമൻ പറയുന്നു.

**'അല്ലാഹു നിങ്ങൾക്ക് ഖിലാഫത്തെന്ന ദിവ്യാനുഗ്രഹം തന്നരുളിയ മാർഗമാണിത്. ഈ ദൈവിക പാശത്തെ മുറുകെ പ്പിടിക്കുക. ഏകത്വവും സംഘടനാ ഭാവവും നിലനിർത്തുന്നതിനായും വിജയപ്രാപ്തിക്കും ഖിലാഫത്തുമായി പരിപൂർണ ബന്ധം വെച്ചു പുലർത്തുക. തലമുറ തലമുറയായി തങ്ങളുടെ സന്തതികളെയും ഈ മഹത്തായ ദിവ്യാനുഗ്രഹവുമായി ബന്ധപ്പെട്ടു കൊണ്ടിരിക്കുവാൻ ബോധവൽക്കരിച്ചുകൊണ്ടിരിക്കുക'** (മശ്അലെ റാഹ് വാ.5 പേ. 32, 33).

അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

## പാശ്ചാത്താപം

യാത്രാമദ്ധ്യേ മരുഭൂമിയിൽ വെച്ച് ഭക്ഷണവും വെള്ളവും ചുമന്നിരുന്ന ഒട്ടകം നിങ്ങളിലൊരാൾക്ക് നഷ്ടപ്പെട്ട് തെരെഞ്ഞു പിടിക്കുന്നതിന്നുള്ള ശ്രമമെല്ലാം പരാജയപ്പെട്ട് ഒരു വൃക്ഷചുവട്ടിലിരിക്കുമ്പോഴതാ ഒട്ടകം അവന്റെ മുന്നിൽ പ്രത്യക്ഷനാവുന്നു. മൂക്കുകയർ പിടിച്ചു അതിരറ്റ് സന്തോഷത്താൽ അവൻ പറഞ്ഞു പോയി. അല്ലാഹുവേ , നീ എന്റെ ദാസനും ഞാൻ നിന്റെ നാഥനുമാണ്. സന്തോഷാധിക്യത്താൽ അദ്ദേഹം പരസ്പരം മാറി പറഞ്ഞു പോയി. അയാളേക്കാൾ ഉപരിയായി തന്റെ ദാസന്റെ പശ്ചാത്താപത്തിൽ സന്തോഷിക്കുന്നവനാണ് അല്ലാഹു.

(മുസ്ലിം)



# ദമ്മാജ് സലഫിസം: മുജാഹിദ് പ്രസ്ഥാന ത്തിന്റെ വിചിത്ര പരിണാമങ്ങൾ!

മുസാഫിർ

കഴിഞ്ഞ ജൂലൈ മാസം 1 ന് ബംഗ്ലാദേശ് തലസ്ഥാനമായ ഡാക്കയിൽ ഒരു ഇന്ത്യക്കാരിയടക്കം 22 പേർ മരിച്ച ഭീകരാക്രണമുണ്ടായി. ആക്രമണത്തിന്റെ ഉത്തരവാദിത്വം ഐ എസ് ഏറ്റെടുക്കുകയുണ്ടായെങ്കിലും ബംഗ്ലാദേശ് ഭരണകൂടം അഭ്യന്തര ഭീകരവാദികളാണ് ആക്രമണം നടത്തിയത് എന്ന നിലപാടിലാണ് ഉറച്ചു നിൽക്കുന്നത്. ബംഗ്ലാദേശിൽ കോടതി വിചാരണ ചെയ്ത് വധശിക്ഷ നൽകിയ ചില മതരാഷ്ട്രീയ കക്ഷികളുടെ പ്രതികാരമായിരിക്കാം ഡാക്ക ആക്രമണമെന്ന് പറയപ്പെടുന്നു. ഡാക്ക ആക്രമണം ഇന്ത്യയിലും വ്യാപകമായി ചർച്ച ചെയ്യപ്പെടുകയുണ്ടായി. മുംബൈ ക്രേന്ദ്രമായി പ്രവർത്തിക്കുന്ന പ്രശസ്ത ഇസ്‌ലാമിക പ്രചാരകനും പീസ് ടിവി മേധാവിയുമായ ഡോ. സാക്കിർ നായിക്കിന്റെ പേരും ഈ ചർച്ചകളിൽ ഉയർന്നു കേൾക്കുകയുണ്ടായി. ഡാക്ക ആക്രമണത്തിൽ പങ്കെടുത്ത ഒരാളുടെ ഫേസ് ബുക്കിൽ കഴിഞ്ഞ വർഷം തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള സാക്കിർ നായിക്കിന്റെ പ്രസംഗം പോസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് ബംഗ്ലാദേശ് പത്രമായ ഡെയിലി സ്റ്റാർ റിപ്പോർട്ട് ചെയ്തതായിരുന്നു ഇതിന് കാരണം. ഡെയിലി സ്റ്റാർ ആ വാർത്ത പിന്നീട് നിഷേധിക്കുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബംഗ്ലാദേശിൽ നിന്നുള്ള ഈ വാർത്തക്ക് ശേഷം, സാക്കിർ നായിക്കിന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ തീവ്രവാദത്തിന്റെ സ്വാധീനമുണ്ടോ എന്ന അന്വേഷണവും മാധ്യമ ചർച്ചയും ദേശീയ തലത്തിലും കേരളത്തിലും വ്യാപകമായ തോതിൽ നടന്നു.

ഈ പശ്ചാത്തലത്തിലാണ് കേരളത്തിലെ കാസർകോഡ് ജില്ലയിലെ പടന്ന, തൃക്കരിപൂർ ഭാഗങ്ങളിൽ നിന്ന് 22 പേർ കാണാതായ സംഭവം റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ക്രിസ്തുമതത്തിൽ നിന്ന് ഇസ്‌ലാമിലേക്ക് മതം മാറിയ ആറു പേരടക്കമുള്ള കാണാതായവർ ഐ എസിൽ ചേരാനാണോ അതല്ല മറ്റു വല്ല മതപരമായ പ്രചോദനത്താലാണോ നാട്ടിൽ നിന്ന് അപ്രത്യക്ഷരായതെന്ന അന്വേഷണവും ചർച്ചയും വൻ തോതിൽ നടക്കുകയുണ്ടായി. അപ്രത്യക്ഷരായ ചിലർ സലഫിസത്തിന്റെ പുതിയ വകഭേദമായ ദമ്മാജ് സലഫിസത്തിൽ ചേരാൻ യമനിലേക്ക് പോയതായി പുതിയ വിവരങ്ങൾ പുറത്ത് വന്നത് കൂടാതെ ദമ്മാജ് സലഫിസത്തെ പറ്റിയുള്ള പല വിചിത്ര കഥകളും അപ്പോഴാണ് അറിയുന്നത്. യമനിലേക്ക് ഹിജ്റ പോയവരിൽ ഡോക്ടർമാർ, എഞ്ചിനീയർമാർ, കമ്പ്യൂട്ടർ വിദഗ്ധർ മുതലായ പ്രൊഫഷനൽ ഡിഗ്രിയുള്ള ചെറുപ്പക്കാർ വരെ ഉണ്ടായിരുന്നു. കലർപ്പില്ലാത്ത പ്രാക്തന വിശുദ്ധമായ ഇസ്‌ലാമിക ജീവിതം നയിക്കാനാണത്രെ ഇവരിൽ പലരും യമനിലേക്ക് പലായനം ചെയ്യുന്നത്.

എന്താണ് ദമ്മാജ് സലഫിസം? യമനിലെ വടക്ക് പടിഞ്ഞാറുള്ള സഅ്ദാ പ്രവിശ്യയിലെ ഒരു ചെറുപട്ടണമാണ് ദമ്മാജ്. ആ ദമ്മാജ് പട്ടണം കേന്ദ്രീകരിച്ച് 1980 കളിൽ രൂപം കൊണ്ട തീവ്ര സ്വഭാവമുള്ള ഒരു സലഫി ധാരയാണ് ദമ്മാജ് സലഫിസം. 1937 ൽ യമനിലെ സഅ്ദ പട്ടണത്തിൽ ജനിച്ച മുഖ്ബിലുബ്നു ഹാദി അൽ വാദിഈയാണ് ദമ്മാജ് സലഫിസത്തിന്റെ സ്ഥാപകൻ. യമനിൽ പ്രാഥമിക മതവിദ്യാഭ്യാസം നേടിയ ഹാദി അൽവാദി പിന്നീട് സഊദി അറേബ്യയിലാണ് മതപഠനം പൂർത്തിയാക്കിയത്. പ്രശസ്ത ഹദീസ് പണ്ഡിതൻ മുഹമ്മദ് നസിറുദ്ദീൻ അൽബാനിയുടെയും

സഊദി ഗ്രാന്റ് മുഫ്തി ഇബ്നുബാസിന്റെയും കീഴിൽ ഹദീസ് പഠനവും മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദവും മുഖ്ബിലുബ്നു ഹാദി കരസ്ഥമാക്കി. അവിടെവെച്ച് വഹാബിസത്തിന്റെ തീവ്ര അനുഷ്ഠാനത്തിലധിഷ്ഠിതവും ശിർക്ക് എന്ന് പറയുന്ന സകലതിനോടും സംഹാരാത്മക വിദ്വേഷം വെച്ചുപുലർത്തുന്നതുമായ വഹാബിസത്തിൽ അദ്ദേഹം ആകൃഷ്ടനായി. 1979 ൽ മക്കയിലെ മസ്ജിദുൽ ഹറാമിൽ ജുഹൈമാൻ അൽ ഉതൈബിയുടെ നേതൃത്വത്തിൽ സ്ഫോടനവും അക്രമണവും നടത്തുകയുണ്ടായി. ഈ അക്രമണത്തിന്ന് മുഖ്ബിലുബ്നു ഹാദിയുടെ സഹായമുണ്ടായിരുന്നുവെന്ന കാരണം പറഞ്ഞ് സഊദി ഭരണകൂടം അദ്ദേഹത്തെ ജയിലിലടച്ചു. ജയിൽ മോചിതനായ മുഖ്ബിൽ യമനിൽ തിരിച്ചെത്തി. യമനിലെ ദമ്മാജ് കേന്ദ്രമാക്കി 1980 ൽ ദാറുൽ ഹദീസ് എന്ന മത പാഠശാല സ്ഥാപിക്കുകയും ചെയ്തു. ഈ മദ്രസ്സയാണ് ദമ്മാജ് സലഫിസത്തിന്റെ ആഗോള കേന്ദ്രം. 2000 ലാണ് മുഖ്ബിലുബ്നു ഹാദി മരിക്കുന്നത്. ദമ്മാജിലെ ഈ മത പഠന കേന്ദ്രത്തിൽ കലർപില്ലാത്ത തീവ്ര ഇസ്‌ലാമിക ജീവിതം നയിക്കാനും പഠിക്കാനും വേണ്ടി ബ്രിട്ടൻ, അമേരിക്ക, ഈജിപ്ത്, സിറിയ, കുവൈത്ത്, സഊദി അറേബ്യ, ഇൻഡോനേഷ്യ മുതലായ രാജ്യങ്ങളിൽ നിന്നും ഇതേ ആശയത്താൽ പ്രചോദിതരായ ആളുകൾ ദമ്മാജിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തിലെ ഒരു വിഭാഗത്തിൽപെട്ട ചിലയാളുകൾ ഒരു പതിറ്റാണ്ട് കാലമായി ദമ്മാജിലേക്ക് ഇസ്‌ലാമിക ജീവിതം നയിക്കാൻ വേണ്ടി ഹിജ്റ ചെയ്തുകൊണ്ടിരിക്കുന്നു.

തീവ്രവഹാബിസത്തിന്റെ അക്ഷരത്തിൽ തൂങ്ങിയുള്ളതും ഹദീസിന് പ്രാമുഖ്യമുള്ളതുമായ വ്യാഖ്യാന ശൈലിയാണ് ദമ്മാജ് സലഫിസത്തിന്റെ പ്രത്യേകത. 1990 മുതൽ മുജാഹിദ് സംഘടനക്കകത്ത് തുടരെതുടരെ പിളർപ്പുകൾ ഉണ്ടായപ്പോൾ ആത്മാർഥമായി മുജാഹിദ് പ്രസ്ഥാനത്തിൽ പ്രവർത്തിച്ച നിരവധി യുവാക്കളെ അത് തീർത്തും നിരാശപ്പെടുത്തുകയുണ്ടായി. പിളർന്ന മുജാഹിദു ഗ്രൂപ്പുകൾ തമ്മിലുള്ള ചളിവാരിയെറിയലും പരസ്പരമുള്ള വിദ്വേഷ പ്രസംഗങ്ങളും ഈ സംഘടനയെ സംബന്ധിച്ച് അവർ വെച്ചുപുലർത്തിയിരുന്ന എല്ലാ പ്രതീക്ഷകളെയും തകർത്തുകളയുന്നതായിരുന്നു. വ്യക്തമായ യാതൊരു ആദർശ വ്യത്യാസവുമില്ലാത്ത ഈ പിളർപ്പ് പണ്ഡിതന്മാരുടെ ഈഗോ പ്രശ്നമാണെന്നാണ് യുവാക്കൾ വിലയിരുത്തിയതെങ്കിൽ അവരെ തെറ്റുപറഞ്ഞുകൂടാ. അങ്ങനെയാണ് മുജാഹിദ് യുവാക്കൾ പല വിധ വിശ്വാസ വികൽപ്പങ്ങളിലേക്കും വഴിമാറിപ്പോകാൻ ഇട വന്നതെന്ന് വിലയിരുത്തപ്പെടുന്നു.

അതിൽ ഒരു കക്ഷി അവരുടെ അതിവിചിത്രമായ സലഫി വിശ്വാസങ്ങൾ കൊണ്ട് ജിന്ന് വിഭാഗം എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. അവരാണ് കേരളത്തിൽ ദമ്മാജ് സലഫിസത്തിന്റെ വക്താക്കളായി അറിയപ്പെടുന്നത്. സംഘടന പാടില്ല എന്നത് അവരുടെ ഒരു വാദമാണ്. സംഘടന എന്നത് ഒരു പുത്തൻ സമ്പ്രദായമാണെന്നും ഖിലാഫത്താണ് വേണ്ടതെന്നുമുള്ള ചിന്തയിൽ നിന്നും ചിലർ സംഘടനയെ എതിർക്കുകയും ആദ്യകാലങ്ങളിൽ ഐ എസ്സിന്റെ ഖിലാഫത്തിന് അനുകൂലമായ ഒരു നിലപാട് സ്വീകരിക്കുകയും ചെയ്തു. തന്റെ സമുദായം 73 കക്ഷികളായി പിരിയുമെന്നും ഒന്നൊഴികെ എല്ലാം നരകത്തിലാകും എന്ന ഹദീസിന്റെ അടിസ്ഥാനത്തിൽ പിളർന്ന മുജാഹിദ് പ്രസ്ഥാനത്തിലെ എല്ലാ ഗ്രൂപ്പുകളുമായും ഈ ചെറുപ്പക്കാർ ബന്ധം വിഛേദിച്ചവരാണ്. കക്ഷികളുമായുള്ള ബന്ധവിഛേദനത്തിന് ആസ്പദമായ മറ്റൊരു ഹദീസ് ഇപ്രകാരമാണ്. ഹുദൈഫത്ത്ബ്നുൽ യമാൻ (റ) നിവേദനം ചെയ്യുന്നു.... നീ ജമാഅത്തുൽ മുസ്‌ലിമിനേയും അവരുടെ ഇമാമിനെയും മുറുകെ പിടിക്കുക. ഞാൻ ചോദിച്ചു. അവർക്കന്ന് ജമാഅത്തും ഇമാമും ഇല്ലെങ്കിലോ? നബി(സ) പറഞ്ഞു: നീ എല്ലാ കക്ഷികളിൽ നിന്നും ബന്ധം വിഛേദിക്കുക. അങ്ങനെ ഒരു മരത്തിന്റെ വേര് കടിച്ചു പിടിച്ച് നിനക്ക് മരണം സംഭവിക്കുന്നതെങ്കിൽ നിനക്ക് അതാണ് അഭികാമ്യം. (ബുഖാരി വാല്യം 3 പേ 1112) നിരാശരും ദുഃഖിതരുമായ സലഫികളുടെ യമനിലേക്കുള്ള തീർഥയാത്രക്ക് മറ്റുചില

റസൂൽ തിരുമേനി(സ) യുടെ കാലത്തുണ്ടായിരുന്ന ആ പൗരാണിക സാമൂഹ്യ ജീവിത സാഹചര്യം പുനസൃഷ്ടിക്കണമെന്നാണ് ദമ്മാജ് സലഫികളുടെ മറ്റൊരു വിചിത്ര വാദം. റസൂൽ തിരുമേനി (സ) ആടിനെ വളർത്തിയത് കൊണ്ട് നാമും ആടിനെ വളർത്തണമെന്നും ആടു മേച്ച് ജീവിതായോധനം നടത്തണമെന്നും നബി (സ) മരുഭൂമിയിൽ ജീവിക്കുകയും ഗുഹക്കകത്ത് ഒറ്റപ്പെട്ട് കഴിയുകയും ചെയ്തതിനാൽ അപ്രകാരം ജീവിക്കലാണ് അഭികാമ്യമെന്നും ഇക്കൂട്ടർ വാദിക്കുന്നു.

ഹദീസുകളും പ്രചോദനമായിട്ടുണ്ട്. ***യമൻകാർ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. അവർ നിർമല ഹൃദയരും ലോല മനസ്കരുമാണ്. ഈമാൻ യമനിലാണ്, ഹിക്മത്ത് യമനിലാണ്. അഹങ്കാരവും പൊങ്ങച്ചവും ഒട്ടകക്കാരിലാണ്. ശാന്തിയും ഭക്തിയും ആടിന്റെ നാട്ടുകാരിലാണ്.*** യമനികൾക്കാണ് യഥാർഥ ഈമാൻ എന്ന രീതിയിൽ യമനെപറ്റിയുള്ള ഹദീസുകളാണ് ഈ വിഭാഗം സലഫികളിൽ യമൻ ഭക്തി വളർത്തുന്നത്. ഇത്തരം ആശയങ്ങളും പ്രത്യേകമായ ഒരു ആത്മീയ ഉന്മാദാവസ്ഥയുമാണ് യമനിലേക്കുള്ള സലഫികളുടെ പലായനത്തിനുള്ള പ്രചോദനമായി വർത്തിക്കുന്നത് എന്ന് ചൂണ്ടികാണിക്കപ്പെടുന്നു.

ജിന്നിനെപറ്റി വിശുദ്ധ ഖുർആനിലും ഹദീസുകളിലും കാണുന്ന പ്രതിപാദനങ്ങൾ അക്ഷരങ്ങളിൽ പിടിച്ച് ബാഹ്യമായി വ്യാഖ്യാനിച്ച് ഇവർ തീവ്രമായ അന്ധവിശ്വാസങ്ങളിൽ അഭിരമിക്കുകയാണ്. മനുഷ്യന് ജിന്നിന്റെ സേവ പിടിക്കാൻ കഴിയുമെന്നും അപകടത്തിൽ പെടുമ്പോൾ രക്ഷിക്കാൻ ജിന്ന് ഹാജരാകുമെന്നും വിജന പ്രദേശങ്ങളിൽ നിന്ന് ജിന്നിനെ വിളിച്ചാൽ അവർ വിളികേട്ട് വരുമെന്നും ഒരു കെട്ടിടത്തിന് തീപിടിച്ചാൽ മനുഷ്യൻ മരിക്കുന്നതുപേലെ ജിന്നും അതിൽ വെന്തു മരിക്കുമെന്നും കല്ലെടുത്തെറിഞ്ഞാലും തെങ്ങിൽ കയറി തേങ്ങയിട്ടാലും അത് ജിന്നിന്റെ തലക്ക് കൊണ്ട് പരിക്ക് പറ്റാൻ സാദ്ധ്യതയുണ്ടെന്നും അങ്ങനെ പരിക്ക് പറ്റിയ ജിന്ന് നിങ്ങളെ ഉപദ്രവിച്ചേക്കുമെന്നും ജിന്ന് വിഭാഗം മുജാഹിദ് പണ്ഡിതന്മാർ പറയുന്നു. ജിന്നിൽ നല്ല ജിന്നും ചീത്ത ജിന്നുമുണ്ട്. നാം ജിന്നിനെ സഹായിച്ചാൽ ജിന്ന് നമ്മേയും സഹായിക്കും, ശൂന്യതയിൽ നിന്നു അദൃശ്യവസ്തുക്കൾ എടുത്ത് കൊണ്ട്വരും, ഞൊടിയിടക്കുള്ളിൽ ചിലകാര്യങ്ങൾ ജിന്ന് സേവയിലൂടെ സാധിക്കും എന്നൊക്കെയുള്ള അന്ധവിശ്വസങ്ങളാണ് ജിന്ന് വിഭാഗം പുലർത്തുന്നത്.

വിദ്യാർഥി യുവജനങ്ങളിൽ ഈ തീവ്ര അന്ധവിശ്വസം ഉന്മാദാവസ്ഥ പ്രാപിച്ച് ഒരു മാനസിക രോഗമായി വ്യാപിക്കുന്നു എന്നത് മുജാഹിദ് പ്രസ്ഥാനം ഇന്ന് നേരിടുന്ന പുതിയ വെല്ലുവിളിയാണ്. സഊദിയിൽ കറൻസിയിൽ രാജാവിന്റെ ഫോട്ടോ ഉള്ളതിനാൽ കറൻസി ഉപയോഗിച്ച് അവിടെ ചില ജിന്ന് ദമ്മാജി സലഫികൾ പണമിടപാട് നടത്താറില്ലത്രേ! അതിന് പകരം രാജാവിന്റെ ചിത്രമില്ലാത്ത നാണയത്തിൽ പണമിടപാടുകൾ നടത്താൻ വലിയ തുകക്കുള്ളത്ര വലിയ നാണയ ചാക്കുകളുമായി നടക്കുന്ന ചില തീവ വാദ സലഫികളുമുണ്ടത്രെ!!

റസൂൽ തിരുമേനി(സ) യുടെ കാലത്തുണ്ടായിരുന്ന ആ പൗരാണിക സാമൂഹ്യ ജീവിത സാഹചര്യം പുനസൃഷ്ടിക്കണമെന്നാണ് ദമ്മാജ് സലഫികളുടെ മറ്റൊരു വിചിത്ര വാദം. റസൂൽ തിരുമേനി (സ) ആടിനെ വളർത്തിയത് കൊണ്ട് നാമും ആടിനെ വളർത്തണമെന്നും ആടു മേച്ച് ജീവിതായോധനം നടത്തണമെന്നും നബി (സ) മരുഭൂമിയിൽ ജീവിക്കുകയും ഗുഹക്കകത്ത് ഒറ്റപ്പെട്ട് കഴിയുകയും ചെയ്തതിനാൽ അപ്രകാരം ജീവിക്കലാണ് അഭികാമ്യമെന്നും ഇക്കൂട്ടർ വാദിക്കുന്നു. നബി (സ) ആടു മേച്ചിരുന്നു എന്നതിലെ പുണ്യം കരസ്ഥമാക്കാൻ, ദമ്മാജ് സലഫിസത്തിൽ ആകൃഷ്ടരായ കേരളത്തിലെ ചില മുജാഹിദ് പണ്ഡിതന്മാർ 2007ൽ നിലമ്പൂരിൽ അത്തിക്കാട് എന്ന സ്ഥലത്ത് കുറെ ഭൂമിവാങ്ങി ആടു മേച്ച് ജീവിതമാരംഭിക്കാൻ 18 കുടുംബങ്ങളുമായി യമനിലെ ദമ്മാജിലെ മദ്രസ്സാ ഗ്രാമം പോലെ ഒരു ഇസ്ലാമിക സലഫി ആശ്രമം സ്ഥാപിച്ചതായി റിപ്പോർട്ടുണ്ടായിരുന്നു. നബി(സ) യുടെ ഔഷധ പ്രയോഗങ്ങളിൽ ഉൾപ്പെട്ടതും യമനികളിൽ പ്രചാരമുള്ളതുമായ കരിംജീരകത്തിന്റെ ഒറ്റമൂലി ചികിത്സയും ആരംഭിച്ചിരുന്നു. സംഗീതം കേൾക്കൽ തികച്ചും വർജ്യമായതിനാൽ അതിനുള്ള എല്ലാസാദ്ധ്യതകളുടെയും പഴുതടച്ചുള്ളതായിരുന്നു ഈ സലഫി ഗ്രാമം. സ്ത്രീ ടീച്ചർമാർ പഠിപ്പിക്കുമെന്നതിനാൽ സ്കൂൾ വിദ്യാഭ്യാസം കുട്ടികൾക്ക് നിഷേധിച്ചിരുന്നു. നബി(സ) യുടെ ഭക്ഷണം, വസ്ത്രം, താടി, ആയിശ(റ)യെ വിവാഹം ചെയ്ത പ്രായം തുടങ്ങി എല്ലാറ്റിനേയും അതേപടി അനുകരിക്കലാണ് യഥാർഥ സുന്നത്ത് എന്നാണ് ദമ്മാജ് സലഫികളുടെ മറ്റൊരു വാദം. സ്ത്രീകൾ എന്ന് കേട്ടാൽ ഇവർക്ക് ഒരു തരം ഹാലിളക്കമാണ്. പരസ്ത്രീ ദർശനവും കൊടിയ പാപമാണെന്നും സ്ത്രീകൾക്ക് നേരെയുള്ള ദുർനോട്ടവും അതു വഴി പ്രണയവും വരാൻ സാദ്ധ്യതയുണ്ട് എന്നതിനാൽ പലായനം ചെയ്ത് സ്ത്രീ സാന്നിദ്ധ്യമില്ലാത്ത വിജനതകളിൽ താമസിക്കണമെന്നും ഇവർ ശഠിക്കുന്നു. കാർക്കശ്യത്തോടെയുള്ള ജീവിതവും അസഹിഷ്ണുതയും ശിർക്ക് എന്ന് പറഞ്ഞ് കൊണ്ട് തൗഹിദിന് വിരുദ്ധമായി അവർ കാണുന്നതിനോടെല്ലാം കഠിന വിദ്വേഷമാണ് ഈ സലഫിസം സൃഷ്ടിക്കുന്നത്. ഇത്തരം ജീവിത വീക്ഷണം ഉണ്ടാക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളും ജീവിത പ്രയാസങ്ങളും മറ്റുള്ളവരിൽ ഉണ്ടാക്കുന്ന അരോചകാവസ്ഥയും സർവോപരി അത് ഇസ്ലാമിനുണ്ടാക്കുന്ന ദുഷ്പേരും ഒന്നുംതന്നെ അവർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. നാട്ടുകാരിൽ നിന്നുള്ള സഹകരണമില്ലായ്മയും പോലീസിന്റെ സംശയത്തോടെയുള്ള നിരീക്ഷണങ്ങളും ആഭ്യന്തര വഴക്കും നിലമ്പൂരിലെ സലഫി ആശ്രമ പരീക്ഷണം ഒരു പരാജയമായി

കലാശിക്കുകയായിരുന്നു. നിഷക്കളങ്കമായി ഇസ്‌ലാമിനെ സ്നേഹിക്കുന്ന മുജാഹിദ് സഹോദരന്മാരുടെ വേദനയും നിരാശയും നമുക്ക് മനസ്സിലാക്കാം. മുസ്‌ലിം സമൂഹം നിസ്സഹായാവസ്ഥയിൽ അത്രമാത്രം പ്രശ്ന സങ്കീർണതകളിലൂടെയാണ് കടന്നുപോകുന്നത്.

വാസ്തവത്തിൽ അവസാന കാലത്ത് ഇസ്‌ലാമിക വിശ്വാസത്തിനും മുസ്‌ലിം സമൂഹത്തിനും സംഭവിക്കുന്ന നാശത്തെ സംബന്ധിച്ചും വ്യതിയാനങ്ങളെ പറ്റിയും അപഥ സഞ്ചാരങ്ങളെ സംബന്ധിച്ചും റസൂൽ തിരുമേനി (സ) പ്രവചിച്ചതാണ്. പാശ്ചാത്യ നാഗരികതയുടെ (ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ്) കടന്നാക്രമണം, കക്ഷി പ്രതികക്ഷികളായി വിഭാഗീയമായ പോരാട്ടങ്ങൾ, മലവെള്ളത്തിലെ ചണ്ടികൾ പോലെയുള്ള മുസ്‌ലിംകളുടെ ശക്തിക്ഷയം, ദുനിയാവിനോടുള്ള ആസക്തി, ഭക്തിശൂന്യമായ പള്ളികളുടെ അലങ്കാരങ്ങൾ, റമദാൻ മാസത്തിലെ സൂര്യ ചന്ദ്ര ഗ്രഹണം മുതലായ നിരവധി പ്രവചനങ്ങൾ അത്ഭുതകരമായ സൂക്ഷ്മതയോടെയും കണിശതയോടെയും പുലർന്നിരിക്കുന്നു. ഭീകരവും ഭയാനകവും പരമ ദയനീയവുമായ രൂപത്തിൽ അതെല്ലാം മുസ്‌ലിം സമുദായത്തിൽ അരങ്ങേറുന്ന കാഴ്ച്ചകളാണ് നാം ലോകത്ത് കണ്ടുകൊണ്ടിരിക്കുന്നത്. വിനാശങ്ങളെക്കുറിച്ചു പ്രവചിച്ച റസൂൽ തിരുമേനി (സ) തന്റെ ജീവന്റെ ജീവനായ മുസ്‌ലിം സമുദായത്തിന്റെ മോചനത്തിനായി നൽകിയ ഒരേയൊരു ദൈവിക പരിഹാരത്തെക്കുറിച്ചുള്ള സുവിശേഷവും നാം വിസ്മരിക്കരുത്. എല്ലാ മുസ്‌ലിം കക്ഷികൾക്കും പ്രസ്ഥാനങ്ങൾക്കും ഹൃദിസ്ഥമായ റസൂൽ തിരുമേനി (സ) യുടെ ആ പരിഹാര സുവിശേഷം ഇമാം മഹ്ദിയുടേയും മസീഹിന്റെയും ആഗമനമാണ്. നൂറ്റാണ്ടുകളായി മുസ്‌ലിം ലോകം ആ ദിവ്യാത്മാവിന്റെ വരവ് ഒരു പെരുന്നാളായി ആഘോഷിക്കാൻ പ്രതീക്ഷിച്ചിരുന്നതാണ്. ആ മഹാ പ്രവചനവും വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) നെ അയച്ചു കൊണ്ട് അല്ലാഹു നിറവേറ്റിയിരിക്കുന്നു. അദ്ദേഹം സ്ഥാപിച്ച അഹ്മദിയ്യാ ഖിലാഫത്ത് വ്യവസ്ഥയിലൂടെയല്ലാതെ മുസ്‌ലിംകൾക്ക് മറ്റൊരു മോചന മാർഗവുമില്ല എന്നത് അല്ലാഹു വിധിച്ച കാര്യമാണ്. ആസന്നമായ ശിക്ഷയിൽ നിന്ന് സമൂഹങ്ങളെ രക്ഷിക്കാൻ അല്ലാഹു അയക്കുന്ന ദിവ്യാത്മാക്കളെ ലോകം ആദ്യം നിഷേധിക്കുകയാണ് പതിവ്. അങ്ങനെ നിഷേധികളായ സമൂഹങ്ങളുടെ കഥകളും അവർക്ക് മേൽ പതിച്ച ശിക്ഷകളും അവർ അകപ്പെട്ട പരീക്ഷണങ്ങളുടെ ചരിത്ര വിവരണങ്ങളുമാണ് വിശുദ്ധ ഖുർആൻ നിറയെ. എന്നിട്ടും മുസ്‌ലിം ബഹുഭൂരിപക്ഷം ഈ തെറ്റ് ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. നമുക്ക് തൊട്ട് മുമ്പ് വന്ന ബനി ഇസ്രയേൽ മസീഹ് ഹദ്റത്ത് ഈസാ നബി(അ) യുടെ ചരിത്രത്തിന്റെ ആവർത്തനം തന്നെയാണിത്. നൂറ്റാണ്ടുകളായി ബനീഇസ്രയേൽ സമുദായം മസീഹിന്റെ വരവും കാത്തിരുന്നു. നിറം പിടിപ്പിച്ച വ്യാജ പ്രതീക്ഷകൾ മസീഹിന്റെ നിരാകരണത്തിലേക്കും ശപ്തമായ നാശത്തിലേക്കുമാണ് അവരെ കൊണ്ടുപോയത്. അധികാരശക്തിയുള്ള രാജാവായി മസീഹ് വരുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. അദ്ദേഹം വിനയാന്വിതനായി ദരിദ്ര വേഷത്തിൽ പരിവേഷങ്ങളില്ലാതെ വന്നുനിന്നപ്പോൾ ഇസ്രയേൽ സമൂഹം അദ്ദേഹത്തെ നിഷ്ക്കരുണം നിരാകരിക്കുകയും ഭൽസിക്കുകയും ചെയ്തു. അല്ലാഹു മുസ്‌ലിംകൾക്കും ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനുമായി അയച്ച വാഗ്ദത്ത മസീഹിനെ നിഷേധിച്ചുകൊണ്ട് ഈ തെറ്റ് മുസ്‌ലിം സമുദായവും ആവർത്തിക്കുകയാണ്. അയുക്തികവും അപ്രായോഗികവുമായ വിശ്വാസങ്ങൾ ചമച്ച് അവർ മസീഹിന്റെ ആകാശത്ത്നിന്നുള്ള വരവ് കാത്തിരിക്കുന്നു. മുസ്‌ലിം സമുദായം നാനാ ഭാഗത്തുനിന്നും അകപെട്ട ഈ ഭയാനകമായ പരീക്ഷണാവസ്ഥയിലും അല്ലാഹു നൽകിയ ഈ വാഗ്ദാനം പുലർന്നുവോ എന്ന് പരിശോധിക്കാൻ മുസ്‌ലിംകൾ പ്രത്യേകിച്ച് യുവാക്കൾ ഇനിയെങ്കിലും തയ്യാറാകണം. നിങ്ങളെ നിയന്ത്രിക്കുന്ന പണ്ഡിതന്മാരുടെ വാക്കുകളെക്കാൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റേയും വാക്കുകൾക്ക് വിലകൽപ്പിച്ച് കൊണ്ട് വിശുദ്ധ ഖുർആൻ, ഹദീസ് എന്നീ എല്ലാ ഇസ്‌ലാമിക പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ ഈ സത്യം നിഷ്പക്ഷമായി നിങ്ങൾ പരിശോധിക്കാൻ തയ്യാറാവുക. തീർച്ചയായും നിങ്ങളുടെ ഇസ്‌ലാമിക പ്രതീക്ഷകൾക്കുള്ള പരിഹാരം അഹ്മദിയ്യാ ഖിലാഫത്താണെന്ന് കണ്ടെത്തും. എത്രയും വേഗം ആ സത്യം തിരിച്ചറിയാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. ●

ആസന്നമായ ശിക്ഷയിൽ നിന്ന് സമൂഹങ്ങളെ രക്ഷിക്കാൻ അല്ലാഹു അയക്കുന്ന ദിവ്യാത്മാക്കളെ ലോകം ആദ്യം നിഷേധിക്കുകയാണ് പതിവ്. അങ്ങനെ നിഷേധികളായ സമൂഹങ്ങളുടെ കഥകളും അവർക്ക് മേൽ പതിച്ച ശിക്ഷകളും അവർ അകപ്പെട്ട പരീക്ഷണങ്ങ ളുടെ ചരിത്ര വിവരണങ്ങളുമാണ് വിശുദ്ധ ഖുർആൻ നിറയെ. എന്നിട്ടും മുസ്‌ലിം ബഹുഭൂരിപക്ഷം ഈ തെറ്റ് ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

**അനുസ്മരണം: –**



## ചെട്ടിയാൻ തൊടി ഹംസ സാഹിബ്

അലനല്ലൂർ ജമാഅത്ത് അംഗമായിരുന്ന സി. ഹംസ സാഹിബ് (85) 25. 7. 2016 ന് വഫാത്തായി. (ഇന്നാലില്ലാഹി..) അലനല്ലൂർ ജമാഅത്ത് പ്രസിഡന്റായിരുന്ന സി. മുഹമ്മദ് സാഹിബിന്റെ സഹോദരനാണ്. അലനല്ലൂരിലെ കുലീന കുടുംബാംഗമായ ഹംസ സാഹിബ് 1945 ലാണ് ജമാത്തിൽ പ്രവേശിച്ചത്.

കണ്ണിമേൽ ഫാത്തിമയാണ് ഭാര്യ. തിരുവനന്തപുരം ജമാഅത്ത് മുൻ പ്രസിഡന്റ് ഇപ്പോഴത്തെ വൈസ് പ്രസിഡന്റുമായ മുഹമ്മദ് നിസാർ, മുഹമ്മദ് സഫറുല്ലാഹ്, മുഹമ്മദ് ഹിദായത്തുല്ലാഹ് എന്നിവർ മക്കളാണ്. ഷാഹിദ്, സമീന, റുക്സാന, എന്നിവർ മരുമക്കളുമാണ്. പരേതയായ ആദ്യഭാര്യ ആയിശയിൽ മുഹമ്മദ് ബശീർ, സുഹറ, സുബൈദ, റഹ്മത്ത്, അബൂബക്കർ എന്നിവർ മക്കളും. കാനിത, അബ്ദുസ്സലാം, അബൂബക്കർ, കോയക്കുട്ടി, സറീജ മരുമക്കളുമാണ്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ)

## മർഹൂമ ടി. സൈനബ സാഹിബ

ചേലക്കര ജമാഅത്തിലെ ഒന്നാമത്തെ അഹ്മദിയായ മർഹും മൗലവി ടി. ഹസ്സൻകുട്ടി സാഹിബിന്റെ പുത്രിയും മർഹും സി. അബുസാഹിബിന്റെ സഹധർമിണിയുമായ ടി. സൈനബ സാഹിബ 28.04.2016 ന് 68–ാം വയസ്സിൽ വഫാത്തായി. (ഇന്നാലില്ലാഹി...)
എല്ലാവരെയും സഹായിക്കുന്നതിലും എപ്പോഴും സന്നദ്ധസേവനം ചെയ്യുന്നതിലും അതീവ തത്പരയായ ഒരു മാതൃകാ ലജ്ന പ്രവർത്തകയായിരുന്നു പരേത.
മക്കൾ: സി. നാസിർ അഹ്മദ് (ചേലക്കര ജമാഅത്ത് മുൻ പ്രസിഡന്റ്), സി. ഖദീജ. മരുമക്കൾ: കെ.പി. ബശീർ അഹ്മദ്, സൈഫുന്നിസാ (ബേബി). മൗലവി ടി.എം. മുഹമ്മദ് സാഹിബ് സഹോദരങ്ങളിൽ ഒരാളാണ്. അല്ലാഹു പരേതയ്ക്ക് മഗ്ഫിറത്തും ജന്നത്തും നൽകുമാറാകട്ടെ. ആമീൻ.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എറണാകുളം ജില്ല സംഘടിപ്പിച്ച ഈദ് മിലൻ പരിപാടി ശ്രീ. പി.ടി. തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കോഴിക്കോട് ജില്ല സംഘടിപ്പിച്ച ഈദ് മിലൻ പരിപാടി ശ്രീ. പി.ടി.എ. റഹീം എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മലപ്പുറം ജില്ല സംഘടിപ്പിച്ച ഈദ് മിലൻ പരിപാടി ശ്രീ. പാലോളി മുഹമ്മദ് കുട്ടി ഉദ്ഘാടനം ചെയ്യുന്നു.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പാലക്കാട് ജില്ല സംഘടിപ്പിച്ച ഈദ് മിലൻ പരിപാടി ശ്രീ. എം.ബി. രാജേഷ് എം.പി ഉദ്ഘാടനം ചെയ്യുന്നു.

**Published on 7 August 2016**
Pages 44
Vol: 88 Issue. **8**
Price Rs. **30/-**
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment

**The Sathyadoothan Monthly**



mta INTERNATIONAL

# MUSLIM TELEVISION AHMADIYYA INTERNATIONAL



www.mta.tv

www.youtube.com/mtaonline1

www.alislam.org

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** **Toll Free (9 am to 9 pm)**